# മാനന്തവാടി രൂപതാ ബുള്ളറ്റിന്‍

"ദൈവത്തോട് ചേര്‍ന്നു നില്‍ക്കുവിന്‍;
അവിടുന്ന് നിങ്ങളോടും
ചേര്‍ന്നു നില്‍ക്കും" (യാക്കോബ് ൪:൮)

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 08 ജനുവരി–2017 ലക്കം 1**

| | |
|---|---|
| ഒറ്റപ്രതി 10 രൂപ | വാര്‍ഷിക വരിസംഖ്യ 120 രൂപ |

## ഉള്ളടക്കം

സർക്കുലർ .................................................. 05
വിജ്ഞാപനം .................................................. 10
മാർപാപ്പായുടെ സന്ദേശം .................................. 13
ക്രൈസ്തവരുടെ ഐക്യത്തിനായുള്ള
പ്രാർത്ഥനാവാരം .................................................. 21
രൂപതാകച്ചേരി വാർത്തകൾ ................................. 34
വൈദികരുടെ മാസധ്യാനം ................................. 35
ബൈബിൾ അപ്പോസ്തലേറ്റ് ................................. 37
മതബോധനരംഗം .................................................. 38
ചെറുപുഷ്പമിഷൻലീഗ് ........................................ 42
*Department of Youth Ministry* ............................ 50
കെ.സി.വൈ.എം. .................................................. 51
കുടുംബപ്രേഷിതത്വം ........................................ 59
സീയോൻ വാർത്തകൾ ........................................ 63
ജീസസ് യൂത്ത്കൂട്ടായ്മ ........................................ 65
വിൻസെന്റ് ഡി പോൾ സൊസൈറ്റി ....................... 66
സാമൂഹ്യ സേവനരംഗം (WSSS) ........................... 71
ബയോവിൻ അഗ്രോ റിസർച്ച് ................................. 76
റേഡിയോ മാറ്റൊലി ........................................ 79
Mary Matha Arts & Science Collge ....................... 84
CEADOM വിദ്യാഭ്യാസ മേഖല ................................. 85
കത്തോലിക്കാ കോൺഗ്രസ് ................................. 91
ഡി.എഫ്.സി. .................................................. 93
അറിയിപ്പുകൾ .................................................. 97
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ................................. 98
ബിഷപ്സ് പ്രോഗ്രാം ........................................ 99

## 2017 ജനുവരി 15 കർഷകദിനം

## കെസിബിസി ഇൻഫാം പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

എല്ലാ വർഷവും ജനുവരി 15 ന് കർഷകദിനമായി കേരളസഭ ആചരിക്കുകയാണല്ലോ. സർക്കാർ തലത്തിൽ ചിങ്ങം ഒന്ന് കർഷക ദിനമായി ആചരിക്കുന്നുണ്ടെങ്കിലും വെറും ചടങ്ങുകൾക്കപ്പുറം കാർഷികമേഖലയുടെ സമഗ്രവളർച്ചയ്ക്കായി സർക്കാർവക കർഷക ദിനാഘോഷങ്ങൾ ഉപകരിക്കുന്നില്ലെന്നുള്ള യാഥാർത്ഥ്യം തിരിച്ചറിഞ്ഞതിന്റെ വെളിച്ചത്തിലാണ് ഇൻഫാമിന്റെ നേതൃത്വത്തിൽ ജനുവരി 15 കർഷകദിനമായി കേരളസഭ ആചരിക്കുവാൻ തീരുമാനിച്ചത്.

ഇൻഫാം ശബ്ദമില്ലാത്തവരുടെ ശബ്ദവും അസംഘടിത കർഷക സമൂഹത്തിന്റെ പ്രതീക്ഷയുമാണ്. മണ്ണിൽ പണിയെടുക്കുന്ന കർഷകരെ നിരന്തരം ചൂഷണം ചെയ്യുന്നവർക്കെതിരെ ശക്തമായി പ്രതികരിക്കുകയും സമൂഹത്തിലെ അദ്ധ്വാനവർഗ്ഗത്തെ കൈപിടിച്ചുയർത്തുവാൻ അക്ഷീണം പരിശ്രമിക്കുകയും ചെയ്യുന്ന സ്വതന്ത്ര കർഷക പ്രസ്ഥാനമാണിത്.

കർഷകർ ഉല്പാദന പ്രക്രിയയിൽ മാത്രം ശ്രദ്ധിച്ചാൽ മതിയാകില്ലെന്നു മനസിലാക്കി സംഭരണ സംസ്കരണ വിപണന സാധ്യതകളും തന്ത്രങ്ങളും ആവിഷ്കരിച്ചു നടപ്പിലാക്കി കർഷകരുടെ നന്മകൾ തിരിച്ചറിയാത്ത രാഷ്ട്രീയ ഭരണനേതൃത്വങ്ങളേയും അവരെ നിയന്ത്രിക്കുന്ന കർഷകവിരുദ്ധ ശക്തികളേയും സധൈര്യം നേരിട്ട് കഴിഞ്ഞ ഒന്നരപ്പതിറ്റാണ്ടുകളായി ഇൻഫാം പ്രവർത്തനനിരതമാണ്.

ആധുനിക ശാസ്ത്ര പുരോഗതിയുടെ കുത്തൊഴുക്കിൽ എല്ലാം കടപുഴകിക്കൊണ്ടുള്ള കാർഷികവളർച്ചയല്ല നാം ലക്ഷ്യമിടുന്നത്. പഴമയിലെ എല്ലാ നന്മകളേയും സ്വീകരിച്ചുകൊണ്ട് ആധുനികതയുടെ സഹായത്തോടുകൂടിയ വികസനമാണ് നമ്മുടെ ലക്ഷ്യം. കാരണം പരമ്പരാഗത കൃഷിരീതികൾ നൂറ്റാണ്ടുകളുടെ അനുഭവത്തിൽകൂടി ഉരുത്തിരിഞ്ഞതും ഒത്തിരിയേറെ ഋഷിമാരുടേയും സിദ്ധന്മാരുടേയും ശ്രുതിയിലും സ്മൃതിയിലും കൂടി രൂപപ്പെട്ടുവന്നിട്ടുള്ളതുമാണ്. അവയുടെ അന്തഃസത്ത മനസിലാക്കാതെ അവയെ വിലയിരുത്തുവാനോ വിലമതിക്കുവാനോ സാധ്യമല്ല. അതുകൊണ്ട് ഏത് കാർഷിക വികസന

ചിന്തയും രൂപപ്പെടുത്തുമ്പോൾ പഴമയ്ക്ക് കൊടുക്കേണ്ട സ്ഥാനം കൊടുത്തിരിക്കണമെന്നാണ് ഇൻഫാമിന്റെ അടിസ്ഥാന കാർഷിക വികസനകാഴ്ചപ്പാട്. വായുവും വെള്ളവും മാത്രമേ മനുഷ്യന് വിലകൊടുക്കാതെ കിട്ടുന്ന രണ്ടു പ്രകൃതി വിഭവങ്ങളായി അവശേഷിച്ചിട്ടുണ്ടായിരുന്നുള്ളൂ. വെള്ളവും വൻകിട കമ്പനിക്കാരന്റെ വ്യവസായ ഉല്പന്നമായി മാറിക്കഴിഞ്ഞു. വെള്ളം നിറയ്ക്കുന്ന കുപ്പികളും അത്യന്തം മാരകമായിത്തീർന്നിരിക്കുകയാണ്. ഫാക്ടറികളിൽ നിന്ന് യാതൊരു തത്വദീക്ഷയുമില്ലാതെ തള്ളുന്ന മലിനജലം നദികളെ നശിപ്പിക്കുന്നു. അതിലെ മത്സ്യസമ്പത്തും കുടിവെള്ളവും വലിയ പ്രശ്നമായിതീർന്നിരിക്കുകയാണ്. അന്തകവിത്തുകളുമായി വരുന്ന കുത്തക വിദേശ സ്വദേശ കമ്പനികൾ കൃഷിയുടെ മരണമണി മുഴക്കുന്നു. രാസവളങ്ങളും കീടനാശിനികളും കൃഷിയേയും ഭൂമിയേയും മാത്രമല്ല കൃഷിക്കാരനെയും നശിപ്പിച്ചുകൊണ്ടിരിക്കുന്നു.

വിത്തുകളുടെ നിയന്ത്രണം പൂർണ്ണമായും കർഷകനു വേണമെന്നാണ് ഇൻഫാമിന്റെ നിലപാട്. കാർഷിക പുരോഗതി കർഷകന്റ കണ്ടുപിടുത്തങ്ങളിൽ നിന്നാണുണ്ടാകേണ്ടത്. പ്രഗത്ഭരായ കർഷക ശാസ്ത്രജ്ഞന്മാരുടെ മണ്ണാണ് കേരളം. കർഷകന്റെ അറിവും ബുദ്ധിയും കഴിവും ശാസ്ത്രത്തിന്റെ പിൻബലത്തോടെ കർമ്മനിരതമാക്കാനുള്ള പദ്ധതികളാണ് നമുക്ക് വേണ്ടത്.

ജലം ജീവനാണ്. ജലസംഭരണ സംരക്ഷണ വിനിമയം പ്രായോഗികമായി നടപ്പിലാക്കുന്നതിൽ സർക്കാർ സംവിധാനങ്ങൾ ഫലപ്രദമാകണം. കാലങ്ങൾ മാറുന്നതിനുസരിച്ച് കുടിവെള്ള പ്രശ്നങ്ങൾ അതിരൂക്ഷമാകുന്നു. കൃഷിക്കാവശ്യമായ വെള്ളസംഭരണത്തിനുള്ള പദ്ധതികളും കാര്യക്ഷമമാകുന്നില്ല. എക്കാലവും നിലനിൽക്കുന്ന കൃഷി ജൈവകൃഷിയാണെന്നതിൽ സംശയമില്ല. ആധുനിക തലമുറയെ ജൈവകൃഷിയുടെ തലങ്ങളിലേയ്ക്ക് കൈപിടിച്ചുയർത്തുന്ന പദ്ധതികളിൽ വരുംനാളുകളിൽ ഇൻഫാം കൂടുതൽ സജീവമാകുകയാണ്.

ഇന്ത്യൻ കാർഷികമേഖല ഗുരുതരമായ പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. 1940 കളിലെ ഗ്രോമോർ ഫുഡ് പദ്ധതിയും 1950 കളിലെ ഭക്ഷ്യനാണ്യ ഉല്പാദനപദ്ധതിയും 1968 ലെ ഹരിതവിപ്ലവവും കാർഷികമേഖലയ്ക്ക് കൂടുതൽ ഉണർവ്വേകി. എന്നാൽ 1990 കളിലെ ഉദാരവൽക്കരണവും തുടർന്ന് ആഗോളവിപണിയായി രാജ്യത്തെ തുറന്നുകൊടുത്തതും 1995 ൽ ഗാട്ട് കരാറിനെത്തുടർന്ന് ലോകവ്യാപാരസംഘടനയുടെ നിബന്ധനകൾക്ക് വിധേയമായതും ഏറ്റവും വെല്ലുവിളിയുയർത്തിയത് കാർഷികമേഖലയ്ക്കാണ്.

2004–ലെ ആസിയാൻ കരാറും 2009 ൽ ആസിയാൻ രാജ്യങ്ങളുമായുള്ള ചരക്കു ഗതാഗത നിയന്ത്രണം എടുത്തുകളഞ്ഞ് സ്വതന്ത്രവ്യാപാരത്തിലേർപ്പെട്ടതും ഇന്ത്യൻ കാർഷികവിപണിയുടെ തകർച്ചയ്ക്കിടയാക്കി. ഇത്തരം രാജ്യാന്തര കരാറുകളുടെ അനന്തരഫലമാണ് നാമിന്ന് അനുഭവിക്കുന്ന കാർഷികപ്രതിസന്ധിയുടെ മുഖ്യകാരണം.

ആരോഗ്യപൂർണ്ണമായ ഒരു കാർഷിക സംസ്കാരത്തിനുമാത്രമേ നാടിന്റെ സമ്പദ്‌വ്യവസ്ഥയുടെ മൊത്തത്തിലുള്ള വളർച്ചയ്ക്ക് ശക്തി പകരുന്ന ആഭ്യന്തര കമ്പോളം സൃഷ്ടിക്കുവാൻ സാധിക്കുകയുള്ളൂ. കർഷകരെ മറന്നുള്ള ഉദ്യോഗസ്ഥ ഭരണ രാഷ്ട്രീയ നേതൃത്വങ്ങളുടെ വികലമായ വികസന അജണ്ടകൾ ഭാരതത്തിന്റെ ഭക്ഷ്യഉല്പാദനത്തിലും ധാന്യ ഉപഭോഗത്തിലും ഇന്ന് പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നു. ഭക്ഷ്യസുരക്ഷയെക്കുറിച്ച് കൊട്ടിഘോഷിക്കുമ്പോഴും zero poverty സ്വപ്നം മാത്രമായി നിലനിൽക്കുന്നു. ഗ്രാമീണ കാർഷിക മേഖലകളിൽ സർക്കാരിന്റെ വികസന ചെലവുകൾ ഗണ്യമായി വെട്ടിച്ചുരുക്കുക മാത്രമല്ല കർഷകരെ രണ്ടാംതരം പൗരന്മാരായി കാണുന്ന മനോഭാവം രൂപപ്പെട്ടിരിക്കുന്നത് നിരാശാജനകമാണ്.

സർക്കാർ സഹായത്തോടെ നടത്തുന്ന കാർഷിക ഗവേഷണങ്ങളുടെ സദ്ഫലങ്ങൾ കർഷകർക്ക് എത്തിക്കുന്നതിലും പ്രായോഗിക നടപടികളിലും ഭരണ സംവിധാനങ്ങൾ വിജയിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തപ്പെടണം. ഭക്ഷ്യധാന്യങ്ങളുടെ പൊതുസംഭരണവും, വിതരണവുമിന്ന് കാര്യക്ഷമമല്ല. കർഷകർക്ക് ന്യായവിലയ്ക്കുള്ള ഒരു നിശ്ചിത കമ്പോളം ഉറപ്പുവരുത്തിക്കൊണ്ടുള്ള ഉല്പാദന വർദ്ധനവിനുള്ള സാഹചര്യവും ഇല്ലാതായിരിക്കുന്നു.

കർഷകർക്കുള്ള വിത്തും, വളവും വൻതോതിൽ വെട്ടിക്കുറച്ചതും, വളം, വൈദ്യുതി തുടങ്ങിയവയ്ക്ക് ഉണ്ടായിരുന്ന സബ്സിഡികൾ നിർത്തലാക്കിയതും, കാര്യക്ഷമമായ ബദൽ സംവിധാനങ്ങളേർപ്പെടുത്താതെ നോട്ടുപിൻവലിച്ചതും, സഹകരണ പ്രസ്ഥാനങ്ങൾക്ക് സാമ്പത്തിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതും, ഗ്രാമീണ കാർഷികമേഖലയിലെ പ്രതിസന്ധികൾ കൂടുതൽ സങ്കീർണ്ണമാക്കിയിരിക്കുന്നതുകൂടാതെ സ്ഥിരതയുള്ള ഉല്പന്നകമ്പോളവും ഇന്ന് നഷ്ടപ്പെട്ടിരിക്കുന്നു.

കേന്ദ്രസർക്കാർ ഏർപ്പെടാനൊരുങ്ങുന്ന വിവിധ രാജ്യാന്തര കാർഷിക കരാറുകൾ ആഭ്യന്തര കാർഷികമേഖലയിൽ വരും നാളുകളിൽ കൂടുതൽ വെല്ലുവിളികളുയർത്തും. സംയോജിത സാമ്പത്തിക പങ്കാളിത്ത ഉടമ്പടി (ആർസിഇപി) യിലൂടെ ഇന്ത്യയും ചൈനയും

ആസിയാൻ രാജ്യങ്ങളുമുൾപ്പെടെ 16 രാജ്യങ്ങൾ ചേർന്നുള്ള ഒറ്റ കമ്പോളം രൂപപ്പെട്ടുവരുന്നു. നികുതിരഹിത ഇറക്കുമതിയാണ് ഈ ഉടമ്പടിയുടെ പ്രധാനലക്ഷ്യം. വാണിജ്യതാല്പര്യങ്ങൾ സംരക്ഷിക്കുവാൻ കർഷകനേയും കാർഷിക മേഖലയേയും ബലികൊടുക്കുന്ന സാഹചര്യം ആശങ്കയുളവാക്കുന്നു. രാജ്യാന്തര കാർഷിക ഉടമ്പടികളിലൂടെ നേരിടാവുന്ന വെല്ലുവിളികളെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കാനും ബദൽ സംവിധാനമൊരുക്കുവാനുമുള്ള പ്രവാചകദൗത്യം നിർവഹിക്കുവാൻ ഓരോരുത്തരും തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

കേരള കർഷകസമൂഹത്തിൽ ഒരു കൊടുങ്കാറ്റുപോലെ ഒന്നരപതിറ്റാണ്ടുമുമ്പ് ഇൻഫാം ആഞ്ഞടിച്ചപ്പോൾ ജനമിളകി. അധികാര കേന്ദ്രങ്ങൾ ഞെട്ടി. പുത്തൻ കാർഷിക സംസ്കാരത്തിന്റെ നാമ്പുകൾ പൊട്ടിമുളച്ചു. വർഷങ്ങളായുള്ള അതിന്റെ അലയടികൾ ഈ മണ്ണിൽ ഇന്നും നിലനിൽക്കുന്നു. കഴിഞ്ഞ നാളുകളിലെ അനുഭവങ്ങളും നൊമ്പരങ്ങളും നേട്ടങ്ങളും ഉള്ളിലൊതുക്കി കർഷകരുടെ ഉയർത്തെഴുന്നേല്പ്പിനുള്ള അവസരമാണിത്.

ഗാഡ്ഗിൽ കസ്തൂരിരംഗൻ റിപ്പോർട്ടിന്മേലുള്ള രണ്ടാം കരടുവിജ്ഞാപനത്തിന്റെ കാലാവധി 2017 മാർച്ച് 4 ന് അവസാനിക്കുന്നതിനു മുമ്പായി പശ്ചിമഘട്ടജനതയുടെ ആശങ്കകൾ പരിഹരിക്കപ്പെടേണ്ടതുണ്ട്. വിലത്തകർച്ചമൂലം സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുന്ന നെല്ല്, റബർ, തെങ്ങ്, കോഴിവളർത്തൽ, ക്ഷീരോല്പാദനം തുടങ്ങി വിവിധ മേഖലകളിലുള്ള കർഷകരുടെ പ്രശ്നങ്ങളെ സർക്കാരുകൾ നിസ്സാരവൽക്കരിച്ചുകാണുന്നത് വേദനാജനകമാണ്. CRZ നിയമം അടിച്ചേൽപ്പിച്ച് തീരദേശജനതയുടെ ജീവിതത്തെ വെല്ലുവിളിക്കുന്ന സാഹചര്യമാണുള്ളത്.

മത്സ്യബന്ധനരംഗത്ത് നേരിടുന്ന വെല്ലുവിളികൾ, കാർഷിക നാണ്യവിളകളുടെ വിലത്തകർച്ച, വ്യാപക കീടബാധ, കാലാവസ്ഥാവ്യതിയാനം, വന്യമൃഗശല്യം, തൊഴിലാളി ക്ഷാമം, വർദ്ധിച്ച ഉൽപ്പാദനച്ചിലവ്, പ്രകൃതിക്ഷോഭം, കപടപരിസ്ഥിതിവാദം, കടക്കെണി, പട്ടയപ്രശ്നം മുതലായ നിരവധി പ്രശ്നങ്ങളാൽ തീരദേശത്തും ഇടനാട്ടിലും മലയോരത്തുമുള്ള കർഷകരുടെ നിലനിൽപ്പ് തന്നെ ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യത്തിൽ അവരുടെ അതിജീവനം ഉറപ്പുവരുത്തുവാനും കാർഷികസംസ്ക്കാരത്തിന്റെ ആത്മീയത വീണ്ടെടുക്കുവാനും കർഷകദിനാചരണം പ്രയോജനപ്പെടണം.

നമ്മുടെ യൂണിറ്റുകൾ, രൂപത, ജില്ലാ കമ്മറ്റികൾ കൂടുതൽ സജീവമാക്കണം. മലനാട്ടിലും ഇടനാട്ടിലും തീരദേശത്തുമുള്ള കർഷക പ്രസ്ഥാനങ്ങൾ സംഘടിച്ച് ഒറ്റക്കെട്ടായി മുന്നോട്ടു നീങ്ങുന്നത് കൂടുതൽ പ്രതീക്ഷയേകുന്നു. കർഷക പ്രസ്ഥാനങ്ങൾ എന്നതിനുപരി കർഷകജനതയുടെ നിലനിൽപിനായി ജനാധിപത്യസംവിധാനത്തിൽ കൂടുതൽ പങ്കാളിത്തമുള്ള തിരുത്തൽ ശക്തിയായി നാം നാളകളിൽ മാറേണ്ടിയിരിക്കുന്നു. കർഷകരുടെ ക്ഷേമത്തിനും രക്ഷക്കുംവേണ്ടി നടത്തപ്പെടുന്ന എല്ലാ പ്രവർത്തനങ്ങളുടെയും പ്രേരകശക്തി ദൈവഹിതമാണെന്ന ബോധ്യത്തോടെ പ്രതിസന്ധികളിൽ തളരാതെ നമുക്ക് ഒരുമിച്ച് മുന്നേറാം.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**ബിഷപ്പ് മാർ മാത്യു അറയ്ക്കൽ**

എപ്പിസ്കോപ്പൽ അഡ്വൈസർ, ഇൻഫാം

---

**NB:- ഈ സർക്കുലർ 2017 ജനുവരി മാസം 8-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

## വിജ്ഞാപനം

ഈശോയിൽ പ്രിയമുള്ളവരേ,

പെട്ടെന്ന് മാറിക്കൊണ്ടിരിക്കുന്ന സാമ്പത്തികക്രമങ്ങൾ, വർദ്ധിച്ചുവരുന്ന ജീവിതച്ചിലവുകൾ, പള്ളി ജീവനക്കാരുടെയും ബഹു. വൈദികരുടെയും അഭ്യർത്ഥനകൾ ഇവയെല്ലാം പരിഗണിച്ച് ബഹു. വൈദികരുടെ അലവൻസും പള്ളി ജീവനക്കാർക്കുള്ള പ്രതിഫലവും പരിഷ്ക്കരിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. തലശ്ശേരി, മാനന്തവാടി, താമരശ്ശേരി രൂപതകളിലെ രൂപതാക്കച്ചേരി അംഗങ്ങൾ 2016 സെപ്റ്റംബർ 19 ന് തലശ്ശേരി അതിമെത്രാസന മന്ദിരത്തിൽ ഒന്നിച്ചുകൂടി ചർച്ച ചെയ്ത് ശുപാർശകൾ നൽകി. മൂന്നു രൂപതകളിലെയും രൂപതാദ്ധ്യക്ഷൻമാർ ഈ ശുപാർശകൾ പഠിച്ചശേഷം 2017 ജനുവരി 1 മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം അലവൻസുകൾ വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചു.

1. ബഹു. വൈദികരുടെ പ്രതിമാസ അലവൻസ് 2017 ജനുവരി മാസം മുതൽ 10,500 രൂപയായി നിശ്ചയിക്കുന്നു. തുടർന്നുള്ള ഓരോ സാമ്പത്തിക വർഷത്തിലും (അടുത്ത വർദ്ധനവ് 2018 ഏപ്രിൽ മാസത്തിൽ ആയിരിക്കും) അഞ്ഞൂറുരൂപ വീതം വർദ്ധനവുണ്ടാകുന്നതാണ്. (എല്ലാ നേരവും മഠത്തിൽനിന്നും ഭക്ഷണം കഴിക്കുന്ന വൈദികർ 3750 രൂപ ഭക്ഷണച്ചിലവിലേക്ക് നല്കേണ്ടതാണ്.)

2. ദൈവാലയശുശ്രൂഷികളുടെ പ്രതിഫലം താഴെ കൊടുത്തിരിക്കുന്ന വിധത്തിൽ അടിസ്ഥാന വേതനത്തിന് വർദ്ധനവ് വരുത്തുന്നു. ഇവരുടെ വാർഷിക ഇൻക്രിമെന്റ് 100 രൂപയിൽ നിന്നും 125 രൂപയായി ഉയർത്തുന്നു.

| പള്ളികളുടെ ഗ്രേഡ് അനുസരിച്ചുള്ള വേതന വർദ്ധന | | |
|---|---|---|
| ഗ്രേഡ് | അടിസ്ഥാന വേതനത്തിലെ വർദ്ധന | ഇൻക്രിമെന്റ് ഉൾപ്പെടെ കൊടുക്കേണ്ടത് |
| A | 1000 | നിലവിലുള്ള ശമ്പളം + 1000 + 125 |
| B | 750 | നിലവിലുള്ള ശമ്പളം + 750 + 125 |
| C | 700 | നിലവിലുള്ള ശമ്പളം + 700 + 125 |
| D | 500 | നിലവിലുള്ള ശമ്പളം + 500 + 125 |
| E | 300 | നിലവിലുള്ള ശമ്പളം + 300 + 125 |

നിലവിലുള്ള ശമ്പളത്തോട് അടിസ്ഥാന ശമ്പളത്തിൽ വരുത്തിയ വർദ്ധനവും വാർഷിക ഇൻക്രിമെന്റും ചേർത്തു കിട്ടുന്ന തുകയായിരിക്കും ദൈവാലയ ശുശ്രൂഷിയുടെ മാസശമ്പളം.

3. പതിവുള്ള കുർബാനയോടനുബന്ധിച്ചല്ലാതെ നടത്തപ്പെടുന്ന മാമ്മോദീസ, വിവാഹം എന്നീ തിരുക്കർമ്മങ്ങൾക്കും പതിവ് വീട് വെഞ്ചരിപ്പ് ഒഴിച്ചുള്ള വെഞ്ചരിപ്പുകൾക്കും ദൈവാലയ ശുശ്രൂഷിക്ക് 100 രൂപയിൽ കുറയാത്ത സംഖ്യ ബന്ധപ്പെട്ട കക്ഷി നൽകേണ്ടതാണ്.
4. ക്രിസ്തുമസ്സിനും ഈസ്റ്ററിനും പ്രധാനതിരുനാളിനും ദൈവാലയ ശുശ്രൂഷിക്ക് മാസശമ്പളത്തിന്റെ 20% ഫെസ്റ്റിവെൽ അലവൻസായി നൽകണം.
5. അക്കൗണ്ടന്റിന്റെ പ്രതിഫലം താഴെ കൊടുത്തിരിക്കുന്ന വിധത്തിൽ അടിസ്ഥാന ശമ്പളത്തിൽ വർദ്ധന വരുത്തുന്നു. ഇവരുടെ വാർഷിക ഇൻക്രിമെന്റ് 50 രൂപയിൽ നിന്നും 75 രൂപയായി ഉയർത്തിയിരിക്കുന്നു.

**പള്ളികളുടെ ഗ്രേഡ് അനുസരിച്ചുള്ള അടിസ്ഥാന വേതനം**

| ഗ്രേഡ് | അടിസ്ഥാന വേതനത്തിലെ വർദ്ധന | ഇൻക്രിമെന്റ് ഉൾപ്പെടെ കൊടുക്കേണ്ടത് |
|---|---|---|
| A | 550 | നിലവിലുള്ള ശമ്പളം + 550 + 75 |
| B | 450 | നിലവിലുള്ള ശമ്പളം + 450 + 75 |
| C | 350 | നിലവിലുള്ള ശമ്പളം + 350 + 75 |
| D | 300 | നിലവിലുള്ള ശമ്പളം + 300 + 75 |
| E | 250 | നിലവിലുള്ള ശമ്പളം + 250 + 75 |

നിലവിലുള്ള ശമ്പളത്തോട് അടിസ്ഥാന വേതനത്തിലെ ഇപ്പോൾ വരുത്തിയ വർദ്ധനവും വാർഷിക ഇൻക്രിമെന്റും ചേർത്തു കിട്ടുന്ന തുകയായിരിക്കും അക്കൗണ്ടന്റിന്റെ മാസശമ്പളം

6. അടുത്ത ഇൻക്രിമെന്റ് നല്കുന്നത് 2018 ഏപ്രിൽ മുതലായിരിക്കും.
7. ദൈവാലയ ശുശ്രൂഷികൾക്കും അക്കൗണ്ടന്റിനും ഇതിനുപുറമേ രൂപതാ നിയമാവലിയിൽ പറയുന്ന മറ്റ് ആനുകൂല്യങ്ങളും നൽകേണ്ടതാണ്.
8. നടത്തുകൈക്കാരന് പള്ളിയാവശ്യത്തിന് ചിലവഴിക്കുന്ന ദിവസങ്ങളിൽ ഭക്ഷണ ആവശ്യത്തിലേയ്ക്ക് ചിലവുവരികയാണെങ്കിൽ

125 രൂപ വീതം ബഹു. വികാരിയുടെ അറിവോടെ എഴുതിയെടുക്കാവുന്നതാണ്.

9. വി. കുർബാന ഉൾപ്പെടെയുള്ള തിരുക്കർമ്മാദികളുടെ പുതുക്കിയ നിരക്ക് (പടിസാധനം) 2017 ഏപ്രിൽ മാസത്തിൽ പ്രാബല്യത്തിൽ വരത്തക്കവിധം പിന്നീട് അറിയിക്കുന്നതാണ്.

തലശ്ശേരി **മാർ ജോർജ് ഞരളക്കാട്ട്**

25.12.2016 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**NB:- ഈ വിജ്ഞാപനം 2017 ജനുവരി മാസം 8-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കുകയും അതനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തുകയും ചെയ്യേണ്ടതാണ്.**

**മാർ ജോസ് പൊരുന്നേടം**
**മാനന്തവാടി രൂപതയുടെ മെത്രാൻ**

# അമ്പതാം ലോകസമാധാനദിനാഘോഷം

## ജനുവരി 1, 2017

### ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം

***അക്രമരാഹിത്യം: സമാധാനത്തിനുള്ള രാഷ്ട്രീയ ശൈലി***

1. ഈ വർഷാരംഭത്തിൽ ലോകജനതകൾക്കും രാഷ്ട്രങ്ങൾക്കും സ്റ്റേറ്റുകളുടെയും ഗവൺമെന്റുകളുടെയും തലവന്മാർക്കും മതവിശ്വാസികൾക്കും സിവിൾ നേതാക്കൾക്കും സമൂഹനേതാക്കൾക്കും ഞാൻ സമാധാനം ഹൃദയപൂർവ്വം ആശംസിക്കുന്നു. ഓരോ പുരുഷനും സ്ത്രീക്കും ശിശുവിനും ഞാൻ സമാധാനം ആശംസിക്കുന്നു. അളവറ്റ മഹത്ത്വമുള്ള വിശുദ്ധ ദാനങ്ങളായി പരസ്പരം അംഗീകരിക്കുന്നതിന് ഓരോ വ്യക്തിയിലുമുള്ള ദൈവിക പ്രതിഛായയും സാദൃശ്യവും നമ്മെ ശക്തരാക്കട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. പ്രത്യേകിച്ച് സംഘട്ടനങ്ങളുടെ സാഹചര്യങ്ങളിൽ ഇതിനെ നമ്മുടെ "അത്യഗാധമായ മഹത്ത്വത്തെ"[1] നമുക്ക് ആദരിക്കാം. പ്രവർത്തനാത്മകമായ അക്രമരാഹിത്യം നമ്മുടെ ജീവിത മാർഗ്ഗമാക്കിത്തീർക്കാം.

ലോകസമാധാനദിനത്തിനുള്ള അമ്പതാമത്തെ സന്ദേശമാണിത്. വാഴ്ത്തപ്പെട്ട പോൾ 6-ാമൻ മാർപാപ്പാ കത്തോലിക്കരോടു മാത്രമല്ല എല്ലാ ജനതകളോടും തികഞ്ഞ സ്പഷ്ടതയോടെ ഇങ്ങനെ പറഞ്ഞു: "അധികാരതൃഷ്ണയുള്ള ദേശീയവാദങ്ങളോ അക്രമം വഴിയുള്ള കീഴടക്കലുകളോ, അബദ്ധപൂർണമായ സിവിൾക്രമത്തിനുവേണ്ടിയുള്ള മുഖ്യധാരയായി പ്രയോഗിക്കപ്പെടുന്ന അടിച്ചമർത്തലുകളോ അല്ല, സമാധാനമാണ് മാനുഷിക പുരോഗതിക്കുള്ള ഏകമാർഗം."

"അന്താരാഷ്ട്ര സംഘർഷങ്ങൾ യുക്തിയുടെ മാർഗങ്ങൾ ഉപയോഗിച്ച് - അതായത് നിയമം, നീതി, സമത്വം എന്നിവയിൽ അടിയുറപ്പിച്ച - കൂടിയാലോചനകൾ വഴി - പരിഹരിക്കാനാവുകയില്ലെന്നും പിന്നെയോ ഭീഷണിപരവും കൊലപാതകപരവുമായ മാർഗങ്ങൾ ഉപയോഗിച്ചേ പരിഹരിക്കാനാവുകയുള്ളൂ എന്നും വിശ്വസിക്കുന്നതിന്റെ അപകട"ത്തെക്കുറിച്ച് അദ്ദേഹം മുന്നറിയിപ്പു നല്കി. തന്റെ മുൻഗാമിയായ വിശുദ്ധ ജോൺ 23-ാ മന്റെ "ഭൂമിയിൽ സമാധാനം" എന്ന ചാക്രികലേഖനത്തിൽ നിന്ന് ഉദ്ധരിച്ചുകൊണ്ട് സത്യത്തിലും നീതിയിലും സ്വാതന്ത്ര്യത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ സമാധാനബോധത്തെയും സമാധാനസ്നേഹത്തെയും പ്രശംസിക്കുകയും ചെയ്തു.[2] ഈ വാക്കുകളുടെ പ്രാധാന്യമോ അടിയന്തര സ്വഭാവമോ കഴിഞ്ഞ അമ്പതുവർഷംകൊണ്ട് അല്പംപോലും നഷ്ടപ്പെട്ടിട്ടില്ല.

സമാധാനത്തിനുവേണ്ടിയുള്ള രാഷ്ട്രീയ ശൈലിയെന്ന നിലയിൽ അക്രമരാഹിത്യത്തെപ്പറ്റി വിചിന്തനം ചെയ്യാൻ ഈ സന്ദർഭത്തിൽ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ ഏറ്റവും വ്യക്തിപരമായ ചിന്തകളിലും മൂല്യങ്ങ

ളിലും അക്രമരാഹിത്യത്തെ പ്രോത്സാഹിപ്പിക്കുന്നതിന് നമ്മെയെല്ലാവരെയും സഹായിക്കാൻ ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നു. സമൂഹത്തിലും അന്താരാഷ്ട്ര ജീവിതത്തിലും വ്യക്തികളെന്ന നിലയിൽ നാം ഓരോരുത്തരും പെരുമാറേണ്ടത് എങ്ങനെയെന്ന് പരസ്നേഹവും അക്രമരാഹിത്യവും നിർദേശിക്കട്ടെ. അക്രമത്തിന് ഇരയായവർ പകരം വീട്ടാനുള്ള പ്രലോഭനത്തെ തടയാൻ കഴിവുള്ളവരാകുമ്പോൾ അവർ അക്രമരാഹിത്യമായ സമാധാന പാലനത്തിന്റെ വിശ്വസനീയരായ പ്രചോദകരായിരിക്കും. പ്രാദേശികവും സാധാരണവുമായ മിക്ക സാഹചര്യങ്ങളിലും അന്താരാഷ്ട്ര ക്രമത്തിലും അക്രമരാഹിത്യം നമ്മുടെ തീരുമാനങ്ങളുടെയും ബന്ധങ്ങളുടെയും പ്രവത്തികളുടെയും യഥാർത്ഥത്തിൽ എല്ലാ രൂപങ്ങളിലുമുള്ള രാഷ്ട്രീയ ജീവിതത്തിന്റെയും മുദ്രയായിത്തീരട്ടെ.

**തകർന്ന ലോകം**

2. കഴിഞ്ഞ നൂറ്റാണ്ട് മാരകമായ രണ്ടു ലോകമഹായുദ്ധങ്ങൾ നടത്തിയ നശിപ്പിക്കലും ന്യൂക്ലിയർ യുദ്ധത്തിന്റെ ഭീഷണിയും മറ്റ് അനേകം സംഘട്ടനങ്ങളും അനുഭവിച്ചറിഞ്ഞു. ഇന്നാകട്ടെ, പല ഭാഗങ്ങളായി സംഭവിക്കുന്ന ഭയാനകമായ ലോകയുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്നവരായി നമ്മെത്തന്നെ നാം കാണുന്നുവെന്നത് ദുഃഖകരമാണ്. നമ്മുടെ ഇന്നത്തെ ലോകത്തിന് അക്രമവാസന കഴിഞ്ഞകാലത്തേക്കാൾ കൂടുതലാണോ കുറവാണോയെന്ന് അറിയുക എളുപ്പമല്ല. ആധുനിക സമ്പർക്ക മാധ്യമങ്ങളും വർധിച്ച ചലനാത്മകതയും അക്രമത്തെക്കുറിച്ച് നമ്മെ കൂടുതൽ ബോധവാന്മാരാക്കുന്നുണ്ടോ അതോ അക്രമത്തെ സംബന്ധിച്ച് കൂടുതൽ പരിചയമുള്ളവരായിത്തീർക്കുകയാണോ എന്ന് അറിയുക അത്ര എളുപ്പമുള്ള കാര്യമല്ല.

ഏതായാലും പല തരത്തിലും പല തലങ്ങളിലും "ഭാഗംഭാഗമായി" നടത്തപ്പെടുന്ന ഈ അക്രമം വലിയ സഹനത്തിനു കാരണമാകുന്നുണ്ട്. വിവിധ രാജ്യങ്ങളിലും ഭൂഖണ്ഡങ്ങളിലും നടത്തപ്പെടുന്ന യുദ്ധങ്ങൾ, ഭീകരതാവാദം, സംഘടിത കുറ്റകൃത്യം, അപ്രതീക്ഷിതമായ അക്രമ പ്രവൃത്തികൾ, കുടിയേറ്റക്കാരും മനുഷ്യക്കടത്തിന്റെ ഇരകളും സഹിക്കുന്ന ദുരുപയോഗങ്ങൾ, പരിസ്ഥിതി നശിപ്പിക്കൽ എന്നിവ അത്തരത്തിൽപ്പെടുന്നു. ഇത് എങ്ങോട്ടാണു നയിക്കുന്നത്? ശാശ്വതമൂല്യമുള്ള ഏതെങ്കിലും ലക്ഷ്യം നേടാൻ അക്രമത്തിനു കഴിയുമോ? അത് പ്രത്യാക്രമണത്തിലേക്കു മാത്രമല്ലേ നയിക്കുന്നത്? കുറച്ചു "യുദ്ധകർത്താക്കൾ"ക്കു മാത്രം പ്രയോജനപ്പെടുന്ന മാരകസംഘട്ടനങ്ങളുടെ വൃത്തത്തിലേക്കല്ലേ നയിക്കുന്നത്?

തകർന്ന നമ്മുടെ ലോകത്തിനുള്ള ചികിത്സയല്ല അക്രമം. അക്രമത്തെ അക്രമംകൊണ്ട് എതിർക്കൽ നിർബന്ധിത കുടിയേറ്റത്തിലേക്കും അളവറ്റ സഹനത്തിലേക്കും മാത്രമേ നയിക്കുകയുള്ളൂ. കാരണം, സൈനിക ലക്ഷ്യങ്ങൾക്കായി അളവറ്റ വിഭവങ്ങൾ വഴിമാറ്റി പ്രയോഗിക്കുന്നു. യുവജനങ്ങളുടെയും ക്ലേശിക്കുന്ന കുടുംബങ്ങളുടെയും വൃദ്ധജനങ്ങളുടെയും രോഗികളുടെയും ലോകത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെയും അനുദിനാവശ്യങ്ങൾ നിറവേറ്റാനുള്ള വിഭവങ്ങളാണ് അപ്രകാരം ഉപയോഗി

ക്കുന്നത്. അത് എല്ലാവരെയും മരണത്തിലേക്കു നയിച്ചില്ലെങ്കിലും അനേകരെ ശാരീരികവും ആധ്യാത്മികവുമായ മരണത്തിലേക്കു നയിക്കുമെന്നതാണ് ഏറ്റവും വലിയ കഷ്ടം.

**സദ്വാർത്ത**

യേശുക്രിസ്തു തന്നെ ജീവിച്ചിരുന്നത് ക്രമാസക്തമായ ഒരു കാലഘട്ടത്തിലാണ്. എന്നാലും അക്രമവും സമാധാനവും ഏറ്റുമുട്ടുന്ന യഥാർത്ഥ യുദ്ധഭൂമി മനുഷ്യഹൃദയമാണെന്ന് അവിടുന്നു പഠിപ്പിച്ചു: "എന്തെന്നാൽ, ഉള്ളിൽ നിന്നാണ്, മനുഷ്യന്റെ ഹൃദയത്തിൽനിന്നാണ്, ദുഷ്ടചിന്തകൾ വരുന്നത്" (മർക്കോ 7:21). ഈ വിഷയത്തിൽ ക്രിസ്തുവിന്റെ സന്ദേശം മൗലികമായി ഭാവാത്മകമായ സമീപനം നല്കുന്നു. അവിടുന്ന് നിരന്തരം ദൈവത്തിന്റെ വ്യവസ്ഥാതീതമായ സ്നേഹത്തെപ്പറ്റി പ്രസംഗിച്ചു. ആ സ്നേഹം സ്വാഗതം ചെയ്യുന്നതും ക്ഷമിക്കുന്നതുമാണ്. ശത്രുക്കളെ സ്നേഹിക്കാനും (cf മത്താ 5:44) ശത്രുവിനു മറ്റേ കരണം കൂടി കാണിക്കാനും അവിടുന്ന് പഠിപ്പിച്ചു (cf മത്താ 5:39). വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ കല്ലെറിയുന്നതിൽ നിന്ന് കുറ്റം പറയുന്നവരെ തടഞ്ഞപ്പോഴും (cf യോഹ 8:1-11), അവിടുന്നു മരിക്കുന്നതിന്റെ തലേരാത്രി പത്രോസിനോട് വാൾ ഉപേക്ഷിക്കാൻ പറഞ്ഞപ്പോഴും അവിടുന്ന് അക്രമരാഹിത്യത്തിന്റെ വഴി കാണിച്ചു. അവിടുന്ന് അവസാനംവരെ, കുരിശുമരണം വരെ, ആ വഴിയേ സഞ്ചരിച്ചു. അങ്ങനെ അവിടുന്ന് നമ്മുടെ സമാധാനമായി. ശത്രുതയ്ക്ക് വിരാമമിടുകയും ചെയ്തു (cf എഫേ 2:14-16). യേശുവിന്റെ സദ്വാർത്ത സ്വീകരിക്കുന്ന ആർക്കും ഉള്ളിലുള്ള അക്രമവാസനയെ അംഗീകരിക്കാനും ദൈവത്തിന്റെ കരുണയാൽ സൗഖ്യം പ്രാപിക്കാനും അങ്ങനെ അനുരഞ്ജനത്തിന്റെ ഉപകരണമായിത്തീരാനും സാധിക്കും. വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ വാക്കുകളിൽ പറഞ്ഞാൽ, "നിങ്ങൾ വായ്കൊണ്ട് സമാധാനം അറിയിക്കുമ്പോൾ, നിങ്ങളുടെ ഹൃദയങ്ങളിൽ കൂടുതൽ അളവിൽ സമാധാനമുണ്ടെന്ന് ഉറപ്പുവരുത്തുവിൻ."[3]

യേശുവിന്റെ യഥാർത്ഥ അനുയായികളായിരിക്കുകയെന്നത് ഇന്നും അക്രമരാഹിത്യത്തെക്കുറിച്ചുള്ള അവിടുത്തെ പ്രബോധനം സ്വീകരിക്കുകയെന്ന കാര്യം ഉൾക്കൊള്ളുന്നുണ്ട്. എന്റെ മുൻഗാമിയായ ബനഡിക്ട് 16-ാമൻ നിരീക്ഷിച്ചതുപോലെ ആ പ്രബോധനം "യാഥാർത്ഥ്യബോധമുള്ളതാണ്. എന്തെന്നാൽ അമിതമായ അക്രമവും അനീതിയും ലോകത്തിൽ ഉണ്ടെന്നും അതുകൊണ്ട് കൂടുതൽ സ്നേഹംകൊണ്ടും കൂടുതൽ നന്മകൊണ്ടും ഈ സാഹചര്യത്തെ നേരിട്ടുകൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും അതിനെ കീഴടക്കാനാവുകയില്ലെന്നും അത് കരുതുന്നു. ഈ "കൂടുതൽ" ദൈവത്തിൽ നിന്നു വരുന്നതാണ്.[4] അദ്ദേഹം തുടർന്ന് ഇങ്ങനെ ഊന്നിപ്പറയുന്നു: "ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം അക്രമരാഹിത്യം നയതന്ത്രപരമായ പെരുമാറ്റമല്ല. പിന്നെയോ ആ വ്യക്തിയുടെ അസ്തിത്വശൈലിയാണ്. മനോഭാവമാണ്. സ്നേഹം സത്യം എന്നീ ആയുധങ്ങൾ മാത്രമുപയോഗിച്ച് തിന്മയെ കൈകാര്യം ചെയ്യാൻ ഭയപ്പെടേണ്ടതില്ലെന്നു കരുതത്തക്കവിധം ദൈവത്തിന്റെ സ്നേഹത്തെയും ശക്തിയെയും കുറിച്ച് അവബോധമുള്ള വ്യക്തിയുടെ മനോഭാവമാണത്. ശത്രുവിനോടുള്ള സ്നേഹം

"ക്രൈസ്തവ വിപ്ളവത്തിന്റെ ന്യൂക്ളിയസ്സാണ്."[5] നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ എന്ന സുവിശേഷകല്പന (cf ലൂക്ക 6:27). "ക്രൈസ്തവ അക്രമരാഹിത്യത്തിന്റെ മാഗ്നാകാർട്ടയായി തികച്ചും ന്യായപൂർവ്വം കരുതപ്പെടുന്നു. അതു തിന്മയ്ക്കു കീഴടങ്ങലല്ല. തിന്മയോട് നന്മകൊണ്ട് പ്രതികരിക്കലാണ് (cf റോമ 12: 17-21). അങ്ങനെ അനീതിയുടെ ചങ്ങല തകർക്കലാണ്."[6]

**അക്രമത്തേക്കാൾ ശക്തിയുള്ളത്**

4. അക്രമരാഹിത്യത്തെ ചിലപ്പോൾ കീഴടങ്ങലായും ഉൾപ്പെടാതിരിക്കലായും നിഷ്ക്രിയത്വമായും കരുതാറുണ്ട്. വിശുദ്ധ മദർ തെരേസ 1979 - ൽ സമാധാനത്തിനുള്ള നോബേൽ സമ്മാനം സ്വീകരിച്ചപ്പോൾ കാര്യക്ഷമമായ അക്രമരാഹിത്യത്തെക്കുറിച്ചുള്ള സ്വന്തം സന്ദേശം വ്യക്തമായി നല്കി. അവർ പറഞ്ഞു: "സമാധാനം സ്ഥാപിക്കാൻ വേണ്ടി നാശകരമായ ബോംബുകളും തോക്കുകളും നമ്മുടെ കുടുംബത്തിൽ ആവശ്യമില്ല. നമ്മൾ കൂടിച്ചേരുക. പരസ്പരം സ്നേഹിക്കുക. അങ്ങനെ ചെയ്താൽ ലോകത്തിലെ സകല തിന്മകളെയും നമുക്ക് കീഴടക്കാം."[7] എന്തെന്നാൽ യുദ്ധോപകരണങ്ങളുടെ ശക്തി വഞ്ചനാത്മകമാണ്. "ആയുധങ്ങളുടെ കള്ളക്കടത്തു നടത്തുന്നവർ അവരുടെ ജോലി ചെയ്യുമ്പോൾ പാവപ്പെട്ട സമാധാനസ്ഥാപകർ ഒരു വ്യക്തിയെയും പിന്നെ മറ്റൊരു വ്യക്തിയെയും സഹായിക്കാൻ വേണ്ടി ജീവൻ നൽകുന്നു." മദർ തെരേസ അത്തരം സമാധാനസ്ഥാപകരുടെ "നമ്മുടെ കാലഘട്ടത്തിലെ സിംബലാണ്, ഐക്കൺ ആണ്."[8]

കഴിഞ്ഞ സെപ്റ്റംബർ മാസത്തിൽ മദർ തെരേസയെ വിശുദ്ധയായി പ്രഖ്യാപിക്കുന്നതിന്റെ വലിയ സന്തോഷം ഞാൻ അനുഭവിച്ചു. തന്നെത്തന്നെ എല്ലാവർക്കും സംലഭ്യയാക്കാൻ അവൾക്കുണ്ടായിരുന്ന സന്നദ്ധതയെ ഞാൻ പ്രശംസിച്ചു. "ജനിക്കാനിരിക്കുന്നതും പരിത്യജിക്കപ്പെട്ടതും അവഗണിക്കപ്പെട്ടതുമായ മനുഷ്യജീവനെ സ്വാഗതം ചെയ്തും സംരക്ഷിച്ചും അവർ സകലർക്കും സംലഭ്യമായി. മരിക്കാൻ വഴിയരികുകളിൽ ഉപേക്ഷിക്കപ്പെട്ടവരുടെ മുമ്പിൽ അവൾ കുമ്പിട്ടു. അവരിൽ ദൈവദത്തമായ മഹത്വം ദർശിച്ചുകൊണ്ടാണ് അങ്ങനെ ചെയ്തത്. അവൾ തന്റെ ശബ്ദം ലോകശക്തികളെ കേൾപ്പിച്ചു. അവരുടെ കുറ്റകൃത്യങ്ങളും അവർ സൃഷ്ടിച്ച ദാരിദ്ര്യവും മൂലം അവർ ചെയ്ത കുറ്റം അവർ തിരച്ചറിയുന്നതിനു വേണ്ടിത്തന്നെ."[9] ആ കുറ്റത്തോടുള്ള പ്രതികരണമായിരുന്നു അവരുടെ ദൗത്യം. അവൾ ആയിരക്കണക്കിന് മനുഷ്യർക്കു വേണ്ടിപോലും - നിലകൊണ്ടു. സഹിക്കുന്നവരിലേക്ക് ഉദാരതാപൂർണ്ണമായ സമർപ്പണത്തിലൂടെ എത്തിച്ചേരുകയും മുറിവേറ്റ ഒരോ മനുഷ്യശരീരത്തേയും സ്പർശിക്കുകയും മുറിവുകെട്ടി സുഖപ്പെടുത്തുകയും, തകർന്ന ഓരോ ജീവിതത്തെയും സ്വസ്ഥമാക്കുകയും ചെയ്യുകയെന്നതായിരുന്നു അവളുടെ ദൗത്യം.

അക്രമരാഹിത്യത്തിന്റെ നിർണ്ണായകവും സുസ്ഥിരവുമായ അഭ്യസനം ശ്രദ്ധേയമായ ഫലങ്ങൾ പുറപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യൻ സ്വാതന്ത്ര്യലബ്ധിയിൽ മഹാത്മാഗാന്ധിയും അബ്ദുൾഗാഫർഖാനും വംശവിവേചനത്തിനതിരേ ഡോ. മാർട്ടിൻ ലൂഥർകിംഗ് ജൂനിയറും നേടിയ നേട്ടങ്ങൾ ഒരിക്കലും

വിസ്മരിക്കപ്പെടുകയില്ല. സ്ത്രീകൾ പലപ്പോഴും അക്രമരാഹിത്യത്തിന്റെ പ്രത്യേക നേതൃത്വം വഹിക്കുന്നവരായിട്ടുണ്ട്. ലീമാ ഗ്ബോവീയും ആയിര ക്കണക്കിനു ലിബേറിയൻ സ്ത്രീകളും അതിനുള്ള ഉദാഹരണങ്ങളാണ്. അവർ സഹായത്തിനുള്ള പ്രാർത്ഥനകളും അക്രമരഹിത പ്രതിഷേധങ്ങളും സംഘടിപ്പിക്കുകയും അതിന്റെ ഫലമായി ലിബേരിയയിൽ രണ്ടാം ആഭ്യ ന്തരയുദ്ധം അവസാനിപ്പിക്കാൻ ഉന്നതതലത്തിലുള്ള സമാധാന ചർച്ചകൾ നടക്കുകയും ചെയ്തു.

യൂറോപ്പിൽ കമ്യൂണിസ്റ്റ് ഭരണക്രമങ്ങളുടെ തകർച്ചയോടെ അവ സാനിച്ച സംഭവബഹുലമായ ദശകത്തെ മറക്കാനും നമുക്കു സാധ്യമല്ല. ക്രൈസ്തവ സമൂഹങ്ങൾ തീവ്രമായ പ്രാർത്ഥനയും ധീരതയാർന്ന പ്രവർത്ത നവും വഴി തങ്ങളുടെ സംഭാവന നല്കി. വിശുദ്ധ ജോൺ പോൾ 2-ാമന്റെ ശുശ്രൂഷയും പ്രബോധനവും പ്രത്യേകമാംവിധം സ്വാധീനം ചെലുത്തി. എന്റെ ആ മുൻഗാമി 1991-ൽ എഴുതിയ "നൂറാം വർഷം" എന്ന ചാക്രികലേ ഖനത്തിൽ 1989-ലെ സംഭവങ്ങളെപ്പറ്റി ചിന്തിച്ചുകൊണ്ട് ഒരു വസ്തുത ഉയർത്തിക്കാണിച്ചു. "സമാധാനപൂർണ്ണമായ എതിർപ്പുവഴി സത്യത്തിന്റെയും നീതിയുടെയും ആയുധങ്ങൾ മാത്രം ഉപയോഗിച്ചുകൊണ്ട്"[10] ജനതകളു ടെയും രാജ്യങ്ങളുടെയും സ്റ്റേറ്റുകളുടെയും ജീവിതത്തിൽ ഗൗരവാവഹ മായ മാറ്റങ്ങൾ ഉണ്ടായി എന്നതാണ് ആ വസ്തുത. അധികാരത്തിന്റെ ശക്തിയ്ക്കു കീഴ്പ്പെടാൻ സമ്മതിക്കാതെ സത്യത്തിനു സാക്ഷ്യം വഹി ക്കാനുള്ള കാര്യക്ഷമമായ മാർഗ്ഗങ്ങൾ കണ്ടു പിടിക്കുന്നതിൽ വീണ്ടും വീണ്ടും വിജയിച്ച ജനങ്ങളുടെ അക്രമരഹിതമായ സമർപ്പണം കൊണ്ടാണ്, ഭാഗികമായ, സമാധാനപൂർണ്ണമായ ഈ രാഷ്ട്രീയ പരിവർത്തനം സാധ്യ മായത്. വി.ജോൺ പോൾ 2-ാമൻ മാർപാപ്പാ തുടർന്നു പറയുന്നു: "ആഭ്യ ന്തരതർക്കങ്ങളിൽ വർഗ്ഗസമരവും അന്താരാഷ്ട്രതർക്കങ്ങളിൽ യുദ്ധവും ഉപേ ക്ഷിച്ചുകൊണ്ട് നീതിക്കുവേണ്ടി അക്രമം കൂടാതെ യുദ്ധം ചെയ്യാൻ ജന ങ്ങൾ പഠിക്കട്ടെ."[11]

പല രാജ്യങ്ങളിലും അക്രമരഹിതമായ സമാധാനസ്ഥാപന സമരത ന്ത്രങ്ങളിൽ സഭ ഏർപ്പെട്ടിട്ടുണ്ട്. നീതിപൂർവ്വകവും ശാശ്വതവുമായ സമാ ധാനം സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള പരിശ്രമങ്ങളിൽ ഏറ്റവും അക്രമപ രമായ പാർട്ടികളിൽ പോലും പ്രവർത്തിച്ചിട്ടുണ്ട്.

അനീതിയുടെയും അക്രമത്തിന്റെയും ഇരകൾക്കുവേണ്ടിയുള്ള അത്തരം പരിശ്രമങ്ങൾ കത്തോലിക്കാ സഭയുടെ മാത്രം ഇഷ്ടദാനമല്ല. പിന്നെയോ പല മതപാരമ്പര്യങ്ങൾക്കും സവിശേഷമായിട്ടുള്ളതാണ്. അവ യിൽ "സഹതാപവും അക്രമരഹിത്യവും ജീവന്റെ വഴിചൂണ്ടിക്കാണിക്കുന്ന സാരാംശപരമായ ഘടകങ്ങളാണ്."[12] ഞാൻ വീണ്ടും ശക്തിയുക്തം ഉറപ്പിച്ചു പറയുന്നു: "ഒരു മതവും ഭീകരവാദപരമല്ല."[13] അക്രമം ദൈവനാമത്തെ ദുഷി പ്പിക്കുന്നു.[14] "ദൈവത്തിന്റെ നാമം അക്രമത്തെ നീതികരിക്കുന്നതിന് ഉപ യോഗിക്കാൻ പാടില്ല. സമാധാനം മാത്രമാണ് വിശുദ്ധം; സമാധാനം മാത്ര മാണ്, യുദ്ധമല്ല വിശുദ്ധം"[15] എന്നിങ്ങനെ ആവർത്തിച്ചു പറയുന്നതിൽ നാം ഒരിക്കലും തളരരുത്.

**അക്രമരഹിത രാഷ്ട്രീയത്തിന്റെ കുടുംബപരമായ വേരുകൾ**

5. അക്രമത്തിന്റെ ഉറവിടം മനുഷ്യഹൃദയങ്ങളിലാണുള്ളതെങ്കിൽ കുടുംബങ്ങളിൽ അക്രമരാഹിത്യം അഭ്യസിക്കുകയെന്നത് മൗലിക പ്രാധാന്യമുള്ള കാര്യമാണ്. സ്നേഹത്തിൽ നിന്നുള്ള സന്തോഷത്തിന്റെ ഭാഗമാണത്. അതിനെ സംബന്ധിച്ച് കഴിഞ്ഞ മാർച്ചു മാസത്തിൽ ഞാൻ പുറപ്പെടുവിച്ച "അമോരിസ് ലെത്തീസ്യ" (സ്നേഹത്തിന്റെ സന്തോഷം) എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഞാൻ വിവരിച്ചിട്ടുണ്ട്. വിവാഹത്തെയും കുടുംബത്തെയും സംബന്ധിച്ച് രണ്ടു വർഷം സഭ വിചിന്തനം ചെയ്തതിന്റെ പിന്നാലെയാണ് ആ ആഹ്വാനം പുറപ്പെടുവിച്ചത്. ദമ്പതികൾ, മാതാപിതാക്കൾ, കുട്ടികൾ, സഹോദരീ സഹോദരന്മാർ എന്നിവരെല്ലാം ആശയവിനിമയം നടത്താനും പരസ്പരം ഉദാരതാപൂർണ്ണമായ താത്പര്യം കാണിക്കാനും പഠിക്കുന്ന അനുപേക്ഷണീയമായ മൂശയാണ് കുടുംബം: അവിടെ സംഘർഷങ്ങൾ, സംഘട്ടനങ്ങൾ പോലും പരിഹരിക്കപ്പെടണം. ബലപ്രയോഗം കൊണ്ടല്ല, പിന്നെയോ സ്നേഹസംവാദം, ബഹുമാനം, അപരന്റെ നന്മയോടുള്ള താത്പര്യം, കാരുണ്യം, മാപ്പുകൊടുക്കൽ എന്നിവകൊണ്ടാണ് പരിഹരിക്കപ്പെടേണ്ടത്.[16] കുടുംബങ്ങളിൽ നിന്ന് സ്നേഹത്തിന്റെ സന്തോഷം ലോകത്തിലേക്ക് പ്രവഹിക്കുകയും മുഴുവൻ സമൂഹത്തിലേക്കും പ്രകാശം പ്രസരിപ്പിക്കുകയും ചെയ്യുന്നു.[17] വ്യക്തികൾ തമ്മിലും ജനതകൾ തമ്മിലുമുള്ള സാഹോദര്യത്തിന്റെയും സമാധാനപൂർവ്വകമായ സഹാസ്തിത്വത്തിന്റെയും പെരുമാറ്റ ശാസ്ത്രം അടിയുറപ്പിക്കേണ്ടത് ഭയത്തിന്റെയും അക്രമത്തിന്റെയും മനസ്സ് അടച്ചു പൂട്ടലിന്റെയും യുക്തിയിലല്ല. പിന്നെയോ ഉത്തരവാദിത്വത്തിന്റെയും ബഹുമാനത്തിന്റെയും ആത്മാർത്ഥമായ സംവാദത്തിന്റെയും യുക്തിയിലാണ്. അതുകൊണ്ട്, നിരായുധീകരണം, ന്യൂക്ലിയർ ആയുധങ്ങളുടെ നിരോധനം, അവയുടെ നീക്കിക്കളയൽ എന്നിവ നടപ്പാക്കാൻ ഞാൻ അഭ്യർത്ഥിക്കുന്നു. ന്യൂക്ലിയർ ആയുധങ്ങൾകൊണ്ട് ഭയപ്പെടുത്തി ഓടിക്കൽ, തീർച്ചപ്പെടുത്തിയ പരസ്പര നശീകരണം എന്നിവ അത്തരം ഒരു പെരുമാറ്റ ശാസ്ത്രത്തിൽ അടിയുറപ്പിക്കപ്പെടാനാവുകയില്ല.[18] കുടുംബപരമായ ക്രമങ്ങളും സ്ത്രീകളുടെയും കുട്ടികളുടെയും ദുരുപയോഗവും അവസാനിപ്പിക്കണമെന്ന് തുല്യമായ അടിയന്തിരാവശ്യത്തോടെ ഞാൻ അഭ്യർത്ഥിക്കുന്നു.

നവംബർ മാസത്തിൽ അവസാനിച്ച കരുണയുടെ ജൂബിലി നമ്മുടെ ഉള്ളിലേക്കു തിരിഞ്ഞു നോക്കാനും അവിടേയ്ക്ക് ദൈവത്തിന്റെ കാരുണ്യത്തെ പ്രവേശിപ്പിക്കാനും നമ്മെ ഓരോരുത്തരെയും പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. എത്രമാത്രം വ്യക്തികളും സാമൂഹികഗ്രൂപ്പുകളുമാണ് നിസ്സംഗതയോടെ പെരുമാറപ്പെടുന്നതും അനീതിക്കും അക്രമത്തിനും ഇരകളാക്കപ്പെടുന്നതും എന്ന് മനസ്സിലാക്കാൻ ജൂബിലി നമ്മെ പഠിപ്പിച്ചു. അത്തരം ആളുകളും നമ്മുടെ "കുടുംബ"ത്തിന്റെ ഭാഗമാണ്. അവരും നമ്മുടെ സഹോദരീസഹോദരന്മാരാണ്. അക്രമരാഹിത്യത്തിന്റെ രാഷ്ട്രീയം കുടുംബങ്ങളിൽ തുടങ്ങണം. എന്നിട്ട് അത് മുഴുവൻ മനുഷ്യകുടുംബത്തിലേക്കും വ്യാപിക്കണം. സ്നേഹത്തിന്റെ ചെറിയ വഴികൾ അഭ്യസിക്കാൻ ലിസ്യൂവിലെ

കൊച്ചുത്രേസ്യ നമ്മെ ക്ഷണിക്കുന്നു. സമാധാനവും സൗഹൃദബന്ധവും വിതയ്ക്കുന്ന ദയാപൂർണ്ണമായ ഒരു വാക്കോ ഒരു പുഞ്ചിരിയോ, ഒരു ചെറിയ ആംഗ്യമോ നഷ്ടപ്പെടുത്തരുതെന്ന് ആ വിശുദ്ധ നമ്മോട് പറയുന്നു. അക്രമത്തിന്റെ യുക്തി, ചൂഷണം, സ്വാർത്ഥത എന്നിവയെ തകർക്കുന്ന ലളിതമായ അനുദിന പ്രവൃത്തികൾകൊണ്ട് സമഗ്രമായ പരിസ്ഥിതിയും സൃഷ്ടിക്കാൻ കഴിയും.[19]

**എന്റെ ക്ഷണം**

പ്രവർത്തനക്ഷമമായ അക്രമരാഹിത്യത്തിലൂടെ സമാധാനം സ്ഥാപിക്കുകയെന്നത് സഭയുടെ നിരന്തര പരിശ്രമങ്ങൾക്കു ലഭിക്കുന്ന സ്വാഭാവികവും അവശ്യാവശ്യകവുമായ പ്രശംസയണ്. ധാർമ്മികനിയമങ്ങൾ പ്രയോഗിച്ച് ബലപ്രയോഗത്തിന്റെ ഉപയോഗത്തെ പരിമിതപ്പെടുത്തുന്നുണ്ട്. അവൾ അപ്രകാരം ചെയ്യുന്നത് അന്താരാഷ്ട്ര സ്ഥാപനങ്ങളിൽ നിർവ്വഹിക്കുന്ന ജോലികളിലൂടെയും എല്ലാ തലങ്ങളിലും നിയമനിർമാണം നടത്തുന്നതിന് അനേകം ക്രൈസ്തവർ നല്കുന്ന വൈദഗ്ധ്യമുള്ള സംഭാവനകളിലൂടെയുമാണ്. യേശുക്രിസ്തു തന്നെ മലയിലെ പ്രഭാഷണത്തിൽ സമാധാന സൃഷ്ടിക്കുള്ള ഉപായത്തിനു വേണ്ട “കൈപ്പുസ്തകം” നല്കുന്നുണ്ട്. ഭാഗ്യവാനും നല്ലവനും ആത്മാർത്ഥതയുള്ളവനെന്നു നമുക്കു വിവരിക്കാനാവുന്ന ഒരു വ്യക്തിയുടെ ചിത്രം അഷ്ടസൗഭാഗ്യങ്ങളിൽ നല്കുന്നുണ്ട് (cf മത്താ: 5:3-10). സൗമ്യശീലരും, കരുണാപൂർണരും, സമാധാനസ്ഥാപകരും, ഹൃദയശുദ്ധിയുള്ളവരും നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവരും ഭാഗ്യവാന്മാരാണെന്ന് യേശു നമ്മോടു പറയുന്നു.

രാഷ്ട്രീയ നേതാക്കൾക്കും മതനേതാക്കൾക്കും അന്താരാഷ്ടസ്ഥാപനങ്ങളുടെ തലവന്മാർക്കും ബിസിനസ്സിലും മീഡിയയിലും കാര്യ നിർവാഹകരായിക്കഴിയുന്നവർക്കും കൂടി ഇത് ഒരു കർമ്മപദ്ധതിയും വെല്ലുവിളിയുമാണ്. അവരുടെ ഉത്തരവാദിത്വങ്ങളുടെ നിർവ്വഹിക്കലിൽ അഷ്ടസൗഭാഗ്യം പ്രയോഗിക്കുക. സമാധാന സ്ഥാപകരായി പ്രവർത്തിച്ചുകൊണ്ട് സമൂഹം, സമുദായങ്ങൾ, ബിസിനസ്സ് എന്നിവ പടുത്തുയർത്താനുള്ള വെല്ലുവിളിയാണിത്. ആളുകളെ അവഗണിക്കാതെയും പരിസ്ഥിതിയെ ദ്രോഹിക്കാതെയും എന്തു വിലകൊടുത്തും ജയിക്കാൻ പരിശ്രമിക്കാതെയും കാരുണ്യം കാണിക്കുകയെന്നതാണത്. അങ്ങനെ ചെയ്യുന്നതിന് “ഒത്തൊരുമിച്ച് സംഘട്ടനങ്ങളെ നേരിടാനും അതു പരിഹരിക്കാനും പുതിയ ഒരു പ്രക്രിയയ്ക്ക് അതിനെ ഒരു ചങ്ങലക്കണ്ണിയാക്കാനുമുള്ള മനസ്സുണ്ടായിരിക്കണം.”[20] ചരിത്രം സൃഷ്ടിക്കാനും സമൂഹത്തിൽ സൗഹൃദബന്ധം സ്ഥാപിക്കാനുമുള്ള ഒരു മാർഗ്ഗമെന്ന നിലയിൽ ഐക്യദാർഢ്യത്തെ തിരഞ്ഞെടുക്കുകയെന്നതാണ് ഈ വിധത്തിൽ പ്രവർത്തിക്കുകയെന്നതിന്റെ അർത്ഥം. ഐക്യം യഥാർത്ഥത്തിൽ സംഘട്ടനത്തേക്കാൾ കൂടുതൽ ശക്തവും കൂടുതൽ ഫലദായകവുമാണെന്ന് കാണിക്കാനുള്ള ഒരു മാർഗ്ഗമാണ് പ്രവർത്തനക്ഷമമായ അക്രമരാഹിത്യം. ലോകത്തിലുള്ളതെല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നവയാണ്.[21] തീർച്ചയായും വ്യത്യാസങ്ങൾ സംഘർഷങ്ങൾക്ക് കാരണമാകും. എന്നാൽ അവയെ നിർമ്മാണാത്മകമായും അക്രമരഹിത

മായും നേരിടാം. അങ്ങനെ, "സംഘങ്ങൾക്കും എതിർപ്പുകൾക്കും വിവിധ രീതികളിലുള്ളതും ജീവദായകവുമായ ഐക്യം നേടാനാവും. രണ്ടു കക്ഷി കൾക്കും സാധുവായിട്ടുള്ളതും ഉപകാരപ്രദമായിട്ടുള്ളതും സംരക്ഷിച്ചു കൊണ്ട് അതു നേടാനാവും.[22]

സജീവവും സർഗാത്മകവുമായ അക്രമരാഹിത്യത്തിലൂടെ സമാധാനം സ്ഥാപിക്കാനുള്ള എല്ലാ പരിശ്രമങ്ങളിലും സഭയുടെ സഹായമുണ്ടാകുമെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നു. സമഗ്ര മാനുഷിക വികസനത്തെ വളർത്തു ന്നതിനുള്ള പുതിയ വകുപ്പ് 2017 ജനുവരി 1-ന് പ്രവർത്തിച്ചു തുടങ്ങും. പൂർവ്വാധികം കാര്യക്ഷമമായ വിധത്തിൽ "നീതി സമാധാനം സൃഷ്ടി സംരക്ഷണം" എന്നീ അമൂല്യനന്മകളെ പോഷിപ്പിക്കാൻ സഭ നടത്തുന്ന പ്രവർത്തനങ്ങളെ അതു സഹായിക്കും. കുടിയേറ്റക്കാർ, ആവശ്യത്തിൽപെ ട്ടവർ, രോഗികൾ, സമുദായത്തിൽനിന്നും പുറംതള്ളപ്പെട്ടവർ, പാർശ്വവത്ക രിക്കപ്പെട്ടവർ, ബന്ധനസ്ഥർ, തൊഴിൽ രഹിതർ എന്നിവരെയും അതു പോലെ സായുദ്ധ യുദ്ധത്തിന്റെയും പ്രകൃതിക്ഷോഭങ്ങളുടെയും അടിമ ത്തത്തിന്റെയും പീഡനത്തിന്റെയും എല്ലാ രൂപങ്ങളിലുംപെട്ടവരോടുള്ള"[23] സഭയുടെ താത്പര്യം വളർത്താൻ അതു സഹായിക്കും. അത്തരത്തിലുള്ള ഓരോ പ്രത്യുത്തരവും - അത് എത്ര മിതമാണെങ്കിലും - അക്രമ വിമുക്ത മായ ഒരു ലോകം പടുത്തുയർത്താൻ സഹായിക്കും. അത് നീതിയിലേക്കും സമാധാനത്തിലേക്കുമുള്ള ആദ്യത്തെ ചുവടുവയ്പായിരിക്കും.

7. പാരമ്പര്യമനുസരിച്ച് ഇന്ന് ഡിസംബർ 8-ാംതീയതി, കന്യകാമറി യത്തിന്റെ അമലോത്ഭവത്തിരുനാൾ ദിവസം, ഈ സന്ദേശത്തിൽ ഞാൻ ഒപ്പു വയ്ക്കുന്നു. മറിയം സമാധാനരാജ്ഞിയാണ്. അവളുടെ പുത്രൻ ജനിച്ച പ്പോൾ മാലാഖമാർ ദൈവമഹത്ത്വത്തെ പ്രകീർത്തിക്കുകയും ഭൂമിയിൽ സന്മനസ്സുള്ള സകല സ്ത്രീ പുരുഷന്മാർക്കും സമാധാനം ആശംസിക്കു കയും ചെയ്തു (cf ലൂക്ക: 2:14). അവളുടെ മാർഗ്ഗനിർദ്ദേശത്തിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

"നമ്മൾ എല്ലാവരും സമാധാനം ആവശ്യപ്പെടുന്നു. അനേകം പേർ അനുദിനം ചെറിയ ആംഗ്യങ്ങളിലൂടെയും പ്രവൃത്തികളിലൂടെയും സമാ ധാനം സ്ഥാപിക്കുന്നുണ്ട്. അവരിൽ പലരും പീഡ സഹിക്കുന്നവരാണ്, എന്നാലും സമാധാനസ്ഥാപകരാകാനുള്ള പരിശ്രമങ്ങളിൽ അവർ ക്ഷമാ പൂർവ്വം നിലനില്ക്കുന്നു."[24]

നമ്മുടെ ഹൃദയങ്ങളിൽനിന്നും വാക്കുകളിൽനിന്നും പ്രവൃത്തിക ളിൽനിന്നും അക്രമം ഒഴിവാക്കാനും അക്രമാസക്തിയില്ലാത്തവരാകാനും നമ്മുടെ പൊതു ഭവനത്തെ സംരക്ഷിക്കുന്ന അക്രമരഹിത സമൂഹങ്ങളെ പടുത്തുയർത്താനും 2017-ാം വർഷത്തിൽ നമുക്ക് പ്രാർത്ഥനയോടെ സജീ വമായി സ്വയം സമർപ്പിക്കാം. "പ്രാർത്ഥനയിൽ ദൈവത്തിലേക്കു തിരിഞ്ഞാൽ ഒന്നും അസാധ്യമാകുകയില്ല. എല്ലാ വ്യക്തിക്കും സമാധാനസ്ഥാപകനാ കാൻ സാധിക്കും."[25]

**ഫ്രാൻസീസ് മാർപാപ്പാ**

വത്തിക്കാനിൽ നിന്ന്
8 ഡിസംബർ 2016

# ക്രൈസ്തവരുടെ ഐക്യത്തിനായുള്ള പ്രാർത്ഥനാവാരം 2017

അഭിവന്ദ്യ പിതാക്കന്മാരെ, വൈദിക സഹോദരങ്ങളെ,

*കെ.സി.ബി.സി. ഡയലോഗ് ആന്റ് എക്യുമെനിസം കമ്മീഷനിൽ നിന്നും സ്നേഹാശംസകൾ!*

ലോകമെമ്പാടും വിവിധ മതങ്ങൾ തമ്മിലുള്ള സംഘർഷങ്ങൾക്ക് അയവുവരുത്താനും, വിവിധ സഭകൾ തമ്മിലുള്ള ഐക്യത്തിന് ശക്തി പകരാനും പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പാ നൽകി വരുന്ന ശക്തമായ ആത്മീയ നേതൃത്വത്തിന് നമുക്ക് ദൈവത്തിന് നന്ദി പറയാം. ഈ വർഷത്തെ സഭൈക്യവാര പ്രാർത്ഥനകൾ പരിശുദ്ധ പിതാവിന്റെ ശ്രമങ്ങൾക്ക് വലിയ പിന്തുണനൽകുന്നവയാണ്. കഴിഞ്ഞ ആറുവർഷക്കാലമായി കേരളത്തിലെ സഭൈക്യശുശ്രൂഷകൾക്കും മത സൗഹാർദ്ദ പ്രവർത്തനങ്ങൾക്കും നേതൃത്വം വഹിച്ച കെ.സി.ബി.സി. ഡയലോഗ് ആന്റ് എക്യുമെനിസം കമ്മീഷന്റെ ചെയർമാനായിരുന്ന കോട്ടയം അതിരൂപത ആർച്ച് ബിഷപ്പും ഇപ്പോഴത്തെ കെ.സി. ബി.സി. സെക്രട്ടറി ജനറലുമായ അഭിവന്ദ്യ മാത്യു മൂലക്കാട്ട് പിതാവിന്റെ സ്നേഹശുശ്രൂഷകൾക്ക് പ്രത്യേകം നന്ദി പറയുന്നു.

2017-ലെ ക്രൈസ്തവൈക്യത്തിനുള്ള പ്രാർത്ഥനാവാരത്തിന്റെ വിചിന്തന വിഷയം 2കൊറി. 5:14-20 ഭാഗത്തെ അടിസ്ഥാനമാക്കി ''ക്രിസ്തുവിന്റെസ്നേഹം നിർബന്ധമായും ആവശ്യപ്പെടുന്ന അനുരഞ്ജനം'' എന്നതാണ്. ഇത് രൂപപ്പെട്ട പശ്ചാത്തലവും തിരഞ്ഞെടുക്കാനുണ്ടായ സാഹചര്യവും അഭിമുഖത്തിൽ വിശദമായി അവതരിപ്പിച്ചുകൊണ്ടാണ് ഈ വർഷത്തെ സഭൈക്യവാര പ്രാർത്ഥനകൾ ക്രോഡീകരിച്ചിരിക്കുന്നത്. ലോകമെമ്പാടും വിവിധ ക്രൈസ്തവ സഭകൾ ആവേശത്തോടെ ഈ പ്രാർത്ഥനാവാരത്തിൽ പങ്കെടുക്കുമ്പോൾ മതസൗഹാർദ്ദത്തിനും സഭൈക്യശ്രമങ്ങൾക്കും ശ്രദ്ധേയമായ ശ്രമങ്ങൾ നടത്തി വരുന്ന കേരളത്തിലെ ക്രൈസ്തവസഭകൾക്കും വിശിഷ്യ കത്തോലിക്കാസഭയ്ക്കും ഈ പ്രാർത്ഥനാവാരം ഏറെ പ്രധാനപ്പെട്ടതാണ്. നമ്മുടെ എല്ലാ ദേവാലയങ്ങളിലും ഈ പ്രാർത്ഥനകൾ ചൊല്ലുവാനും സഭൈക്യവാരത്തിൽ വിവിധ സഭകളുമായി ചേർന്ന്

കൂട്ടായ പ്രാർത്ഥനകൾക്ക് വേദിയൊരുക്കുവാനും നമുക്ക് കഴിയട്ടെ. ഈ പ്രാർത്ഥനകൾ ഒരുക്കുവാൻ സഹായിച്ച ബഹുമാനപ്പെട്ട ജോസഫ് സുഗുൺ ലിയോൺ അച്ചനെ നന്ദിയോടെ ഓർക്കുന്നു.

പ്രാർത്ഥനാശംസകളോടെ,

**റൈറ്റ് റവ. ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ**
ചെയർമാൻ, കെസിബിസി കമ്മീഷൻ ഫോർ ഡയലോഗ്
ആന്റ് എക്യുമെനിസം
**ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്**
**ആർച്ച് ബിഷപ് തോമസ് മാർ കൂറിലോസ്**
വൈസ് ചെയർമാൻമാർ
**ഫാ. റോബി കണ്ണൻചിറ സി. എം.ഐ.**
സെക്രട്ടറി

**ഫാ. വർഗ്ഗീസ് മടത്തികുന്നത്ത്** (മൂവാറ്റുപുഴ)
**ഫാ.ജോസഫ് സുഗുൺ ലിയോൺ** (കൊല്ലം രൂപത)
**ഫാ. ചെറിയാൻ കറുകപറമ്പിൽ** (ചങ്ങനാശ്ശേരി അതി രൂപത)
ജോയിന്റ് സെക്രട്ടറിമാർ

## 2017-ൽ വിചിന്തനത്തിനായുള്ള ബൈബിൾ ഭാഗം

ക്രിസ്തുവിന്റെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നൽകുന്നു; കാരണം ഒരുവൻ എല്ലാവർക്കും വേണ്ടി മരിച്ചുവെന്നും അതിനാൽ എല്ലാവരും മരിച്ചുവെന്നും ഞങ്ങൾക്ക് ബോധ്യമുണ്ട്. ജീവിക്കുന്നവർ ഇനിയും തങ്ങൾക്ക് വേണ്ടി ജീവിക്കാതെ, തങ്ങളെപ്രതി മരിക്കുകയും ഉയിർക്കുകയും ചെയ്തവനുവേണ്ടി ജീവിക്കേണ്ടതിനാണ് അവിടുന്ന് എല്ലാവർക്കും വേണ്ടി മരിച്ചത്. അതിനാൽ, ഇപ്പോൾ മുതൽ ഞങ്ങൾ ആരെയും മാനുഷികമായ കാഴ്ചപ്പാടിൽ വീക്ഷിക്കുന്നില്ല. ഒരിക്കൽ ഞങ്ങൾ മാനുഷികമായ കാഴ്ചപ്പാടിൽ ക്രിസ്തുവിനെ വീക്ഷിച്ചിരുന്നു. ഇനിയൊരിക്കലും അങ്ങനെ ചെയ്യുകയില്ല. ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്. പഴയതു കടന്നുപോയി. എല്ലാം നവീനമായി തീർന്നിരിക്കുന്നു. ഞങ്ങളെ ക്രിസ്തുവഴി തന്നോട് രമ്യതപ്പെടുത്തുകയും രമ്യതയുടെ ശുശ്രൂഷ ഞങ്ങൾക്ക് നൽകുകയും ചെയ്ത ദൈവത്തിൽ നിന്നാണ് ഇവയെല്ലാം. അതായത്, ദൈവം മനുഷ്യരുടെ തെറ്റുകളെയും അതിക്രമങ്ങളെയും അവർക്കെതിരായി പരിഗണിക്കാതെ, രമ്യതയുടെ സന്ദേശം ഞങ്ങളെ ഭരമേല്പ്പിച്ചുകൊണ്ട് ക്രിസ്തുവഴി ലോകത്തെ തന്നോട് രമ്യതപ്പെടുത്തുകയായിരുന്നു. അതിനാൽ ഞങ്ങൾ ക്രിസ്തുവിന്റെ സ്ഥാനപതികളാണ്. കാരണം ഞങ്ങൾ വഴി ദൈവം നിങ്ങളോട് അഭ്യർത്ഥിക്കുന്നു: നിങ്ങൾ ദൈവത്തോട് രമ്യതപ്പെടുവിൻ.

**2017-ലെ വിചിന്തന വിഷയത്തിന്റെ അവതാരിക (ഉപക്രമം)**
**ജർമനി : ലൂതറൻ നവോത്ഥാനത്തിന്റെ നാട്**

1517-ൽ തന്റെ 95 ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ട് അന്നത്തെ സഭയിലുണ്ടായിരുന്ന അധികാര ദുർവിനിയോഗങ്ങളെക്കുറിച്ചുള്ള ഉത്കണ്ഠകൾ മാർട്ടിൻ ലൂതർ അവതരിപ്പിക്കുകയുണ്ടായി. പാശ്ചാത്യ സഭയുടെ അസ്തിത്വത്തെ നൂറ്റാണ്ടുകളായി സ്വാധീനിക്കുകയും വേർതിരിച്ചു കാണിക്കുകയും ചെയ്ത നവോത്ഥാന പ്രസ്ഥാനങ്ങളിൽ പ്രധാനമായ ഈ ചരിത്രസംഭവത്തിന്റെ അഞ്ഞൂറാം വാർഷികമാണ് 2017-ൽ, ജർമനിയിലെ സഭാവിഭാഗങ്ങൾ തമ്മിലുള്ള ബന്ധങ്ങളിൽ ഇതൊരു തർക്കവിഷയമായി നിലകൊണ്ടുവരുന്നു; കഴിഞ്ഞ ഏതാനും വർഷങ്ങളായി അതിന്റെ സ്വാധീനം അനല്പമായി കണ്ടുവരുന്നു. ജർമനിയിലെ ഇവാൻജെലിക്കൽ സഭ ഈ വാർഷികാചരണത്തിനായി 2008 മുതൽ ഒരുക്കങ്ങൾക്ക് ഉത്തേജനം നൽകിവരികയാണ്. ഓരോ വർഷവും നവോത്ഥാന പ്രസ്ഥാനത്തിന്റെ ഓരോ സവിശേഷവശത്തിലേക്കും ശ്രദ്ധ ക്ഷണിച്ചുകൊണ്ടും കേന്ദ്രീകരിച്ചു കൊണ്ടുമാണ് ഒരുക്കങ്ങൾക്ക് ഉത്തേജനം നൽകി വരുന്നത്.

ഉദാഹരണങ്ങൾ:- നവോത്ഥാനവും രാഷ്ട്രീയവും, നവോത്ഥാനവും വിദ്യാഭ്യാസവും. 1571-ലെ ഈ ചരിത്രസംഭവങ്ങളെ അനുസ്മരിക്കുന്ന ആചരണങ്ങളിൽ സഹായിക്കാനും സഹകരിക്കാനും പലതല സ്ഥലങ്ങളിൽ തങ്ങളോടൊത്ത് പ്രവർത്തിക്കുന്ന സഭാ ഐക്യ പ്രവർത്തകരെ ഇവാൻ ജെലിക്കൽ സഭ ആഹ്വാനം ചെയ്തിട്ടുണ്ട്.

വിശദവും വിശാലവും എന്നാൽ ഇടയ്ക്കിടയ്ക്ക് ദുർഘടവുമായ ചർച്ചകൾക്കുശേഷം ജർമനിയിലെ സഭകൾ ഒരു സമവായത്തി ലെത്തുകയുണ്ടായി. അത് ഈ നവോത്ഥാന പ്രസ്ഥാനത്തിന്റെ അനുസ്മര ണങ്ങൾ സഭാഐക്യ പശ്ചാത്തലത്തിൽ ഒരു ക്രിസ്താചരണവും ക്രിസ്താഘോഷവും ആകണമെന്നാണ്. ക്രൈസ്തവ വിശ്വാസത്തിന്റെ കേന്ദ്രബിന്ദുവായി യേശുക്രിസ്തുവിനും ക്രിസ്തുവിന്റെ രമ്യതാ പ്രവർത്തനങ്ങൾക്കും ഊന്നൽ കൊടുക്കുകയാണെങ്കിൽ, സഭ ഐക്യ പ്രവർത്തകരായി ഇവാൻജെലിക്കൽ സഭയുമായി സഹകരിക്കുന്ന റോമൻ കാത്തലിക്, ഓർത്തഡോക്സ്, ബാപ്പിസ്റ്റ്, മെത്തോഡിസ്റ്റ്, മെന്നോനൈറ്റ് തുടങ്ങിയ സഭാവിഭാഗങ്ങൾക്ക് ഈ വാർഷികാഘോഷങ്ങളിലും ആചരണത്തിലും പങ്കുകൊള്ളാവുന്നതാണ്.

വേദനാജനകമായൊരു വിഭജനത്തിന്റെ ചരിത്രമാണ് നവോത്ഥാന പ്രസ്ഥാനത്തിന്റേത്. അതിന്റെ പശ്ചാത്തലത്തിൽ അപഗ്രഥിക്കുമ്പോൾ ഒത്തുചേർന്നുള്ള ആഘോഷവും ആചരണവും ശ്രദ്ധാർഹമായ നേട്ടമാണ്. ഈ അനുസ്മരണത്തെയും ആചരണത്തെയും സംയുക്തബോധം സംജ്ഞാതമാക്കുവാൻ സഭാ ഐക്യത്തിനായുള്ള ലൂതറൻ-റോമൻ കാത്തലിക് സമിതി അത്യദ്ധ്വാനം ചെയ്തിട്ടുണ്ട്. ഈ സമിതിയുടെ പ്രധാനപ്പെട്ട പഠനരേഖയാണ് "മാനസിക മത്സരങ്ങളിൽ നിന്നും അഭിപ്രായ

വ്യത്യാസങ്ങളിൽ നിന്നും ഐക്യത്തിലേക്ക്" എന്ന മാർഗ്ഗദർശനം. സഭാ ഐക്യ പ്രവർത്തന കാലഘട്ടത്തിൽ ഇരുസഭകളും അവരവരുടെ വൈവിധ്യമാർന്ന പാരമ്പര്യങ്ങളോടുകൂടെ തന്നെ ഈ വാർഷികാചാരണത്തിനായി ഒരുങ്ങുകയും പങ്കെടുക്കുയും ചെയ്യണം എന്നാണ് ഈ സംയുക്തസമതി അഭിപ്രായപ്പെടുന്നതും ആവശ്യപ്പെടുന്നതും.

അമ്പതു വർഷത്തോളം സുദീർഘമായ സംവാദങ്ങളിലൂടെയുണ്ടായ നേട്ടങ്ങളുടെയും ഓരോ വിഭാഗത്തിന്റെ ചരിത്രത്തെയും ദൈവശാസ്ത്രത്തെയും കുറിച്ചുള്ള പുതിയ ദർശനങ്ങളുടെയും പ്രചാരണങ്ങളുടെയും ധാരണകളുടെയും അടിസ്ഥാനത്തിൽ വേണം ഈ സംയുക്ത ആഘോഷവും ആചരണവുമെന്ന് ഈ സമിതി ആവശ്യപ്പെടുന്നു. ഈ സംയുക്ത പഠനരേഖയിൽ വളരെ ശ്രദ്ധാർഹമായൊരു പ്രസ്താവനയുണ്ട്. നവോത്ഥാന പ്രസ്ഥാനത്തിലെ വിവാദനിദാനങ്ങളായ ദൈവശാസ്ത്ര ഉൾക്കാഴ്ചകളെ മാറ്റിനിർത്തിയാൽ, ഇന്നത്തെ സഭയോട് ലൂതർ ഉയർത്തുന്ന വെല്ലുവിളികളെ കത്തോലിക്കർക്ക് കേൾക്കാൻ സാധിക്കും.

നൂറ്റാണ്ടുകളായുള്ള ദോഷാരോപണങ്ങളുടെയും അപകീർത്തിപ്പെടുത്തലുകളുടെയും പിന്നാലെ 2017-ൽ ലൂതറൻ ക്രൈസ്തവരും കത്തോലിക്കാ ക്രൈസ്തവരും ആദ്യമായി ഒരുമിച്ച് നവോത്ഥാനത്തിന്റെ ആരംഭത്തിന്റെ ആചരണത്തിലും ആഘോഷവേളകളിലും പങ്കുചേരുന്നതായിരിക്കും. ഈ ഉടമ്പടിയിൽനിന്നും പൂർവ്വാർത്ഥം വിശാലമായ ഐക്യപ്രവർത്തന പശ്ചാത്തലത്തിൽ നിന്നുമാണ് ഈ വർഷത്തെ ക്രൈസ്തവൈക്യത്തിനായുള്ള പ്രാർത്ഥനാ വാരത്തിന്റെ വിചിന്തനവിഷയം ഉതിർന്നു വരുന്നത്. (ക്രിസ്തുവിന്റെ സ്നേഹം നിർബന്ധപൂർവ്വം ആവശ്യപ്പെടുന്നതും. (2 കൊറി. 5: 11-20)

**ജർമനിയിലെ സഭകളുടെ സമിതിയും 20-ലെ നവോത്ഥാന വാർഷികവും**

1517-ന്റെ ചരിത്രപ്രാധാന്യത്തെ അനുസ്മരിക്കാൻ ജർമനിയിലെ സഭകളുടെ സമിതി വിവിധ പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. ഒരു സംരഭത്തിന്റെ നാമധേയം ഇപ്രകാരമാണ്. "ബൈബിളിലെ നിധികളെ പുതുതായി കണ്ടെത്തുക''. ഇത് മാർട്ടിൻ ലൂതർ ബൈബിളിന്റെ അർത്ഥത്തിന് നൽകിയ പ്രാധാന്യത്തെ അനുസ്മരിപ്പിക്കുന്നതാണ്. ഇതിന്റെ പശ്ചാത്തലത്തിൽ ജർമനിയിലെ സഭകളുടെ സമിതിയിൽ അംഗങ്ങളായ വിഭാഗങ്ങളൊക്കെ അവരവരുടെ ബൈബിൾ ദർശനങ്ങളുടെയും ബൈബിളിനോടുള്ള സമീപനങ്ങളുടെയും വിശദീകരണ ഗ്രന്ഥങ്ങൾ എഴുതുകയുമുണ്ടായി. ഇവയെല്ലാം ലഘുലേഖയായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന് പുറമെ വിറ്റെൻ ബേർഗിലെ സഭാസമിതി അംഗങ്ങളായ വിഭാഗങ്ങളുടെ പള്ളികളിലേക്ക് പ്രതീകാത്മക തീർത്ഥാടനം നടത്തുകയുണ്ടായി. തീർത്ഥാടനത്തിൽ ഓരോ വിഭാഗവും പങ്കെടുത്തു, അഭിപ്രായങ്ങൾ അവതരിപ്പിച്ചു, ബൈബിളുമായിട്ടുള്ള ബന്ധം അനന്യമായ രീതിയിൽ ആഘോഷിക്കുകയും ചെയ്തു. 2015 ഏപ്രിലിൽ ഈ

സഭാസമിതി ഒരു ചർച്ചാസമ്മേളനം സംഘടിപ്പിക്കുകയുണ്ടായി. ചർച്ചാ വിഷയം ഇതായിരുന്നു : "കുറവുകൾ പരിഹരിക്കാനാവാത്ത രീതിയിൽ വിഭജിതരോ? അനുഗ്രഹനിർഭരമായ നവീകരണമോ? സഭാഐക്യ അധിഷ്ടിതമായ ദർശനങ്ങളിൽ 500 വർഷത്തെ നവോത്ഥാനം". ചർച്ചയുടെ വിശദാംശങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി.

ഈ വാർഷികാചരണത്തിന്റെ പശ്ചാത്തലത്തിലാണ്, സഭകളുടെ ആഗോളസമിതിയുടെ ആഹ്വാനപ്രകാരം ജർമനിയിലെ സഭകളുടെ സമിതി ക്രൈസ്തവ ഐക്യത്തിനായുള്ള ഈ വർഷത്തെ പ്രാർത്ഥനാവാരത്തിനാവശ്യമായ വിഭവങ്ങൾ ഒരുക്കാനുള്ള ഉദ്യമം ഏറ്റെടുത്തത്. വ്യത്യസ്ത സഭകളെ പ്രതിനിധീകരിക്കുന്ന പത്തംഗങ്ങളുള്ള ഒരു സമിതി ആവശ്യമായ പ്രസംഗധാര വാക്യങ്ങളും ചർച്ചാവിചിന്തനാധാരവിഷയങ്ങളും വികസിപ്പിച്ചെടുക്കുവാൻ 2014-15 കാലയളവിൽ മൂന്ന് പ്രാവശ്യം സമ്മേളിക്കുകയുണ്ടായി. സഭാ ഐക്യപ്രാർത്ഥനാവാരത്തിലെ ആരാധനാ ശുശ്രൂഷാ ക്രമീകരണത്തിന് പ്രത്യേക ഊന്നൽ നല്കുകയുണ്ടായി. പ്രാർത്ഥനാവാരത്തിന്റെ പൊതുവായ ഉദ്ദേശ്യത്തിന് ഉതകുന്നതും അതേ സമയം ലൂതറൻ നവോത്ഥാനത്തെ അനുസ്മരിക്കുന്നതിന് ഉപയുക്തമായതും ആയിരിക്കണം വിചിന്തിനാധാര വിഷയങ്ങളും പ്രസംഗധാര വാക്യങ്ങളും എന്ന നിർദ്ദേശവുമുണ്ടായി.

**2017-ലെ ക്രൈസ്തവാക്യത്തിനായുള്ള പ്രാർത്ഥനാവാരത്തിന്റെ വിചിന്തിനവിഷയം**

2014-ലെ ശരത്കാലത്ത് ജർമനിയിലെ ദേശീയ ആസൂത്രണ സമിതി സമ്മേളിച്ചപ്പോൾ, ക്രൈസ്തവ ഐക്യത്തിനായുള്ള പ്രാർത്ഥനാവാരത്തിനാവശ്യമായ വിചിന്തിനവിഭവങ്ങളിൽ രണ്ട് കാര്യങ്ങൾക്ക് പ്രാധാന്യം നൽകണമെന്നത് വ്യക്തമായി:

ഒന്ന്- ദൈവസ്നേഹത്തിന്റെയും ദൈവാനുഗ്രഹങ്ങളുടെയും ആഘോഷാചരണങ്ങൾ ഉണ്ടായിരിക്കണം, മാനവരാശിയുടെ നീതീകരണം ദൈവകൃപയിലൂടെ മാത്രമെന്നതിന് ഊന്നൽ കൊടുക്കണം, മാർട്ടിൻ ലൂതറിന്റെ നവോത്ഥാനപ്രസ്ഥാനം സ്വാധീനിച്ചിട്ടുള്ള സഭകളുടെ പ്രമുഖ പരിഗണനകളെക്കുറിച്ച് വിചിന്തനവും പഠനവും ഉണ്ടാകണം.

രണ്ട്-വിഭജനാനന്തരം സഭയെ ഞെരുക്കുകയും സന്തോഷിപ്പിക്കുകയും ചെയ്ത കാര്യങ്ങൾ വേർതിരിച്ച് മനസ്സിലാക്കി അംഗീകരിക്കണം, തെറ്റു തുറന്നു പറയണം, രമ്യതയ്ക്കായുള്ള നടപടികൾ സ്വീകരിക്കാനുള്ള അവസരം നല്കണം.

ഒടുവിൽ ഫ്രാൻസിസ് മാർപാപ്പായുടെ 2013-ലെ അപ്പസ്തോലിക ആഹ്വാനമായ 'സുവിശേഷത്തിന്റെ സന്തോഷം' ആണ് ഈ വർഷത്തെ വിചിന്തന വിഷയം നൽകിയത്, "ക്രിസ്തുവിന്റെ സ്നേഹം നമ്മെ നിർബന്ധിക്കുന്നു" എന്ന ബൈബിൾ ഉദ്ധരണി ഈ ആഹ്വാനത്തിലുണ്ട്. വി.പൗലോസ് കൊറിന്തിയർക്ക് എഴുതി രണ്ടാം ലേഖനത്തിന്റെ പശ്ചാത്തലത്തിൽ ഉതിർന്നുവരുന്ന ഈ വേദവാക്യത്തിന്റെ അടിസ്ഥാന

ത്തിലാണ് 2017-ലെ ക്രൈസ്തവ ഐക്യത്തിനായുള്ള പ്രാർത്ഥനാ വാരത്തിന്റെ വിചിന്തന വിഷയം ജർമൻ സഭാസമിതി രൂപവൽക്കരിച്ചത്.

**വിചിന്തനവിഷയമായ ബൈബിൾ ഭാഗം (2 കൊറി. 25:14-20)**

സർവ്വ സൃഷ്ടിക്കുമായി ദൈവം നൽകുന്ന അനുഗ്രഹ നിർഭരമായ സംഭാവനയാണ് അനുരഞ്ജനവും രമ്യതയും എന്ന വസ്തുതയാണ് ഈ ബൈബിൾ ഭാഗം പ്രാമുഖ്യം നൽകി അവതരിപ്പിക്കുന്നത്. തനിക്കെതിരെയുള്ള അപരാധങ്ങൾ പരിഗണിക്കാതെ ദൈവം ലോകവുമായി രമ്യപ്പെട്ടു. അനുരഞ്ജനത്തിന്റെ സന്ദേശം നമ്മെ ഭാരമേൽപ്പിച്ചു. ദൈവത്തിന്റെ ഉദാരമായ ഈ നടപടിയിലൂടെ ക്രിസ്തുവുമായി രമ്യപ്പെട്ട വ്യക്തിക്ക് ഒരു ദൗത്യമുണ്ട്: വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും അനുരഞ്ജനത്തെ ആഘോഷപൂർവ്വം പ്രഘോഷിക്കണം.

"ക്രിസ്തുവിന്റെ സ്നേഹം നമ്മെ നിർബന്ധിക്കുന്നു." (14-11) "അതിനാൽ നമ്മൾ ക്രിസ്തുവിന്റെ സന്ദേശവാഹികളും സ്ഥാനപതികളുമാണ്; കാരണം ദൈവം അവിടുത്തെ ആഹ്വാനം നടത്തുന്നത് നമ്മളിലൂടെയാണ്. ക്രിസ്തുവിന്റെ നാമധേയത്തിൽ ഞങ്ങൾ നിങ്ങളോട് അഭ്യർത്ഥിക്കുന്നു "ദൈവവുമായി രമ്യപ്പെടുക." (ന. 20) രമ്യത ത്യാഗമില്ലാതെ സാധിക്കില്ലെന്നാണ് ഈ വിചിന്തനഭാഗം എടുത്തുപറയുന്നത്. യേശു നമുക്കുവേണ്ടി അവിടുത്തെ ജീവൻ ബലിയർപ്പിച്ചു. എല്ലാവർക്കും വേണ്ടിയാണ് അവിടുന്ന് മരിച്ചത്. അനുരഞ്ജനത്തിന്റെ സന്ദേശവാഹികളായ ക്രിസ്തുവിന്റെ സ്ഥാനപതികൾ അതുപോലെ ജീവൻ ബലിയർപ്പിക്കാൻ വിളിക്കപ്പെട്ടവരാണ്. ഇനിമേൽ അവർ അവർക്കുവേണ്ടിയല്ല ജീവിക്കുന്നത്; അവർക്കായി ജീവത്യാഗം ചെയ്തവനുവേണ്ടി ജീവിക്കുന്നു.

എട്ടുദിവസങ്ങളിലെ ആരാധനാശുശ്രൂഷയിൽ 2.കൊറി. 5:14-20 എന്ന ബൈബിൾ ഭാഗം വിചിന്തനത്തിനാവശ്യമായവ രൂപീകരിക്കുന്നു.

ഇവ ചുവടെ ചേർത്തിരിക്കുന്ന ബൈബിൾ വാചകങ്ങളെ ക്കുറിച്ചുള്ള ദൈവശാസ്ത്രപരമായ ഉൾക്കാഴ്ചകൾ നല്കുന്നു:-

ഒന്നാം ദിനം : എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചു.

രണ്ടാം ദിനം : അവരവർക്കുവേണ്ടി ജീവിക്കാതിരിക്കുക.

മൂന്നാം ദിനം : മാനുഷിക വീക്ഷണ കോണത്തിൽനിന്നും ആരെയും വിലയിരുത്താതിരിക്കുക.

നാലാം ദിനം : പഴയതെല്ലാം കടന്നുപോയി.

അഞ്ചാം ദിനം : എല്ലാം നവീകരിക്കപ്പെട്ടിരിക്കുന്നു.

ആറാം ദിനം : ദൈവം നമ്മളോട് രമ്യപ്പെട്ടിരിക്കുന്നു.

ഏഴാം ദിനം : അനുരജ്ഞനത്തിന്റെ ശുശ്രൂഷ

എട്ടാം ദിനം : ദൈവവുമായുള്ള രമ്യത

ക്രിസ്തുവിലൂടെ ദൈവം മാനവരാശിയുമായി രമ്യപ്പെട്ടിരിക്കുന്നു എന്നുള്ള യാഥാർത്ഥ്യം സഭകളുടെ ഐക്യത്തിനായുള്ള ആരാധനാശുശ്രൂഷയിൽ ആഘോഷപൂർവ്വം പ്രഘോഷിക്കപ്പെടേണ്ടതാണ്. ദൈവചന

ഘോഷണം ശ്രവിക്കുന്നതിന് മുൻപും ദയാനിർഭരമായ ദൈവത്തിന്റെ പാപമന്നിപ്പിന്റെ ആഴമുള്ള അരുവികളിൽ നിന്നും ആവോളം നുകരുന്നതിന് മുൻപും പാപസങ്കീർത്തനം നടത്തേണ്ടതാണ്. എന്നാൽ മാത്രമേ അനുരഞ്ജനവും രമ്യതയും നമുക്ക് സാക്ഷ്യപ്പെടുത്താൻ സാധിക്കു കയുള്ളു.

**സാക്ഷ്യം വഹിക്കാൻ നിർബന്ധിതർ**

ക്രിസ്തുവിന്റെ സ്നേഹം പ്രാർത്ഥിക്കാൻ നമ്മെ നിർബന്ധിക്കുന്നു; പക്ഷെ പ്രാർത്ഥനയ്ക്കും അതീതമായി സഭകളുടെ ഐക്യത്തിനായി പ്രവൃത്തികളുടെ ഐക്യത്തിനായി പ്രവർത്തിക്കുവാൻ നിർബന്ധിക്കുന്നു. ജീവന്റെ വറ്റാത്ത സ്രോതസ്സായി ദൈവവുമായുള്ള രമ്യതയുടെ ദാനം വിശ്വാസികളുടെ സമൂഹങ്ങൾക്കും സഭാവിഭാഗങ്ങൾക്കും ആവശ്യമാണ്. ലോകസമക്ഷം നല്കേണ്ട പൊതുവായ സാക്ഷ്യത്തിനും അത് ആവശ്യാണ്. "അവരെല്ലാവരും ഒന്നായിരിക്കാൻ വേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങിലും അയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്നു ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. (യോ.17:21)

ദൈവവുമായി നമ്മെ രമ്യപ്പെടുത്തിയ യേശുക്രിസ്തുവിന്റെ നാമത്തിൽ, വിഭജനങ്ങളെ തച്ചുടയ്ക്കാനും പുതുബന്ധങ്ങളുടെ പാലങ്ങൾ പണിയാനും സമാധാനം സ്ഥാപിക്കാനും പുതുജീവിത മാർഗ്ഗങ്ങളിലേക്ക് വാതിലുകൾ തുറന്നിടാനും കഴിവുള്ള അനുരഞ്ജനത്തിന്റെ ശുശ്രൂഷകരെ ലോകത്തിന് ആവശ്യമുണ്ട്. അവിടുത്തെ നാമധേയത്തിൽ അനുരഞ്ജന ത്തിന്റെ പാതയിലേക്ക് നയിക്കുന്നു.

2015-ൽ ഈ വിചിന്തനഭാഗം എഴുതപ്പെട്ടുകൊണ്ടിരുന്നപ്പോൾ, സിറിയ, അഫ്ഗാനിസ്ഥാൻ, എറിട്രിയ, പടിഞ്ഞാറൻ ബാൽക്കൻസ് തുടങ്ങിയ രാജ്യങ്ങളിൽനിന്നും സംരക്ഷണവും പുതുജീവിതവും തേടിയെത്തിയ അനേകായിരം അഭയാർത്ഥികൾക്ക് അഭയം നൽകിക്കൊണ്ട് ജർമനിയിലെ ജനങ്ങളും സഭകളും അനുരജ്ഞാനത്തിന്റെ പൊരുൾ പ്രാവർത്തികമാക്കു കയായിരുന്നു. പ്രാവർത്തിക തലത്തിലെ സഹായവും വിദേശിയോട് പുലർത്തിയിരുന്ന വംശീയവിദ്വേഷത്തിനെതിരെയുള്ള ശക്തമായ നടപടികളും ജർമൻ ജനതയ്ക്ക് അനുരഞ്ജനത്തിന്റെ വ്യക്തമായ സാക്ഷ്യമായിരുന്നു. അനുരഞ്ജനത്തിന്റെ ശുശ്രൂഷകൻ എന്ന നിലയിൽ, സഭാവിഭാഗങ്ങൾ പുതിയ ഭവനങ്ങൾ കണ്ടെത്താൻ അഭയാർത്ഥികളെ സജീവമായി സഹായിച്ചു. അവർ വിട്ടുപോന്ന രാജ്യങ്ങളിലെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ പരിശ്രമിക്കുകയും ചെയ്തു. അനുരഞ്ജനത്തിനും സമാധാനത്തിനും വേണ്ടി ഒരുമിച്ച് പ്രാർത്ഥിക്കുന്ന തുപോലെ സഹായത്തിനായുള്ള സമൂർത്ത പ്രവർത്തന പദ്ധതികളും ആവശ്യമാണ്. എന്നാൽ മാത്രമേ സ്വന്തം നാടുകളിലെ ഭയാനകമായ സാഹചര്യങ്ങളിൽ നിന്നും പലായനം ചെയ്തെത്തുന്നവർക്ക് പ്രതീക്ഷയും ആശ്വാസവും എന്താണെന്ന് അറിയാൻ കഴിയുകയുള്ളൂ.

ദൈവത്തിന്റെ ഉദാരമായ അനുരഞ്ജനത്തിന്റെ വറ്റാത്ത ഉറവയിൽ നിന്നും അനുഗ്രഹങ്ങൾ ഈ വർഷത്തെ പ്രാർത്ഥനാവാരത്തിൽ നിറഞ്ഞു കവിഞ്ഞൊഴുകട്ടെയെന്ന് പ്രാർത്ഥിക്കാം. അതിലൂടെ ജനങ്ങൾ സമാധാനം കണ്ടെത്താനും ബന്ധങ്ങളുടെ പുതിയ പാലങ്ങൾ പണികഴിപ്പിക്കപ്പെടാനും സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കാം. വിഭജനത്തിന്റെ മതിലുകൾ തകർക്കാനും രമ്യതയുടെ ജീവിതം നയിക്കുവാനും ജനങ്ങളും സഭാവിഭാഗങ്ങളും ക്രിസ്തുവിന്റെ സ്നേഹത്താൽ നിർബന്ധിതരാകട്ടെ എന്ന് പ്രാർത്ഥിക്കാം.

**സഭകളുടെ ഐക്യത്തിനായുള്ള ആരാധനാശുശ്രൂഷ ആരാധനയ്ക്കായുള്ള ആമുഖം**

**നവോത്ഥാന പ്രസ്ഥാനത്തിന്റെ അഞ്ഞൂറാം വാർഷികത്തിന്റെ അനുസ്മരണം:**

ക്രൈസ്തവ ഐക്യത്തിനായുള്ള ഈ വാർഷിക അനുസ്മരണാചരണത്തെ “ക്രിസ്തുഫെസ്റ്റ്” ആയി ആഘോഷിക്കാനാണ് ജർമനിയിലെ സഭാവിഭാഗങ്ങൾ തീരുമാനിച്ചിരിക്കുന്നത്. ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ ഈശ്വരകൃപയാൽ ലഭിക്കുന്ന രക്ഷയിൽ ശ്രദ്ധ പുനർകേന്ദ്രീകരിച്ച അവസരമായിരുന്നു ‘‘നവോത്ഥാനം’’. ക്രിസ്തുവിന്റെ കുരിശിൽ കേന്ദ്രീകൃതമായ ദേവദത്ത ദാനമായ രക്ഷയിലാണ് നമ്മൾ ആനന്ദം കൊള്ളുന്നത്. ക്രിസ്തു വിഭജനങ്ങളെ അതിജീവിക്കുന്നു, നമ്മെ ഒരുമിപ്പിക്കുന്നു. നവോത്ഥാനശേഷം സംജാതമായ വിഭജനങ്ങളുടെ പാപങ്ങൾ ഏറ്റുപറയാനും ഈശ്വരന്റെക്ഷമ യാചിക്കാനുമാണ് ഈ ആരാധനാ ശുശ്രൂഷ ‘‘ക്രിസ്തുഫെസ്തി’’ന്റെയും ക്രിസ്തുവിന്റെ അനുരഞ്ജന കർമ്മത്തിന്റെയും ശുശ്രൂഷകർ എന്ന നിലയിൽ ക്രിസ്തുവിന്റെ സന്ദേശവാഹകരും സ്ഥാനപതികളുമാകേണ്ട ക്രൈസ്തവർ വിഭാഗീയതയുടെ മതിൽക്കെട്ടുകൾക്കുള്ളിലാണ്. അവരുടെ ഹൃദയങ്ങൾക്കാവശ്യമായ ചാലകശക്തിയാണ് ക്രിസ്തുവിന്റെ അനുരഞ്ജന കർമ്മം.

**ആരാധനാ ശുശ്രൂഷയുടെ ഉള്ളടക്കം**

യേശുവിലുള്ള വിശ്വാസത്തിലൂടെ നമുക്ക് ലഭിച്ച പിൻവലിക്കപ്പെടാത്ത ഈശ്വരദാനമായ അനുരഞ്ജനത്തെ ആചരിക്കാനും ആഘോഷിക്കാനുമാണ് ‘‘അനുരഞ്ജനം ക്രിസ്തുവിന്റെ സ്നേഹം നമ്മെ നിർബന്ധിപ്പിക്കുന്നു” എന്ന വിഷയം നമ്മോട് ആഹ്വാനം ചെയ്യുന്നത്. വിഭജനങ്ങൾക്ക് അതീതമായി അനുരഞ്ജനത്തിന്റെ കർമ്മങ്ങളിലേക്ക് നമ്മെ നയിക്കുന്ന ചാലകശക്തിയാകണം ക്രിസ്തുവിന്റെ സ്നേഹം. ഈശ്വരന്റെ അത്ഭുതജനകമായ പ്രവൃത്തികളെ പ്രകീർത്തിച്ചുകൊണ്ടും സങ്കീർത്തനങ്ങളും സ്തുതിഗീതങ്ങളും ആലപിച്ചുകൊണ്ടും ക്രിസ്തുവിന്റെ നാമത്തിൽ നമ്മൾ ഒത്തുചേരണം. വിഭജനത്തിന്റെ പാപങ്ങൾ ഏറ്റുപറയണം. മാപ്പിനായി യാചന ഉയർത്തുകയും വേണം. “എല്ലാവർക്കുമായി മരണം വരിച്ച” ക്രിസ്തുവിന്റെ അനുരഞ്ജന കർമ്മത്തെയാണ് വചനപ്രഘോഷണം പ്രമുഖമാക്കികാട്ടേണ്ടത്. ഈ സദ്വാർത്തയോട് വിശ്വാസികൾ

പ്രതികരിക്കേണ്ടത് അനുരഞ്ജനത്തിന്റെ ശുശ്രൂഷകരാകാനുള്ള ദൈവവിളി അംഗീകരിച്ചുകൊണ്ടാണ്.

**ശുശ്രൂഷയിലെ പ്രതീകാത്മക കർമ്മങ്ങൾ മതിൽ**

ബെർലിൻ മതിലിന്റെ പതനത്തിന് 1989 സാക്ഷ്യം വഹിച്ചു. അത് പൗരസ്ത്യ ജർമനിയിൽ (കിഴക്കൻ ജർമനി) സമാധാന പ്രാർത്ഥനാ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. ജനാലകളിലും കതകുകളിലും തിരികൾ കൊളുത്തിവച്ച് ജനങ്ങൾ സ്വാതന്ത്ര്യത്തിനായി പ്രാർത്ഥിച്ചു. 1989 വരെ ജർമൻ ഡെമോക്രാറ്റിക് റിപ്പബ്ലിക്കിന്റെ നേതാക്കളിൽ ഒരാളായിരുന്ന ഹോഴ്സ്റ്റ് സിൻഡെൻമാർക്ക് ഇപ്രകാരം പരാമർശിക്കുകയുണ്ടായി. " എല്ലാം ഞങ്ങൾ ആസൂത്രണം ചെയ്തിരുന്നു. തിരികൾക്കും പ്രാർത്ഥനകൾക്കും വേണ്ടി മാത്രമല്ല, എല്ലാറ്റിനായും ഞങ്ങൾ ഒരുങ്ങിയിരുന്നു. അതിനാലത്രേ ക്രൈസ്തവർക്കിടയിലുള്ള വിഭാഗീയതയെ മതിലാകുന്ന പ്രതീകത്തിലൂടെയും ആഗ്രഹിക്കുന്ന അനുരഞ്ജനത്തെ മതിലിനെ തകർക്കുന്ന പ്രതീകത്തിലൂടെയും അവതരിപ്പിക്കുന്നത്. തരണം ചെയ്യാൻ സാധിക്കാത്തതായി തോന്നുന്ന വിഭാഗീയതയുള്ള അവസരങ്ങളിൽ ഇത് പ്രതീക്ഷയുടെ പ്രതീകമായി തീരാൻ സാധ്യതയുണ്ട്. കുമ്പസാര സമയത്ത് പ്രതീകാത്മകമായൊരു മതിലിന്റെ നിർമ്മാണം, ദൈവവചന പ്രഘോഷണ സമയത്ത് ആ മതിലിന്റെ സുദൃശ്യമായ സാന്നിദ്ധ്യം, ഒടുവിൽ പ്രതീകാത്മാവായി മതിൽ പൊളിച്ച് പ്രതീക്ഷയുടെ ചിഹ്നമായി കുരിശിന്റെ രൂപത്തിലാക്കുന്നത്, ഇവ ഭയാനകമായ വിഭജനങ്ങൾ എന്തൊക്കെയാണെന്ന് പറയാനും ദൈവസഹായത്താൽ അവ തരണം ചെയ്യാനും നമുക്ക് ധൈര്യം നൽകുന്നതായിരിക്കും.

**നിർദേശങ്ങൾ/ ആവശ്യമായ സാധനങ്ങൾ : മതിൽ നിർമാണവും അത് പൊളിച്ചു മാറ്റലും**

"നമ്മുടെ പാപങ്ങൾ ജനിപ്പിച്ച് മതിലുകൾ" : സംക്ഷിപ്തവും സാരസമ്പുഷ്ടവുമായ ആമുഖാനന്തരം വിശ്വാസി സമൂഹത്തിലെ ചിലർ നമ്മൾ ഏറ്റു പറയുന്ന പാപങ്ങളുടെയും വിഭജനങ്ങളുടെയും പ്രതീകമായി ഒരു മതിൽ നിർമ്മിക്കേണ്ടതാണ്." വിശ്വാസത്തോടെ പ്രതിവചിക്കുക-രമ്യതയിൽ ജീവിക്കുക" എന്നശീർഷകം ഉള്ള ഭാഗം വരെ ഈ പ്രതീകാത്മ മതിൽ ഗോചരമായി നിൽക്കേണ്ടതാണ്. ഈ ഘട്ടത്തിലാണ് പ്രതീകാത്മക മതിൽ മാറി കുരിശിന്റെ രൂപമാക്കേണ്ടത്.

**ആരാധന ശുശ്രൂഷയ്ക്ക് ലഭ്യമായ പ്രതീകാത്മപ്രവൃത്തിയ്ക്കായി ഇനി രേഖപ്പെടുത്തുന്ന കാര്യങ്ങൾ ഒരുക്കാവുന്നതാണ്:**

ഒരേ അളവിലുള്ള 12 പെട്ടികൾ (പാദരക്ഷകൾ വില്ക്കാൻ കടകളിൽ നിന്നും ലഭിക്കുന്ന പെട്ടികൾ പോലുള്ളത്) ഇവ പൊതിഞ്ഞു കല്ലുകളായി ഉപയോഗിക്കാവുന്നതാണ്. ഓരോ പെട്ടിയുടെയും മുൻഭാഗത്ത് ശ്രദ്ധേയവും പ്രമുഖവുമായ ഒരു പദപ്രയോഗം രേഖപ്പെടുത്തേണ്ടതാണ്. (സ്നേഹ രാഹിത്യം, വെറുപ്പും അവജ്ഞയും, സത്യത്തിനു നിരക്കാത്ത കുറ്റാരോപണങ്ങൾ, വിവേചനം, പീഢനം, ഐക്യത്തിലുണ്ടായ തകർച്ച,

സഹിഷ്ണതയില്ലായ്മ, മതാധിഷ്ഠിത പോരാട്ടങ്ങൾ, വിഭജനം, അധികാര ദുർവിനിയോഗം, ഒറ്റപ്പെടുത്തൽ, അഹങ്കാരം). ഓരോ പാപവും ഏറ്റുപറയപ്പെടുമ്പോൾ, അത് രേഖപ്പെടുത്തിയ ഓരോ കല്ലും മുമ്പോട്ട് കൊണ്ടുവന്ന് സ്ഥാപിക്കേണ്ടതാണ്. അല്പനേരം മൗനം പാലിച്ച ശേഷം കല്ലു കൊണ്ടുവരുന്ന വ്യക്തി പാപപൊറുതിക്കായുള്ള യാചന നടത്തേണ്ട താണ്. അപ്പോൾ വിശ്വാസി സമൂഹം ഇപ്രകാരം പ്രതിവചിക്കണം : "ഞങ്ങളോട് തെറ്റു ചെയ്യുന്നവരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ തെറ്റുകളും ക്ഷമിക്കേണമേ."

വായന, പ്രഘോഷണാനന്തരം സംക്ഷിപ്തമായ പ്രഭാഷണം, അതിനുശേഷം അനുരഞ്ജനത്തിനായുള്ള പ്രാർത്ഥന. മതിൽ പൊളിച്ചു മാറ്റുമ്പോഴും കല്ലുകൾ കുരിശിന്റെ രൂപത്തിലാക്കുമ്പോഴും അനുരഞ്ജ നത്തിന്റെ ഗാനം അല്ലെങ്കിൽ കുരിശിന്റെ മഹത്വത്തെ പ്രകീർത്തിക്കുന്ന ഗാനം ആലപിക്കേണ്ടതാണ്.

ചെറിയ വിശ്വാസി സംഘങ്ങൾക്കായി മതിലിന് പകരം വ്യക്തി പരമായ സംരക്ഷണങ്ങളുള്ള ആരാധനാക്രമം അഭിലഷണീയമാണ്. സാക്ഷ്യങ്ങളുടെ ഒന്നാം ഭാഗത്ത് അന്യർക്ക് വേദനയുളവാക്കിയ സാഹചര്യങ്ങൾ വിശദീകരിക്കേണ്ടതാണ്. രണ്ടാം ഭാഗമായ വിശ്വാസികളുടെ പ്രതിവചനസമയത്ത് അനുരഞ്ജനത്തിന്റെയും മാനസികവും വൈകാരികവും ആധ്യാത്മികവുമായ മുറിവുകളെ സുഖപ്പെടുത്തി യതിന്റെയും സാക്ഷ്യങ്ങൾ നൽകാവുന്നതാണ്.

**തിരികൾ**

വിശ്വാസപ്രമാണ പ്രഘോഷണത്തിന് ശേഷം നാല് മധ്യസ്ഥ പ്രാർത്ഥനകൾ ആലപിക്കണം. ഓരോ മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കുശേഷവും മൂന്നുപേർ ഒരു പ്രധാന ദീപത്തിൽ നിന്നും തിരി കൊളുത്തി എടുക്കണം. (പെസഹാ മെഴുകുതിരി പ്രധാന ദീപമായി ഉപയോഗിക്കാം) തിരികൾ കൊളുത്തിയെടുത്തവർ" ക്രിസ്തുവിനാൽ നിയോഗിത സംഘം എന്ന ശീർഷകമുള്ള ഭാഗംവരെ തിരികളുമായി നില്ക്കേണ്ടതാണ്. തദനന്തരം ഈ പന്ത്രണ്ടുപേർ വിശ്വാസി സമൂഹത്തിന് മുഴുവൻ തിരികളും നല്കേണ്ടതാണ്. ഉൾക്കൊണ്ട കൃപയും നവോർജവുമായി പിരിഞ്ഞുപോകാനുള്ള ആഹ്വാനത്തോടെയും ആശീർവാദത്തോടെയും ആരാധനാശുശ്രൂഷ അവസാനിപ്പിക്കാവുന്നതാണ്.

**ആരാധനാ ശുശ്രൂഷാക്രമം**

ലീ - ലീഡർ
സി - കോൺഗ്രേഗേഷൻ
റീ - റീഡർ

## I. യേശുവിന്റെ നാമത്തിൽ സഞ്ചയിതർ

ലീ: ക്രിസ്തുവിൽ പ്രിയസഹോദരീ സഹോദരന്മാരേ,

ഈ വർഷം അനേകം ക്രൈസ്തവരും സഭാവിഭാഗങ്ങളും നവോത്ഥാനത്തിന്റെ വാർഷികാചരണം നടത്തുന്നതായിരിക്കും. ദൈവം

ക്രിസ്തുവിലൂടെ നമ്മെ രക്ഷപ്പെടുത്തിയിരിക്കുന്നെന്നും അനുരഞ്ജന ത്തിന്റെ ശുശ്രൂഷകരാകാൻ ക്രിസ്തുവിന്റെ സ്നേഹം നമ്മെ നിർബന്ധിതരാക്കുന്നുവെന്നുമാണ് വി. പൗലോസ് ശീഹാ നമ്മെ അനുസ്മരിപ്പിക്കുന്നത്.

98-ാം സങ്കീർത്തനം/ മറ്റൊരു സ്തുതിഗീതം

**II. നമ്മുടെ പാപങ്ങളാൽ വിഭജിതർ (കുമ്പസാരം)**

ലീ:- അനേകം നവോത്ഥാനനീക്കങ്ങൾ സഭയിലുണ്ടായിട്ടുള്ളതായി ചരിത്രത്തിൽ കാണാൻ സാധിക്കും. സഭ തന്റെ ശിരസായ ക്രിസ്തുവിലേക്ക് ആഴത്തിൽ പരിവർത്തിതയാകേണ്ട ആവശ്യം എപ്പോഴും അനുഭവിക്കു ന്നുണ്ട്. ചിലപ്പോഴൊക്കെ നവോത്ഥാന നീക്കങ്ങൾ ഉദ്ദേശിക്കപ്പെടാത്ത വിഭജനങ്ങളിലേക്ക് നയിച്ചിട്ടുണ്ട്. യേശു തന്റെ പിതാവിനോട് പ്രാർത്ഥിച്ചത് വി.യോഹന്നാന്റെ സുവിശേഷം 17:23-ൽ ഇപ്രകാരമാണ്: "അവർ പൂർണ്ണമായും ഒന്നാകേണ്ടതിന് ഞാൻ അവരിലും അവിടുന്ന് എന്നിലും ആയിരിക്കുന്നു. അങ്ങനെ, അങ്ങ് എന്നെ അയച്ചുവെന്നും അങ്ങ് എന്നെ സ്നേഹിച്ചതുപോലെ തന്നെ അവരെയും സ്നേഹിച്ചുവെന്നും ലോകം അറിയട്ടെ." വിഭജനം ഈ പ്രാർത്ഥനയുടെ നിഷേധമാണ്. നമുക്ക് നമ്മുടെ പാപങ്ങൾ ഏറ്റുപറയാം. പാപപ്പൊറുതിക്കായും വിഭജനങ്ങൾ സംജാത മാക്കിയ മുറിവുകൾ സുഖപ്പെടുത്തുന്നതിനായും നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ പാപങ്ങൾ ഏറ്റുപറയുമ്പോൾ എങ്ങനെ നമ്മെ വിഭജിച്ചു മതിലായിതീർന്നുവെന്ന് ധ്യാനിച്ചു മനസിലാക്കാം.

നിശബ്ദതയുടെ ഇടവേള

ലി : നമുക്ക് പ്രാർത്ഥിക്കാം :

സ്വർഗ്ഗസ്ഥനായ പിതാവേ, ക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ അവിടുത്തെ മുൻപിലെത്തുന്നു. അവിടുത്തെ പരിശുദ്ധാരൂപിയാൽ നവോത്ഥാനം എന്താണെന്ന് ഞങ്ങൾ അനുഭവിച്ചറിയുന്നു. എന്നിരുന്നാലും ഞങ്ങൾ വിഭജനത്തിന്റെ മതിലുകൾ നിർമ്മിക്കുന്നു. ഈ മതിലുകൾ ഐക്യത്തെയും ഏകോദര സഹോദര ഭാവത്തെയും തടസ്സപ്പെടുത്തുന്നു. വിഭജനത്തിന്റെ മതിലുകളുടെ കല്ലുകളെ ഞങ്ങൾ അങ്ങയുടെ മുൻപിൽ കൊണ്ടുവരുന്നു. സൗഖ്യത്തിനായും പാപ പ്രാപ്തിക്കായും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സി : ആമേൻ

(ഓരോ പാപത്തിന്റെയും പേര് എടുത്തു പറയുമ്പോൾ അതിന്റെ പ്രതീകമായ കല്ല് വിഭജനത്തിന്റെ പ്രതീകം നിർമ്മിക്കാൻ വേണ്ടി കൊണ്ടുവയ്ക്കേണ്ടതാണ്. നിശബ്ദതയുടെ ഒരു നിമിഷം)

ലി : വിഭജനത്തിന്റെ മതിലിലെ ഒരു കല്ല് സ്നേഹരാഹിത്യതലമാണ്. ("സ്നേഹരാഹിത്യം" എന്നു രേഖപ്പെടുത്തിയ കല്ല് സ്ഥാപിക്കുന്നു.)

റീ : കൃപാനിധിയായ ദൈവമേ, ഞങ്ങൾ പരസ്പരം കാട്ടിയ വിദ്വേഷത്തിനും അവജ്ഞയ്ക്കും മാപ്പിരക്കാൻ ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു. ആയതിനാൽ എളിമയോടെ ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സി : ഞങ്ങളോടും .........
ലി : വിഭജന മതിലിലെ മറ്റൊരു കല്ല് അടിസ്ഥാനരഹിതമായ ആരോപണമാണ്. (ഇത് രേഖപ്പെടുത്തിയ കല്ല് മുൻപിൽ വയ്ക്കുന്നു.)
റീ : കൃപാധനനായ ദൈവമേ, പരസ്പരം തരംതാഴ്ത്തി പറഞ്ഞതിനും അടിസ്ഥാനരഹിത ആരോപണങ്ങൾ ഉയർത്തിയതിനും ക്ഷമ ചോദിക്കാൻ ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിതരാക്കുന്നു. ആയതിനാൽ ഞങ്ങൾ എളിമയോടെ പ്രാർത്ഥിക്കുന്നു.
സി : ഞങ്ങളോട്..........
ലീ : വിഭജന മതിലിലെ മറ്റൊരു കല്ല് വിഭജനമാണ്. (ഇപ്രകാരം രേഖപ്പെടുത്തിയ കല്ല് മുൻപിൽ വയ്ക്കുന്നു.)
റീ : കൃപാനിധിയായ ദൈവമേ, ഞങ്ങൾ പുലർത്തുകയും ഞങ്ങളെ തകർക്കുകയും ചെയ്ത മുൻധാരണകൾക്കും വിവേചനങ്ങൾക്കും പൊറുതി യാചിക്കാൻ ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിതരാക്കുന്നു. ആയതിനാൽ ഞങ്ങൾ വിനയപൂർവ്വം പ്രാർത്ഥിക്കുന്നു.
സി : ഞങ്ങളോട് ...........
(ആലപിച്ച് അവതരിപ്പിക്കാവുന്ന പ്രതിവചനങ്ങൾ പ്രാദേശിക സമിതികൾക്ക് തിരഞ്ഞെടുക്കാവുന്നതാണ്.)
ലി: വിഭജനമതിലിലെ മറ്റൊരു കല്ല് പീഡനമാണ്. (ഇപ്രകാരം രേഖപ്പെടുത്തിയ കല്ല് മുൻപിൽ വയ്ക്കുന്നു.)
റീ: കൃപാധനനായ ദൈവമേ, പരസ്പരം പീഡിപ്പിക്കുകയും വേദനിപ്പിക്കുകയും ചെയ്തതിന് ക്ഷമയാചിക്കാൻ ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു. ആയതിനാൽ ഞങ്ങൾ സവിനയം പ്രാർത്ഥിക്കുന്നു.
സി: ഞങ്ങളുടെ ...........
ലീ: വിഭജന മതിലിലെ മറ്റൊരു കല്ല് തകർന്ന ഐക്യമാണ്. (ഇപ്രകാരം രേഖപ്പെടുത്തിയ കല്ല് മുൻപിൽ വയ്ക്കുന്നു)
റീ: കൃപ നിറഞ്ഞ ദൈവമേ, സഭാവിഭാഗങ്ങൾ തമ്മിൽ അനൈക്യം നിലനിർത്തിക്കൊണ്ട് വന്നതിന് മാപ്പിരക്കാൻ ഞങ്ങളെ ക്രിസ്തുവിന്റെ സ്നേഹം നിർബന്ധിക്കുന്നു. ആയതിനാൽ ഞങ്ങൾ സവിനയം പ്രാർത്ഥിക്കുന്നു.
സി: ഞങ്ങളോട്..........
ലീ: വിഭജനമതിലിലെ മറ്റൊരു കല്ല് മതാസ്പദമായ യുദ്ധങ്ങളാണ്. (ഇപ്രകാരം രേഖപ്പെടുത്തിയ കല്ല് മുൻപിൽ വയ്ക്കുന്നു.)
റീ: കൃപ തന്നെയായ ദൈവമേ, ഏകദൈവമായ നിന്നെ മറന്നു ഞങ്ങളുടെ പേരിൽ ഞങ്ങൾ നടത്തിയ പോരാട്ടങ്ങൾക്ക് ക്ഷമ യാചിക്കാൻ ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു. ആയതിനാൽ ഞങ്ങൾ വിനയപൂർവ്വം പ്രാർത്ഥിക്കുന്നു.
സി: ഞങ്ങളോട് .........
(പ്രതിവചന സങ്കീർത്തനാലാപനം)
ലി: വിഭാഗീയതയാണ് മറ്റൊരു കല്ല്. (ഇപ്രകാരം രേഖപ്പെടുത്തിയ കല്ല് മുൻപിൽ വയ്ക്കുന്നു.)

റീ: കൃപാധനനായ ദൈവമേ, വിഭാഗീയതയിൽ നിഷേധാത്മകമായി ക്രൈസ്തവ ജീവിതം നയിച്ചതിനും സൗഖ്യദായക ശുശ്രൂഷയിലൂടെ സൃഷ്ടിയെ പൂർണ്ണതയിൽ എത്തിക്കാനുള്ള ഞങ്ങൾക്കുള്ള പൊതുവായ ദൗത്യത്തിൽ നിന്നും വ്യതിചലിച്ചുപോയതിനും മാപ്പിരക്കാൻ ക്രിസ്തുവിന്റെ സ്നേഹത്താൽ നിർബന്ധിതരായി ഞങ്ങൾ വിനയത്തോടെ പ്രാർത്ഥിക്കുന്നു.

സി: ഞങ്ങളോട്.............

റീ: കൃപാസ്രോതസായ ദൈവമേ, അധികാര ദുർവിനിയോഗം നടത്തിയതിന് മാപ്പു ചോദിക്കാൻ ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു. ആയതിനാൽ വിനയമോടെ പ്രാർത്ഥിക്കുന്നു.

സി: ഞങ്ങളോട്.............

ലീ: വിഭജനമതിലിലെ മറ്റൊരു കല്ലാണ് "ഒറ്റപ്പെടുത്തൽ". (അപ്രകാരം രേഖപ്പെടുത്തിയ കല്ല് മുൻപിൽ വയ്ക്കുന്നു.)

റീ: കാരുണ്യവാനായ ദൈവമേ, ഞങ്ങൾ വസിക്കുന്ന സമൂഹങ്ങളിൽ നിന്നും ഞങ്ങളുടെ സഹോദരങ്ങളെ ഒറ്റപ്പെടുത്തിയതിനും അവരിൽ നിന്നും അകന്നതിനും ക്ഷമ യാചിക്കാൻ ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു. ആയതിനാൽ വിനയപൂർവ്വം ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സി: ഞങ്ങളോട്.............

ലി: വിഭജനമതിലിലെ മറ്റൊരു കല്ല് അഹങ്കാരമാണ്. (അപ്രകാരം രേഖപ്പെടുത്തിയ കല്ല് മുൻപിൽ വയ്ക്കുന്നു)

റീ: ഞങ്ങളുടെ അഹങ്കാരത്തിനു മാപ്പിരക്കാൻ ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു. ആയതിനാൽ വിനയപൂർവ്വം ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സി : ഞങ്ങളോട്.............

**പ്രതിവചന സങ്കീർത്തനാലാപനം**

**"കർത്താവേ ഞങ്ങളോട് ക്ഷമിക്കേണമേ"**

ലി : നമുക്ക് പ്രാർത്ഥിക്കാം. കർത്താവായ ഞങ്ങളുടെ ദൈവമേ, ഞങ്ങൾ നിർമ്മിച്ച ഈ മതിൽ അങ്ങ് കാണുന്നുവല്ലോ. ഇതു ഞങ്ങളെ പരസ്പരം അകറ്റുന്നു. ഞങ്ങളെ അങ്ങയിൽനിന്നും അകറ്റുന്നു. ഞങ്ങളുടെ അപരാധങ്ങൾ പൊറുക്കേണമേ. ഞങ്ങളെ സുഖപ്പെടുത്തേണമേ. വിഭജനമതിലുകളെ തരണം ചെയ്യാൻ ഞങ്ങളെ സഹായിക്കേണമേ. അങ്ങിൽ ഞങ്ങൾ ഒന്നാകാൻ ഇടയാക്കേണമേ.

സി: ഞങ്ങളോട്.............

(ധ്യാനത്തിനുതകുന്ന മൃദുവായ സംഗീതം)

III. ദൈവവുമായി രമ്യപ്പെടുക, ദൈവവചനം ശ്രവിക്കുക

ഒന്നാം വായന : എസെക്കിയേൽ 36 : 25 - 27

പ്രതിവചന സങ്കീർത്തനം : 18 : 25 - 32 (പാടാവുന്നതാണ്)

പ്രതിവചനം : കർത്താവേ! എന്റെ ശക്തിയുടെ ഉറവിടമേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നു.

വിശ്വസ്തനോട് അങ്ങ് വിശ്വസ്തത പുലർത്തുന്നു.

# രൂപതാകച്ചേരി വാർത്തകൾ

**സീറോ മലബാർ മിഷൻ പ്രേഷിതവാരം ജനുവരി 6-12**

സീറോമലബാർ സഭയുടെ വിവിധമിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മിഷനറിമാരെയും മിഷനറി പ്രവർത്തനങ്ങളെയും അനുസ്മരിക്കുവാനും അറിയുവാനും മിഷൻ പ്രവർത്തനങ്ങളുടെ വിജയത്തിനായി പ്രാർത്ഥിക്കുവാനും സീറോമലബാർ മിഷനെ സഹായിക്കുവാനുമായി പ്രത്യേകമായി മാറ്റി വച്ചിരിക്കുന്ന അവസരമാണല്ലോ സീറോമലബാർ മിഷൻ വാരാചരണം. 2017 ജനുവരി 6 മുതൽ 12 വരെയാണ് സീറോമലബാർ മിഷൻ വാരമായി ആചരിക്കുന്നത്. സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് മിഷൻവാരത്തെ അധികരിച്ച് നൽകിയിട്ടുള്ള സർക്കുലർ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ദിവസം വായിക്കുകയും വേണ്ടത്ര മുൻ ഒരുക്കങ്ങളോടെ വാരാചരണം നടത്തുകയും ചെയ്യാൻ ശ്രദ്ധിക്കുകയും മിഷനുവേണ്ടി സമാഹരിച്ച തുക ജനുവരി 30-ാം തീയതിക്കകം രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യേണ്ടതാണ്.

**സ്നേഹസ്മരണ: മോൺ. ജോസഫ് കണിയാമറ്റം**

മാനന്തവാടി രൂപതയുടെ ആരംഭം മുതൽ അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിനോട് ചേർന്ന് രൂപതയുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിച്ച ബഹു. ജോസഫ് കണിയാമറ്റത്തിൽ അച്ചൻ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടിട്ട് 2017 ജനുവരി 17 ന് മൂന്ന് വർഷം തികയുന്നു. അന്നേദിവസം സീയോൻ ചാപ്പലിൽ രാവിലെ 7 മണിക്ക് വി.കുർബാനയും സെമിത്തേരിയിൽ ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്. ജനുവരി 29 ന് നമ്മുടെ പ്രിയപ്പെട്ട ജോസഫ് കോട്ടേപ്പറമ്പിലച്ചന്റെ ചരമവാർഷിക ദിനമാണ്. അച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം സ്മരിക്കാം.

## Young Priests' Course

യുവവൈദികരുടെ കോഴ്സ് 2017 ജനുവരി 30 മുതൽ ഫെബ്രുവരി 2 വരെയായിരിക്കും. പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് ഡിസംബർ മാസത്തിലെ ബുള്ളറ്റിനിൽ കൊടുത്തിട്ടുണ്ട്. ആ ദിവസങ്ങളിലെ പരിപാടികൾ മുൻകൂട്ടി ക്രമീകരിച്ച് നിർബന്ധമായും കോഴ്സിൽ സംബന്ധിച്ചിരിക്കണം.

## Appointment

Rev.Fr. Manoj Kavalakkadan - Diocesan Director, Pro-Life Movement (w.e.f. 01-01-2017)

**മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ** - പ്രോട്ടോസിഞ്ചെല്ലൂസ്

# വൈദികരുടെ മാസധ്യാനം

## നടവയൽ ഫൊറോന

2016 നവംബർ മാസം നടവയൽ ഫൊറോനയിലെ വൈദികരുടെ മാസധ്യാനം പറളിക്കുന്ന് സെന്റ് സെബാസ്റ്റ്യൻ ഇടവകയിൽ വച്ച് നടത്തി. മാസധ്യാനത്തിൽ പത്തൊമ്പതു വൈദികർ പങ്കെടുത്തു. ബഹു. ഇടവക വികാരി ശാന്തിദാസ് മുതുകാട്ടിൽ അച്ചൻ ഏവർക്കും സ്വാഗതം നേർന്നു. ചെറുകാട്ടൂർ വികാരി ബഹു. ജോർജ്ജ് തേരകത്തിലച്ചൻ പൗരോഹിത്യ ധ്യാനചിന്തകൾ പങ്കുവെച്ചു. 19-11-2016 ശനിയാഴ്ച നടവയൽ ഫൊറോനാ ദേവാലയത്തിൽ സംഘടിപ്പിച്ച ഫൊറോനാതല കാരുണ്യവർഷ സമാപന ത്തിന്റെ ഭാഗമായി നടന്ന കൺവെൻഷൻ ഭംഗിയായി നടന്നതിനെക്കുറിച്ച് സംസാരിച്ചു. ബഹു. കുര്യൻ പുരമഠം അച്ചന്റെ ആത്മീയചിന്തകൾ എല്ലാ വരെയും തന്നെ നല്ല ഒരു കുമ്പസാരത്തിലേയ്ക്കും കാരുണ്യ കവാട പ്രവേ ശനത്തിനും തുടർന്ന് ദണ്ഡവിമോചനത്തിനും തയ്യാറാക്കിയെന്നും തുടർന്നുള്ള പെരി. ബഹു. വികാരി ജനറാളച്ചനൊപ്പമുള്ള ദിവ്യബലിയർപ്പ ണവും തീർത്തും ഒരു ആത്മീയ അനുഭവമായിരുന്നുവെന്ന് അച്ചന്മാർ അഭി പ്രായപ്പെട്ടു. കാരുണ്യവർഷാചരണത്തിന്റെ ഭാഗമായി ഫൊറോനയിലെ എല്ലാ ഇടവകകളുടേയും സഹകരണത്തോടെ ലഭിച്ച തുകയായ രണ്ടു രക്ഷം രൂപ, ലഭിച്ച അപേക്ഷകളിൽ നിന്നും ഏറ്റവും പരിഗണനാർഹമെന്ന് ബോധ്യപ്പെട്ട പനമരം ഇടവകാംഗമായ യുവതിയ്ക്ക് നൽകുവാൻ പനമരം വികാരി ബഹു. ഷൈജു മുതിരക്കാലായിലച്ചന് പെരിയ ബഹു. ജനറാള ച്ചൻ നൽകുകയുണ്ടായി. സഹകരിച്ച എല്ലാ ഇടവകാംഗങ്ങൾക്കും വികാരി മാർക്കും ഫൊറോന വികാരി കൃതജ്ഞത അറിയിച്ചു. ഇടവകകളിൽ ഡി. എഫ്. സി. യുടെ യൂണിറ്റ് പ്രവർത്തനങ്ങളെക്കുറിച്ച് ഫൊറോനവികാരിയ ച്ചൻ ആരാഞ്ഞു. മറ്റു സംഘടനാപ്രവർത്തനങ്ങളെക്കുറിച്ച് ധ്യാനത്തിൽ ചർച്ച ചെയ്തു. മിഷൻ ലീഗിന്റെ ഓഹരികൾ തന്ന് സഹകരിച്ചതിന് ഡയറ ക്ടർ കൃതജ്ഞത രേഖപ്പെടുത്തി. മതബോധനവിഭാഗം വരാനിരിക്കുന്ന പ്രതിഭാസംഗമത്തെക്കുറിച്ചും മാതൃവേദിയുടെ വരാനിരിക്കുന്ന മേഖലാതല മത്സരത്തെക്കുറിച്ചും അറിയിപ്പു നൽകി. സംസ്ഥാനതല കെ.സി.വൈ.എം മത്സരം ഒപ്പം യൂണിറ്റ്, മേഖല, രൂപതാതല ഇലക്ഷൻ അറിയിപ്പും ചർച്ചയെ സജീവമാക്കി. അടുത്ത മാസധ്യാനം കണിയാമ്പറ്റ പള്ളിയിൽ വച്ച് നടത്താൻ തീരുമാനിക്കുകയും ചെയ്തു.

**ഫാ. അഗസ്റ്റ്യൻ ചിറയ്ക്കത്തോട്ടത്തിൽ**
സെക്രട്ടറി

## പയ്യംപള്ളി ഫൊറോന

പയ്യംപള്ളി ഫൊറോനയിലെ ഡിസംബർ മാസത്തെ മാസധ്യാനം കമ്മന ലിറ്റിൽ ഫ്ളവർ ഇടവകയിൽ വെച്ച് ഡിസംബർ 6-ാം തീയതി ചൊവ്വാഴ്ച നടത്തി. ഫൊറോനയിലെ എല്ലാ വൈദികരും പങ്കെടുത്തു.

ബഹുമാനപ്പെട്ട ജോസ് കൂവക്കലച്ചൻ വചനസന്ദേശം നൽകി. ഡിസംബർ മാസം ജന്മദിനം ആഘോഷിക്കുന്ന ഫാ. റ്റോമി മാത്യു PSDP, ഫാ. അനീഷ് PSDP, ഫാ. തോമസ് തൈക്കുന്നുംപുറം, ഫാ. ജോസ് മോളോപറമ്പിൽ എന്നിവർക്ക് ആശംസകളർപ്പിച്ച് ഫാ. സജി നെടുങ്കല്ലേൽ സംസാരിച്ചു. സംഘടനാ ഡയറക്ടർമാർ വിവിധങ്ങളായ പ്രവർത്തനങ്ങളെകുറിച്ച് വിശദീകരിച്ചു. റവ.ഫാ. ജോസ് മോളോപറമ്പിൽ ചർച്ചകൾക്ക് നേതൃത്വം നൽകി. 2017 ലെ വിവിധങ്ങളായ പരിപാടികളെകുറിച്ചുള്ള ആശയങ്ങൾ പങ്കുവെച്ചു. ഡിസംബറിൽ നടക്കേണ്ടതായ ഇടവക കുമ്പസാരത്തിന്റെ തീയതികൾ തീരുമാനിച്ചു. ക്രിസ്തുമസ് ആശംസകൾ നേർന്ന് സ്നേഹവിരുന്നോടെ സമാപിച്ചു.

**സെക്രട്ടറി**

**ബത്തേരി ഫൊറോന**

ബത്തേരി ഫൊറോനയിലെ വൈദികരുടെ മാസധ്യാനം 2016 ഡിസംബർ 6-ാം തിയതി കടൽമാട് സെന്റ് മേരീസ് ദേവാലയത്തിൽ വച്ച് നടത്തി. ബഹു. അലക്സ് കളപ്പുര അച്ചൻ എല്ലാവരെയും സ്വാഗതം ചെയ്തു. റവ. ഫാ. ജോർജ് കല്ലടാന്തിയിൽ CST ധ്യാന ചിന്തകൾക്കും ആരാധനയ്ക്കും നേതൃത്വം നല്കി. തുടർന്ന് നടത്തിയ ചർച്ചകൾക്ക് ഫൊറോന വികാരി ബഹു. സ്റ്റീഫൻ കോട്ടയ്ക്കൽ അച്ചൻ നേതൃത്വം നല്കി. വിവിധ സംഘടനകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തി. അടുത്ത മാസധ്യാനം ബത്തേരി അസംപ്ഷൻ പള്ളിയിൽ വച്ച് ജനുവരി 10-ാം തിയതി നടത്തുവാൻ തീരുമാനിച്ചു.

**പൂർണ്ണ ദണ്ഡവിമോചന ശുശ്രൂഷ**

കാരുണ്യവർഷ സമാപനത്തോടനുബന്ധിച്ച് ബത്തേരി ഫൊറോനയിലെ എല്ലാ ഇടവകകളിലെയും ദൈവജനം ഒന്നുചേർന്ന് കാരുണ്യകവാട പ്രവേശനവും ദണ്ഡവിമോചന ശുശ്രൂഷയും നവംബർ 12-ാം തിയതി ശനിയാഴ്ച രാവിലെ 9.30 മുതൽ സുൽത്താൻ ബത്തേരി അസംപ്ഷൻ ഫൊറോനാ ദേവാലയത്തിൽവച്ച് നടത്തി. അന്നേ ദിവസം ജപമാല, കുരിശിന്റെ വഴി, ക്ലാസ്സ് (ദണ്ഡവിമോചനം കരുണയുടെ വർഷത്തിൽ), വി. കുർബാന, ദണ്ഡവിമോചന പ്രാർത്ഥനകൾ എന്നീ ശുശ്രൂഷകൾ ഉണ്ടായിരുന്നു. ആരാധനയ്ക്കും പ്രാർത്ഥനകൾക്കും ബഹു. ജോൺ പുതുക്കുളം അച്ചൻ നേതൃത്വം നല്കി. ഫൊറോന വികാരി ഫാ. സ്റ്റീഫൻ കോട്ടയ്ക്കൽ ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിച്ചു. ഫൊറോനയിലെ പതിനാല് ഇടവകകളിൽനിന്നായി വൈദികരും സമർപ്പിതരും അല്മായരുമായി മൂവായിരത്തോളം പേർ അനുരഞ്ജന ശുശ്രൂഷയിൽ പങ്കെടുത്ത് കരുണയുടെ കവാടത്തിലൂടെ പ്രവേശിച്ച് പൂർണ്ണ ദണ്ഡവിമോചനം നേടി. അതിനുശേഷം ഉച്ചഭക്ഷണത്തോടെ പരിപാടികൾ പര്യവസാനിച്ചു.

**ഫാ. ഷിജോ വേനക്കുഴിയിൽ**
സെക്രട്ടറി

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് 2016 – സമ്മാനദാനം**

ലോഗോസ് 2016-ലെ രൂപതാതല വിജയികൾക്കുള്ള സമ്മാന വിതരണം മാതൃവേദി രൂപതാ വാർഷിക സമ്മേളനത്തിൽ വച്ച് മാതൃവേദി രൂപതാ ഡയറക്ടർ ബഹു. ജോഷി മഞ്ഞക്കുന്നേലച്ചൻ നിർവ്വഹിച്ചു. ബഹു. ജോഷിയച്ചനും, മാതൃവേദി രൂപതാ സമിതിക്കും ഹൃദ്യമായ നന്ദി.

**സർട്ടിഫിക്കറ്റുകളും സമ്മാന പുസ്തകങ്ങളും**

ലോഗോസ് 2016 ബൈബിൾ ക്വിസ്സിൽ ഇടവകതലത്തിൽ 1 -ാം സ്ഥാനത്തിന് അർഹരായവർക്കുള്ള സമ്മാന പുസ്തകങ്ങളും വിവിധ വിഭാഗങ്ങളിൽ അർഹരായവർക്കുള്ള സർട്ടിഫിക്കറ്റുകളും മാതൃവേദി ഭാരവാഹികൾ വശം ഇടവകകളിലേക്ക് കൊടുത്തുവിട്ടിട്ടുണ്ട്. ഏതാനും ഇടവകകളുടേത് രൂപതാ ഓഫീസിൽ തന്നെയുണ്ട്.

**ലോഗോസ് 2017 പാഠഭാഗങ്ങൾ**

അടുത്ത വർഷത്തെ ബൈബിൾ ക്വിസ്സിനുള്ള പാഠഭാഗങ്ങൾ ചുവടെ ചേർക്കുന്നു. – സംഖ്യ 22 -36, സുഭാഷിതങ്ങൾ 21- 31, മത്തായി 1-9, വെളിപാട് 4-9

**സബ്സിഡി ബൈബിൾ**

KCBC ബൈബിൾ കമ്മിഷൻ പാവപ്പെട്ടവർക്കായി Subsidy നിരക്കിൽ നൽകുന്ന ബൈബിളിന്റെ ഏതാനും കോപ്പികൾ രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റ് ഓഫീസിൽ ലഭ്യമാണ്. മുൻവർഷങ്ങളിൽ SubsidyBible ലഭിക്കാത്ത ഇടവകകൾക്കായിരിക്കും ഇത്തവണ ബൈബിൾ നൽകുക. വില 95/- രൂപ.

**സമ്പൂർണ്ണ ബൈബിൾ പാരായണം**

രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റ് സീയോൻ ധ്യാനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ 101 മണിക്കൂർ അഖണ്ഡ ബൈബിൾ പാരായണം സംഘടിപ്പിച്ചു. ഡിസംബർ 12 -ാം തീയതി രാവിലെ 7 മണിക്ക് ആരംഭിച്ച ബൈബിൾ പാരായണം 16-ാം തീയതി ഉച്ചയ്ക്ക് 12 മണിയോടെ സമാപിച്ചു. ബൈബിൾ വായനയ്ക്ക് നേതൃത്വം നൽകിയ സീയോൻ ഡയറക്ടർ ബഹു. മാത്യു മൂത്തേടത്ത് അച്ചനും സീയോൻ കോർഡിനേറ്റർ ബഹു. ജോസഫ് വട്ടക്കുന്നേൽ സാറിനും സഹായിച്ച ശുശ്രൂഷകർക്കും രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റിന്റെ ഹൃദ്യമായ അഭിനന്ദനങ്ങളും നന്ദിയും.

**ഫാ. മാത്യു പെരിയപ്പുറം** – ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# മതബോധനരംഗം

**പ്രധാനാധ്യാപക സംഗമം**

2015-16 അദ്ധ്യയന വർഷത്തിലെ രണ്ടാമത്തെ HM,PP സമ്മേളനം 2016 ഡിസംബർ 10-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. രാവിലെ 10.00 മണിക്ക് ആരംഭിച്ച സമ്മേളനത്തിന് രൂപതാ മതബോധന ഡയറക്ടർ റോയി വട്ടക്കാട്ട് അച്ചൻ സ്വാഗതം ആശംസിച്ചു. തുടർന്ന് റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ റവ. ഡോ. സെബാസ്റ്റ്യൻ പുത്തേൻ പ്രധാനാധ്യാപകർക്കായി ക്ലാസ്സ് നയിച്ചു. ലോക മനുഷ്യാവകാശദിനത്തിൽ ഇന്ന് മറ്റൊരാളുടെ അവകാശത്തിനായി നിലകൊള്ളുക എന്ന ഓർമ്മപ്പെടുത്തലോടെ ആരംഭിച്ച ക്ലാസ്സ്, മതാധ്യാപകന്റെ മഹനീയതയെക്കുറിച്ച്, ഉത്തരവാദിത്വങ്ങളെക്കുറിച്ച്, നസ്രായനെ മാതൃകയാക്കേണ്ടതിനെക്കുറിച്ച്, എല്ലാറ്റിനുമുപരി വിശ്വാസപരിശീലനം നേടുന്ന കുഞ്ഞുങ്ങൾക്ക് നൽകേണ്ട ശ്രദ്ധയെക്കുറിച്ച് അച്ചൻ സംസാരിച്ചു. അറിവു പകരുന്ന, അർത്ഥപൂർണ്ണമായ, പ്രചോദിപ്പിക്കുന്ന 90 മിനിറ്റു സമയം ബഹുമാനപ്പെട്ട പുത്തേൻ അച്ചനിലൂടെ HM, PP കോൺഫ്രൻസിന് ലഭിച്ചു. തുടർന്ന് വ്യത്യസ്ത വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകൾ ഉണ്ടായിരുന്നു. വിവിധ വിഷയങ്ങളുടെ അവതരണത്തെത്തുടർന്ന് രൂപതാ മതബോധന സെക്രട്ടറി ശ്രീ. ബേബി ജോസഫ് ചക്കാലയ്ക്കൽ ഏവർക്കും നന്ദി പ്രകാശിപ്പിച്ചു.

**മേഖലാ സെക്രട്ടറിമാരുടെ സംഗമം**

മേഖലാ സെക്രട്ടറിമാരുടെ സംഗമം ഡിസംബർ 10 ന് രൂപതാ മതബോധന കേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ടു. മേഖലയിൽ നടത്തപ്പെടുന്ന പ്രവർത്തനങ്ങളെ വിലയിരുത്തി.

**HCC (XI,XII) യൂണിവേഴ്സിറ്റി പരീക്ഷ ഫെബ്രുവരി 5-ന്**

കാലിക്കറ്റ് യൂണിവേഴ്സിറ്റി ചെയർ ഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസ് നടത്തുന്ന HCC (Plus One, Plus Two) പരീക്ഷകൾ ഫെബ്രുവരി 5-ന് ഞായറാഴ്ച രാവിലെ 10.00 മണിമുതൽ 12.00 മണിവരെ നടത്തുന്ന

താണ്. പരീക്ഷയ്ക്കുവേണ്ട സഹായവും ക്രമീകരണങ്ങളും പരീക്ഷാ കേന്ദ്രത്തിലെ ബഹു. വികാരിയച്ചനും, മേഖലാ ഡയറക്ടറും, മേഖലാ ടീം അംഗങ്ങളുമാണ് ഒരുക്കുന്നത്.

**പരീക്ഷാ സെന്ററുകൾ**

1. ബത്തേരി ഫൊറോന – ബത്തേരി
2. ചുങ്കക്കുന്ന് ഫൊറോന – ചുങ്കക്കുന്ന്
3. നീലഗിരി റീജിയൺ – അരുൾനിലയം, കയ്യൂന്നി
4. കല്ലോടി ഫൊറോന – കല്ലോടി, ദ്വാരക, മക്കിയാട്
5. കല്പറ്റ ഫൊറോന – കല്പറ്റ
6. മാനന്തവാടി ഫൊറോന – മാനന്തവാടി കത്തീഡ്രൽ
7. മണിമൂളി ഫൊറോന – മണിമൂളി
8. മുള്ളൻകൊല്ലി ഫൊറോന – മുള്ളൻകൊല്ലി
9. നടവയൽ ഫൊറോന – നടവയൽ, ചുണ്ടക്കര, ചെറുകാട്ടൂർ
10. നിലമ്പൂർ ഫൊറോന – നിലമ്പൂർ
11. പയ്യമ്പള്ളി ഫൊറോന– പയ്യമ്പള്ളി
12. തരിയോട് ഫൊറോന– തരിയോട്

**പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച്**

1. പരീക്ഷാ നടത്തിപ്പിന്റെ പൂർണ്ണ ഉത്തരവാദിത്വം മേഖലാ ഡയറക്ടർമാരുടെ നേതൃത്വത്തിൽ മേഖലാ ടീം അംഗങ്ങൾക്കായിരിക്കും. പരീക്ഷാസെന്ററിലെ ബഹു. വികാരിയച്ചനുമായി ആലോചിച്ച് ആവശ്യമായ ഒരുക്കങ്ങൾ ചെയ്യേണ്ടതാണ്.
2. പരീക്ഷാസമയത്തിന് മുമ്പ് കുട്ടികളുടെ രജിസ്റ്റർ നമ്പർ എഴുതി പരീക്ഷാഹാൾ ക്രമീകരിക്കേണ്ടതാണ്.
3. പരീക്ഷയ്ക്ക് 30 മിനിറ്റ് മുമ്പ് (9.30 ന്) കുട്ടികളെ പരീക്ഷാ ഹാളിൽ പ്രവേശിപ്പിക്കുക. 9.45 ന് ചോദ്യ പേപ്പറുകൾ നൽകുക. 15 മിനിറ്റ് സമയം കൂൾ ഓഫ് ടൈം ആണ്. 10 മണിക്ക് ഉത്തരക്കടലാസുകൾ നൽകുക. 12 മണിവരെയാണ് പരീക്ഷ സമയം.
4. പരീക്ഷാസമയം കൃത്യമായി പാലിക്കേണ്ടതാണ്. പരീക്ഷ തുടങ്ങി അരമണിക്കൂർ കഴിഞ്ഞുവരുന്ന പരീക്ഷാർത്ഥികളെ പരീക്ഷ എഴുതുവാൻ അനുവദിക്കേണ്ടതില്ല.
5. പരീക്ഷ കഴിഞ്ഞ് മേഖലാ ഡയറക്ടറുടെ സാന്നിധ്യത്തിൽ ഉത്തരക്കടലാസുകൾ എണ്ണി തിട്ടപ്പെടുത്തി, രജിസ്റ്റർ നമ്പറിന്റെ ക്രമപ്രകാരം അടുക്കി പായ്ക്ക് ചെയ്ത് മതബോധന കേന്ദ്രത്തിൽ എത്തിക്കണം.
6. പരീക്ഷാർത്ഥിയുടെ കൈവശം ഹാൾടിക്കറ്റ് ഉണ്ടായിരിക്കണം.

ഹാൾടിക്കറ്റ് ഇല്ലാത്തവരെ പരീക്ഷ എഴുതാൻ അനുവദിക്കേണ്ട തില്ല.

7. പരീക്ഷ എഴുതുവാനുള്ള ആൻസർ ബുക്ക്, അഡീഷണൽ ഷീറ്റ് തുടങ്ങിയവ യൂണിവേഴ്സിറ്റി സീലോടുകൂടി നൽകുന്നതാണ്. സീലില്ലാത്ത പേപ്പറുകൾ മൂല്യനിർണ്ണയം ചെയ്യുന്നതല്ല.

**HDC പരീക്ഷ**

HDC എഴുത്തു പരീക്ഷ ഫെബ്രുവരി 4-ാം തീയതി രാവിലെ 10.00 മണിമുതൽ ഉച്ചകഴിഞ്ഞ് 1.00 മണിവരെ രൂപതാ മതബോധന കേന്ദ്രത്തിലും HDC വാചാപരീക്ഷ ഫെബ്രുവരി 18, 19 തീയതികളിൽ ദ്വാരകയിലും വച്ച് നടത്തപ്പെടുന്നു. HDC യുടെ പ്രൊജക്ട് ജനുവരി 30-ന് മുമ്പ് മതബോധന ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

**പ്ലസ് ടു സംഗമം**

പ്ലസ് ടു വിദ്യാർത്ഥികളുടെ സംഗമം ഡിസംബർ 4 ന് കൽപ്പറ്റയിലും 11 ന് കയ്യൂന്നിയിലും 18 ന് പയ്യമ്പള്ളിയിലും വച്ച് നടത്തപ്പെട്ടു. മേഖലകളിൽ സംഗമം ഭംഗിയായി ക്രമീകരിച്ച മേഖലാ ഡയറക്ടേഴ്സ്, മേഖലാ സെക്രട്ടറിമാർ, അധ്യാപകർ എന്നിവർക്ക് ഹൃദ്യമായ നന്ദി.

പ്ലസ്ടു സംഗമത്തിന്റെ ക്ലാസ്സുകളും ചർച്ചകളും നയിച്ച രൂപതാ ടീം അംഗങ്ങളായ ശ്രീ. സജി നരിവേലിൽ, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, ശ്രീ. ജോൺ തോട്ടത്തിൽ, ശ്രീ. ഔസേഫ് ഇണ്ടിക്കുഴ എന്നിവരെ സ്നേഹപൂർവ്വം ഓർക്കുകയും രൂപതയിലെ മുഴുവൻ പ്ലസ്ടു വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെയും പേരിൽ ഹൃദ്യമായ നന്ദി അറിയിക്കുകയും ചെയ്യുന്നു.

**പ്ലസ് വൺ സംഗമം**

രൂപതയിലെ എല്ലാ ഫൊറോനകളിലും റീജിയണിലുകളിലും പ്ലസ് വൺ സംഗമങ്ങൾ നടന്നു. മേഖലാ റിസോഴ്സ് പേഴ്സൺസ് ടീം ആണ് പ്ലസ് വൺ സംഗമങ്ങൾക്ക് നേതൃത്വം നൽകിയത്. മേഖലാ നേതൃത്വത്തിന് അഭിനന്ദനങ്ങളും നന്ദിയും.

HM, PP കോൺഫ്രൻസിൽ അറിയിച്ചതുപോലെ, ഏതെങ്കിലും കാരണവശാൽ പ്ലസ് വൺ, പ്ലസ് ടു സംഗമത്തിൽ പങ്കെടുക്കാൻ സാധിക്കാത്ത വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ, അവർക്കായി ജനുവരി 28-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് സംഗമം നടത്തുന്നു. ഇനിയും സംഗമത്തിൽ പങ്കെടുക്കാത്തവർ നിർബന്ധമായും അതിൽ പങ്കെടുക്കണം. സംഗമത്തിൽ സംബന്ധിക്കാത്തവർക്ക് യൂണിവേഴ്സിറ്റി പരീക്ഷ എഴുതുവാനുള്ള യോഗ്യത ഉണ്ടായിരിക്കുന്നതല്ല.

**HDC കോൺടാക്റ്റ് ക്ലാസ്സ്**

HDC ഒന്നാം വർഷക്കാരുടെ മൂന്നാമത്തെ കോൺടാക്റ്റ് ക്ലാസ്സ് ജനുവരി 14 ന് ദ്വാരകയിലും 21 -ന് മണിമൂളിയിലും 28- ന് ബത്തേരി യിലും വച്ച് നടത്തപ്പെടുന്നതാണ്.

**പരീക്ഷകൾ**

ജനുവരി 29 ഞായറാഴ്ച ഇടവകയിൽ ക്ലാസ്സ് പരീക്ഷ നടത്തേണ്ട ദിവസമാണെന്നത് ഓർമ്മിപ്പിക്കുന്നു. ശ്രദ്ധിക്കുമല്ലോ. ഫെബ്രുവരി 5-ാം തീയതിയാണ് XI, XII ക്ലാസ്സുകളുടെ യൂണിവേഴ് സിറ്റി പരീക്ഷ.

മാർച്ച് 18 ശനിയാഴ്ചയായിരിക്കും XI, XII ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുള്ള Say പരീക്ഷ. ഫെബ്രുവരി 5- നുള്ള പരീക്ഷയിൽ പങ്കെടുത്തവരെ മാത്രമേ Say പരീക്ഷ എഴുതുവാൻ അനുവദിക്കുക യുള്ളു.

XI ൽ പ്രൈവറ്റായി രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ ക്ലാസ്സും പരീക്ഷയും 2017 ഏപ്രിൽ 3 മുതൽ 6 വരെയുള്ള ദിവസങ്ങളി ലായിരിക്കും.

XII പ്രൈവറ്റ് വിദ്യാർത്ഥികളുടെ ക്ലാസ്സും പരീക്ഷയും മെയ് 22 മുതൽ 25 വരെയുള്ള ദിവസങ്ങളിലായിരിക്കും. ക്ലാസ്സുകൾ തുടങ്ങുന്ന ദിവസം രാവിലെ 10 മണിക്ക് ആരംഭിക്കും. ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചായിരിക്കും ക്ലാസ്സുകൾ നടക്കുന്നത്. വിദ്യാർത്ഥികൾ പാസ്റ്ററൽ സെന്ററിൽ താമസിക്കണം. അതിന് ആവശ്യമായ സാധനങ്ങൾ (ടെക്സ്റ്റ ബുക്ക്, നോട്ട് ബുക്ക്, ഉപപാഠപുസ്തകം, ബെഡ് ഷീറ്റ്, etc) കൊണ്ടു വരണം. പരീക്ഷയോടുകൂടെയായിരിക്കും ക്ലാസ്സുകൾ അവസാനിക്കുക. ഈ വിദ്യാർത്ഥികൾക്ക് Say Exam ഉണ്ടായിരിക്കുന്നതല്ല.

**ഫാ. റോയി വട്ടക്കാട്ട്**
രൂപതാ മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻ സുഹൃത്തുക്കളെ,

നന്മനിറഞ്ഞ പുത്തൻ വർഷം ഏവർക്കും ആശംസിക്കുന്നു.

ഒരുപാട് നന്മകൾ സമ്മാനിച്ച് 2016 വർഷം നമ്മെ സന്തോഷ പൂരിതരാക്കി. സന്തോഷത്തിന്റെ നിറവിലും ദൈവകരുണയെ ധ്യാനിക്കുവാൻ എന്നവണ്ണം ഒരുപാട് നോവുകളിലൂടെയും നാം കടന്നുപോയി. സംഘർഷങ്ങൾ, പ്രതിസന്ധികൾ, പരാജയങ്ങൾ, വിജയങ്ങൾ, നന്മകൾ, അനുമോദനങ്ങൾ, സമ്മിശ്രമായിരുന്നു എല്ലാം. പക്ഷേ മനസ്സിൽ പലപ്പോഴും അവശേഷിക്കുന്നത് മുറിപ്പാടുകൾ മാത്രമായിരിക്കും. പരാജയങ്ങളെയും മുറിവുകളെയും പറ്റി മാത്രമുള്ള ചിന്തകൾ നമ്മുടെ മുഖത്തിന്റെ ഭാവം മാറ്റും, മനസ്സിന്റെ ശാന്തത നഷ്ടമാക്കും. കഷ്ടങ്ങളിലൂടെയും നഷ്ടങ്ങളിലൂടെയും ദൈവം എന്നെ പ്രത്യേകമായി വാർത്ത് ഒരുക്കുകയായിരുന്നു എന്ന് ധ്യാനിച്ചാലോ?.. മനസ്സ് നിറയെ ശാന്തതയായി. പ്രസന്നമായ ഭാവിയും ദൃഢമായ വർത്തമാനകാലവും നമ്മുക്ക് ആസ്വദിക്കാം. പരിചിന്തനത്തിന് ശേഷം പ്രത്യാശയോടെ ജീവിക്കുവാൻ പുതിയൊരു വർഷം കൂടി എനിക്ക് ദാനമായി ലഭിക്കുന്നു. 'ഞാൻ ഇതിന്റെ ചുവട് കിളച്ച് വളമിടാം..' ഇനിയും ശാഖകൾ വെട്ടി ഒരുക്കാതെയും ചുവട് കിളച്ച് വളമിടാതെയും നമ്മുക്ക് അധികനാൾ യാത്രചെയ്യാൻ സാധിക്കില്ല. പുതിയ വർഷം സഭയാകുന്ന തായ്തണ്ടിനോട് ചേർന്ന് ജീവിക്കാൻ പരിശ്രമിക്കാം.. കുടുംബവും ഇടവകയും സംഘടനാപ്രവർത്തനങ്ങളും നമ്മുക്ക് ശക്തിയായി മാറട്ടെ.

വിലയിരുത്തലിനും തിരുത്തലുകൾക്കുമായി ഒരു വാർഷിക ദിനംകൂടി ആഗതമാകുന്നു. പ്രതിനിധി സമ്മേളനവും, സി.എം.എൽ രൂപതാ രക്ഷാധികാരി മാർ ജോസ് പൊരുന്നേടം പിതാവുമൊത്തുള്ള ചർച്ചകളും വിശകലനങ്ങളും നമ്മുക്ക് പുതുജീവൻ പകരട്ടെ.

ഏറെ സ്നേഹത്തോടെ പ്രതീക്ഷയുടെയും നന്മയുടെയും പുതുവർഷാശംസകൾ നേർന്നുകൊണ്ട്,

സ്നേഹപൂർവ്വം
**ജോജോച്ചൻ**

**അർദ്ധവാർഷിക മാനേജിംഗ് കമ്മിറ്റി**

2016-17 വർഷത്തെ അർദ്ധവാർഷിക മാനേജിംഗ് കമ്മിറ്റി ഡിസംബർ 10 ശനിയാഴ്ച്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. എല്ലാ മേഖലകളിലും നിന്ന് ഭാരവാഹികൾ പങ്കെടുത്തു. അർദ്ധ വാർഷിക കണക്കും റിപ്പോർട്ടും വായിച്ച് പാസ്സാക്കി. മേഖലാ രൂപതാ പ്രവർത്തനങ്ങൾ വിലയിരുത്തി. മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ ക്കിടയിൽ വചനക്കൂട്ട് ക്രിസ്തുമസ്സ് ഫ്രണ്ടിനെ തിരഞ്ഞെടുത്തു.

**പുതിയശാഖകൾ**

27-11-2016 ന് ഊട്ടി ശാഖയിലും 11-12-2016 ടി.കെ. കോളനി ശാഖയിലും മിഷൻലീഗിന്റെ പുതിയ പ്രവർത്തന ശാഖകൾ സ്ഥാപിച്ചു. സഹായ സഹകരണങ്ങൾ നൽകിയ ബഹു. സോണി വടയാപറ മ്പിലച്ചനും, ബഹു.സജി MSFS അച്ചനും നന്ദിയും അഭിനന്ദങ്ങളും. രൂപത എക്സിക്യൂട്ടീവ് അംഗങ്ങളായ ശ്രീ.ജോൺസൻ ചിറായിൽ, ടോം പൂവക്കുന്നേൽ, ബിജു ചിറ്റേടം, ജോ.ഡിറക്ടർ സി.ലിസ്സ അലക്സ്, ഡിറക്ടർ ഫാ.ജോജോ ചങ്ങനാംതുണ്ടത്തിൽ എന്നിവർ നേതൃത്വം നൽകി.

**ശാഖാ സെമിനാർ**

4-12-2016 ന് വിളമ്പുകണ്ടം ശാഖയിൽ ഏകദിന സെമിനാർ നടത്തി. പ്രസിഡണ്ട്, ശ്രീ.ഷാജി ചന്ദനപറമ്പിൽ, ജോ.ഡിറക്ടർ സി.ലിസ്സ അലക്സ്, ഡിറക്ടർ ഫാ.ജോജോ ചങ്ങനാംതുണ്ടത്തിൽ എന്നിവർ നേതൃത്വം നൽകി.

**ദിവ്യകാരുണ്യ എക്സിബിഷൻ**

ധർമ്മഗിരി ശാഖയിൽ 20-11-2016 ന് ദിവ്യകാരുണ്യ എക്സിബിഷൻ നടത്തി. വികാരി ഫാ.സെബാസ്റ്റ്യൻ കാശ്ശാംകുറ്റി യിലും, മിഷൻ ലീഗ് ഭാരവാഹികളും നേതൃത്വം നൽകി.

**ദൈവവിളി സെമിനാർ**

27-11-2016 ന് തരിയോട് ശാഖയിൽ വച്ച് മേഖലാതല ദൈവവിളി സെമിനാർ സംഘടിപ്പിച്ചു. രൂപതാ ടീം അംഗം ശ്രീ. സോയി കൈതാരം നേതൃത്വം നൽകി.

**എയ്ഞ്ചൽ മീറ്റ്, ദൈവവിളി സെമിനാർ**

3-12-2016 ന് ബത്തേരി മേഖലയിൽ എയ്ഞ്ചൽ മീറ്റും ദൈവവിളി സെമിനാറും നടത്തപ്പെട്ടു.

**മെഗാ ക്വിസ്സ് ഈവന്റ്**

കയ്യൂന്നി ശാഖയുടെ നേതൃത്വത്തിൽ, മിഷൻലീഗ് അംഗങ്ങൾ ക്കായ് രൂപതാടിസ്ഥാനത്തിൽ സഭാചരിത്ര പഠനവുമായി ബന്ധപ്പെട്ട് ക്വിസ്സ് മത്സരം നടത്തി. അഭിവന്ദ്യ ജോസ് പിതാവ് ഉദ്ഘാടനം ചെയ്ത മത്സരത്തിൽ 40 ഇടവകയിൽ നിന്ന് മത്സരാർത്ഥികൾ പങ്കെടുത്തു. റവ. ഫാ.ജോണി കല്ലുപുര, റവ.ഫാ.നോബിൾ പാറക്കൽ, സജി നരിവേലിൽ, മിഷൻലീഗ് കയ്യൂന്നി ശാഖാ ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

റവ.ഫാ.ഡൊമിനിക് വളകുടിയിൽ, റവ.ഫാ.ലാൽ പൈനുങ്കൽ, റവ.ഫാ.ജോജോ എന്നിവർ സമ്മാനദാനം നിർവ്വഹിച്ചു. മാനന്തവാടി മൗണ്ട് മേരി സെമിനാരി (ബ്ര. അക്ഷയ്, ബ്ര. എബിൻ), മൂലങ്കാവ് ശാഖ (ഡെനിക്, ഡെസ്ലിൻ മാങ്കുഴ), വാഴവറ്റ ശാഖ (ലിറ്റി മരിയ ജോർജ്ജ്, ആൻ റോസ് ) എന്നിവർ 1,2,3 സ്ഥാനങ്ങൾ കരസ്ഥമാക്കി.

**രൂപതാ വാർഷികം**

2016-17 വർഷത്തെ വാർഷികം ജനുവരി 26 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. വാർഷികത്തിൽ പങ്കെടുക്കേണ്ടത്- ശാഖ ജോ.ഡിറക്ടർ, പ്രസിഡണ്ട്, സെക്രട്ടറി, അദ്ധ്യാപക പ്രതിനിധി, ഇടവകയിൽ നിന്നും സദ്‌വാർത്തയിൽ (മാർഗരേഖ, പേജ്-31) പങ്കുകാരാകുന്നവരുമാണ്. **സദ്‌വാർത്ത ടീം** - 30 വചനോത്സവം നൽകുന്നവർ, 25 ബൈബിൾ വാക്യം sms ചെയ്യുന്ന 5 പേർ, ഫെയ്സ് ബുക്ക്, വാട്സ് ആപ്പ് ഇവയിൽ വചന സന്ദേശം പോസ്റ്റ് ചെയ്യുന്നവർ, വാഹനങ്ങളിൽ വചന സ്റ്റിക്കർ പതിക്കുന്നവർ, പുസ്തകങ്ങളിൽ വചനം എഴുതുന്നവർ, തിരുവചനസന്ദേശ ബോർഡ് സ്പോൺസർ ചെയ്യുന്നവർ എന്നിവർ ഉൾപ്പെടുന്ന ഗ്രൂപ്പ്. (രജിസ്ട്രേഷൻ ഫീസ്-ഒരു ഇടവകയ്ക്ക് 200 രൂപ).

- നിങ്ങളുടെ ഇടവകയിൽ, കാരുണ്യ വർഷത്തിൽ അവയവദാനം നടത്തിയ ആരെങ്കിലും ഉണ്ടെങ്കിൽ അവരുടെ പേരും ഫോൺ നമ്പറും ഓഫീസിൽ അറിയിക്കുക.
- കയ്യെഴുത്ത് മാസിക (മാർഗരേഖ-പേജ് 22) കൊളാഷ് (രണ്ട് ഡ്രോയിങ്ങ് ഷീറ്റിന്റെ വലുപ്പം) എന്നിവ ചെയ്ത് ജനുവരി 26 ന് കൊണ്ട് വരുക.
- കാരുണ്യവർഷത്തോടനുബന്ധിച്ച് ബഹുമാനപ്പെട്ട ജോ.ഡയറക്ടേഴ്സിനു വേണ്ടി പെയിന്റിങ്ങ്, പെൻസിൽ ഡ്രോയിങ്ങ് മത്സരം നടത്തുന്നു. പടം വരച്ച് ജനുവരി 26 ന് കൊണ്ടുവരുക. (വിഷയം - കാരുണ്യം പ്രേഷിത കരങ്ങളിൽ)
- വാർഷിക ദിനത്തിൽ തന്നെ ജോയിന്റ് ഡയറക്ടേഴ്സ് മീറ്റിംഗും ഉണ്ടായിരിക്കുന്നതാണ്.

**പ്രതിനിധി സമ്മേളനം**

മിഷൻലീഗിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുവാനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുവാനുമായി ഓരോ ഇടവകയിൽ നിന്നും 18 വയസ്സിനുമുകളിൽ പ്രായമുള്ളവരുടെ മീറ്റിംഗ് ജനുവരി 25ന് വൈകുന്നേരം 6 മണി മുതൽ 26 ന് രാവിലെ 9.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നു. പ്രതിനിധികൾ ഇവിടെ കിടക്കുവാൻ ഒരുങ്ങി വരണം. ചർച്ച ചെയ്യേണ്ട വിഷയങ്ങൾ ബഹുമാനപ്പെട്ട വികാരിയച്ചനും, ജോ.ഡിറക്ടർ സിസ്റ്ററിനുമുള്ള കത്തിൽ എഴുതി അയച്ചിട്ടുണ്ട്. ശാഖാ എക്സിക്യൂട്ടീവിൽ ചർച്ച ചെയ്ത് റിപ്പോർട്ട് കൊണ്ടുവരണം.

**ചോദ്യോത്തരവേള**

സഭാത്മകവും വിശ്വാസസംബന്ധവുമായ സംശയങ്ങൾ ചോദിക്കുവാനുള്ള അവസരം രൂപതാ വാർഷിക ദിനത്തിൽ ഉണ്ട്. അഭിവന്ദ്യ പിതാവ് ചോദ്യങ്ങൾക്ക് മറുപടി പറയും. സംശയങ്ങൾ, ഡിസംബർ മാസത്തിലെ റിപ്പോർട്ടിനൊപ്പം രൂപതാ ഓഫീസിൽ എത്തിച്ചാൽ നന്നായിരുന്നു.

**കയ്യെഴുത്ത് മാസിക**

ഈ വർഷത്തെ കയ്യെഴുത്ത് മാസിക ജനുവരി 26 നാണ് രൂപതാ ഓഫീസിൽ എത്തിക്കേണ്ടത്. കാരുണ്യവർഷത്തോട നുബന്ധി ച്ചാണ് കയ്യെഴുത്ത് മാസിക ക്രമപ്പെടുത്തേണ്ടത്. നിബന്ധനകൾക്ക് മാർഗ്ഗരേഖ, പേജ്-22 കാണുക.

**ബൈബിൾ ശേഖരണം**

ബൈബിൾ അപ്പസ്റ്റോലേറ്റിന്റെ നേതൃത്വത്തിൽ, മിഷൻലീഗിന്റെ സഹകരണത്തോടെ ഇടവകയിലെ ഭവനങ്ങളിലുള്ള പഴകിയതും കേടുപാടുകൾ ഉള്ളതുമായ ബൈബിളുകൾ ശേഖരിക്കുന്നുണ്ട്. അവ ശേഖരിച്ച് ഏപ്രിൽ 15 ന് മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കേണ്ട താണ്.(ഫിയാത്ത് മിഷനെ ഏൽപ്പിക്കുവാൻ) ബൈബിൾ സർവ്വേ നടത്തുവാനും ശ്രദ്ധിക്കുമല്ലോ.

**തിരുബാലസഖ്യ മത്സരം**

മിക്ക മേഖലകളിലും തിരുബാലസഖ്യ മത്സരം നടത്തപ്പെട്ടതായി അറിഞ്ഞു. വേദപാഠത്തിന്റെയും മിഷൻ ലീഗിന്റെയും സഹകരണ ത്തോടെ രൂപതാതലത്തിൽ തിരുബാലസഖ്യ ദിനമായി ആചരി ക്കുകയും മത്സരങ്ങൾ നടത്തുകയും ചെയ്യുന്നു.1, 2 ക്ലാസ്സുകൾക്കും 3, 4 ക്ലാസ്സുകൾക്കും പ്രത്യേകമായിട്ടായിരിക്കും മത്സരം. മേഖലയിൽ നിന്നും ഒന്നാം സ്ഥാനം കരസ്ഥമാക്കിയവർക്ക് മാത്രമേ രൂപതാതല മത്സരത്തിൽ പങ്കെടുക്കാൻ അവസരമുണ്ടാകുകയുള്ളൂ.

**മത്സര ഇനങ്ങൾ : 1, 2 ക്ലാസ്സുകൾ**

ബൈബിൾ കഥ (5 മിനുട്ട്), സംഗീതം, പ്രസംഗം (3, മിനുട്ട്)
വിഷയം-പ്രാർത്ഥനയും കുഞ്ഞുങ്ങളും
ജലഛായം (A4 drawing s heet)

**മത്സര ഇനങ്ങൾ: 3, 4 ക്ലാസ്സുകൾ**

ബൈബിൾ കഥ (5 മിനുട്ട്) സംഗീതം, പ്രസംഗം (3 മിനുട്ട്)
ബൈബിൾ വായന,
ജലഛായം (A4 drawing sheet)

**പൊതുവായത്**

ആക്ഷൻ സോങ്ങ് -7 മിനുട്ട്, 7 പേർ

**വചന താരം-2017**

വി. മത്തായിയുടെ സുവിശേഷത്തെ ആസ്പദമാക്കി 2017, ഏപ്രിൽ മാസത്തിൽ നടത്തപ്പെടുന്ന വചനതാരം ക്വിസ്സ് പ്രോഗ്രാമി

നുള്ള രജിസ്ട്രേഷൻ സമാപിച്ചു. നവംബർ മാസം മുതലുള്ള മാസാവസാന ഞായറാഴ്ചകളിൽ വചനതാരത്തിന് രജിസ്റ്റർ ചെയ്തവർക്കുള്ള ടെലി ക്വിസ്സ് ഫോൺ ഇൻ പരിപാടി നടക്കുന്നതാണ്. ഫോൺ നമ്പർ 04935 241017

**മിഷൻഗ്രാമ സന്ദർശനം**

ശാഖകൾക്കും മേഖലകൾക്കും നിർദ്ദേശിച്ച് കിട്ടിയിരിക്കുന്ന മിഷൻ ഗ്രാമങ്ങളിൽ സന്ദർശനം നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. ഇടവകകളിൽ നിന്നും വസ്ത്രങ്ങളും നിത്യോപയോഗ സാധനങ്ങളും ശേഖരിച്ച് പാവപ്പെട്ടവർക്ക് കൊടുക്കുവാൻ ശ്രദ്ധിക്കുക.

**സീറോ മലബാർ മിഷൻ ഞായർ**

ജനുവരി മാസത്തിലെ സീറോ മലബാർ മിഷൻ ഞായർ ഭംഗിയായി ആചരിക്കുവാൻ പരിശ്രമിക്കുക. സീറോ മലബാർ രൂപതകളിൽ മിഷൻ പ്രവർത്തനം ചെയ്യുന്നവരെയും അവരുടെ പ്രവർത്തനങ്ങളെയും പഠിക്കുക. സീറോ മലബാർ മിഷൻ രൂപതകളിലേക്ക് കൂടുതൽ ദൈവവിളികൾ ഉണ്ടാകുവാനുള്ള സാധ്യതകൾ പരിപോഷിപ്പിക്കുക.

**കുഞ്ഞുമിഷനറിയുടെ ഡയറി** (മാർഗരേഖ, പേജ് 32)

ഓരോ മിഷനറിയും മിഷൻ ലീഗ് പ്രവർത്തനത്തിൽ തനിക്ക് ലഭിച്ച അനുഭവങ്ങൾ വ്യക്തിപരമായി ഡയറിയിൽ എഴുതി സൂക്ഷിക്കുന്നു. അവയിൽ ഏറ്റവും മികച്ച ഡയറി കണ്ടെത്തി അത് രൂപതയിൽ ഏൽപ്പിക്കുക. രൂപതാ തലത്തിൽ ഏറ്റവും നല്ല ഡയറിക്ക് സമ്മാനം തരുന്നതാണ്.

**ശാഖാ ജോ.ഡയറക്ടേഴ്സിന്റെ ശ്രദ്ധക്ക് (ഓഫീസിൽ ഏൽപ്പിക്കേണ്ടവ..)**

- പ്രതിമാസ റിപ്പോർട്ടും (റിപ്പോർട്ട് ഫോം), ബുള്ളറ്റിൻ വാർത്തകളും എല്ലാമാസവും 10-ാം തീയതിക്ക് മുമ്പായി രൂപതാഓഫീസിൽ എത്തിക്കണം.
- ഈ വർഷത്തെ കയ്യെഴുത്ത് മാസിക ജനുവരി 26 നാണ് രൂപതാ ഓഫീസിൽ എത്തിക്കേണ്ടത്. (മാർഗരേഖ, പേജ്-22)
- ജോയിന്റ് ഡിറക്ടേഴ്സിന്റെ മത്സര എൻട്രികൾ ജനുവരി 26 ന് കൊണ്ടുവരണം.
- കുഞ്ഞുമിഷനറിയുടെ ഡയറി. (മാർഗരേഖ ,പേജ് 32)
- മിഷൻ പിരിവിന്റെ 25% തുക രൂപതാ വിഹിതമായി തരേണ്ടതാണ്.
- സംസ്ഥാന വിഹിതമായി ഓരോ ശാഖയും 100 രൂപ തരണം.
- മിഷൻ കലണ്ടറിന്റെ തുക, ഒന്നിന് 5 രൂപ വീതം ഓഫീസിൽ ഏൽപിക്കുക.
- ശാഖകളിൽ നിന്ന് കാണിക്ക, പലതുള്ളി തുകകൾ തരാത്തവർ ഉടനെ ഏൽപിക്കുക.

- നക്ഷത്രത്തിന്റെ തുക തരാത്തവർ ഉടനെ ഏൽപ്പിക്കുമല്ലോ. (പഴയനോട്ടുകൾ കൊണ്ടുവരരുത് എന്ന് പ്രത്യേകം ഓർമ്മിപ്പി ക്കുന്നു)

**മേഖലാ വാർത്തകൾ**

ബത്തേരി-സെന്റ് മാത്യൂസ് ഭവൻ, തപോവനം, നിർമ്മൽജ്യോതി സ്പെഷ്യൽ സ്ക്കൂൾ, മേഴ്സി ഹോം തുടങ്ങിയ സ്ഥാപനങ്ങളിൽ സേവനം ചെയ്യുന്നവരെ ആദരിച്ചു. എല്ലാ ശാഖയിലും സന്ദർശനം നടത്തി. കുഞ്ഞേട്ടൻ അനുസ്മരണം നടത്തി.

**ശാഖാ വാർത്തകൾ**

**ചുങ്കക്കുന്ന്**

*ചുങ്കക്കുന്ന് :-* ആരാധന, കാരുണ്യ വർഷ പ്രസംഗം, തിരുബാലസഖ്യ മത്സരം, സെമിത്തേരി സന്ദർശനം, എന്നിവ നടത്തി.

*വെള്ളൂന്നി :-* മതാദ്ധ്യാപകരെ ആദരിച്ച് സമ്മാനം നൽകി.

കൊട്ടിയൂർ *:-* മതാദ്ധ്യാപകരെ ആദരിച്ചു. അന്ത്യവിധിയെക്കുറിച്ചുള്ള വിഷ്വൽ പ്രോഗ്രാം കാണിച്ചു. അൾത്താരബാല സംഘം, ഗായകസംഘം എന്നിവക്ക് പരിശീലനം നൽകി.

*അമ്പായത്തോട് :-* മതാദ്ധ്യാപകർക്കായി ആരാധന നടത്തി, അവരെ ആദരിച്ചു. മിഷൻമാസ പ്രവർത്തനങ്ങളെ ആധാരമാക്കി മിഷൻ സ്റ്റാറിനെ തിരഞ്ഞെടുത്തു. ഫൊറോന ദേവാലയത്തിലേക്ക് കരുണയുടെ തീർത്ഥാടനം നടത്തി.

*തൃശ്ശിലേരി:-* ജൈവ പച്ചക്കറി കൃഷിയെക്കുറിച്ച് ക്ലാസ്സ് നൽകി, തിരുബാല സഖ്യ മത്സരം നടത്തി.

*കണിയാരം :-* സംസ്ഥാന മത്സരത്തിന് ആതിഥ്യം വഹിച്ചു, സ്റ്റാൾ നടത്തി, മതാദ്ധ്യപകരെ ആദരിച്ചു, സെമിത്തേരി സന്ദർശനം നടത്തി, ദണ്ഡവിമോചന റാലി നടത്തി, വൃദ്ധമാതാപിതാക്കളെ സന്ദർശിച്ചു.

*പുതിയിടം :-* ദണ്ഡവിമോചന റാലി നടത്തി. സെമിത്തേരി സന്ദർശനം നടത്തി, മതാദ്ധ്യപകരെ ആദരിച്ചു, ക്രിസ്തുരാജന്റെ തിരുന്നാൾ നടത്തി.

*പോരൂർ :-* സെമിനാർ നടത്തി, തിരുബാല സഖ്യം ആരാധന നടത്തി, ലൈബ്രറി വിതരണം നടത്തി, മതാദ്ധ്യാപകരെ ആദരിച്ചു,

*കല്ലോടി :-* ഓസ്സാനാം ഭവൻ, സമരിറ്റൻ ഭവൻ, കുഞ്ഞോം ബാലഭവൻ എന്നിവിടങ്ങൾ സന്ദർശിച്ചു. രൂപത സംസ്ഥാന വിജയികളെ ആദരിച്ചു, ചിത്രരചനാ മത്സരം നടത്തി, വൃദ്ധമാതാപിതാക്കളെ ആദരിച്ചു.

*ചുള്ളിയാന:-* ക്രിസ്തുമസ്സിന് ഒരുക്കമായി വചനങ്ങളും സുകൃതങ്ങളും അടങ്ങുന്ന കാർഡ് കുട്ടികൾക്ക് നൽകി.

*ദ്വാരക:-* കരുണയുടെ കവാടം കടന്നു. അനുരഞ്ജന വാരം ആചരിച്ചു, സെമിനാർ നടത്തി.

*കൊമ്മയാട്:-* മതാദ്ധ്യാപകരെ ആദരിച്ചു, ആരാധന നടത്തി, സെമിത്തേരി സന്ദർശിച്ചു, രോഗീ സന്ദർശനം നടത്തി, തിരുബാല സഖ്യ സംഗമം നടത്തി, പ്രാർത്ഥനാദിനം ആചരിച്ചു.

*കുഞ്ഞോം:-* ദൈവവിളി പ്രാർത്ഥനാ ദിനം ആചരിച്ചു. രോഗീ സന്ദർശനം നടത്തി, സ്കൊളാസ്റ്റിക്ക വൃദ്ധസദന സന്ദർശനം നടത്തി, ഓർഫനേജിന് ധനസഹായം നൽകി, മതാധ്യാപക ദിനം ആചരിച്ചു, മക്കിയാട് മലയിലേക്ക് കുരിശിന്റെ വഴി തീർത്ഥാടനം നടത്തി, മാതാപിതാക്കളുടെ സംഗമംനടത്തി.
*വഞ്ഞോട്:-* സെമിത്തേരി സന്ദർശനം നടത്തി, മതാദ്ധ്യപകരെ ആദരിച്ചു.
*കരിമ്പിൽ:-* കപ്പേള വൃത്തിയാക്കി, ക്രിസ്തുരാജന്റെ തിരുനാൾ ആഘോഷിച്ചു. പുൽക്കൂട് നോട്ടീസ് അച്ചടിച്ചു. നക്ഷത്രം നിർമ്മിച്ചു.
*പുതുശ്ശേരി:-* ദണ്ഡവിമോചന പദയാത്ര നടത്തി. മിഷൻഗ്രാമത്തിലേക്ക് കത്തയച്ചു. ആരാധന നടത്തി, തിരുബാല സഖ്യ മത്സരം നടത്തി, ഇടവകതിരുനാൾ ആഘോഷിച്ചു. ദിവ്യ കാരുണ്യ പ്രദക്ഷിണം നടത്തി.
*പുതിയിടംകുന്ന്:-* സെമിത്തേരി വൃത്തിയാക്കി, മതാദ്ധ്യാപകരെ ആദരിച്ചു, കാരുണ്യ തീർത്ഥാടനം നടത്തി.
*കാവുംമന്ദം:-* ദണ്ഡവിമോചന യാത്ര നടത്തി, വികാരിയച്ചന്റെ നാമഹേതുക തിരുന്നാൾ ആചരിച്ചു. മതാദ്ധ്യാപകരെ ആദരിച്ചു. രൂപത, മേഖല ബൈബിൾ കലോത്സവ വിജയികളെ അനുമോദിച്ചു. ജാഗരണ പ്രാർത്ഥന നടത്തി, മിഷൻ അനുഭവം പങ്കുവച്ചു. ഭവന സന്ദർശനം നടത്തി.
*മഞ്ഞൂറ:-* എല്ലാ ഭവനങ്ങളിലും പതാക ഉയർത്തി, ഓർഫനേജുകൾ സന്ദർശിച്ച്, അരിയും നിത്യോപയോഗ സാധനങ്ങളും നൽകി, മാനന്തവാടി ഗവ.ഹോസ്പിറ്റൽ, കണ്ണൂർ സെൻട്രൽ ജയിൽ എന്നിവ സന്ദർശിച്ചു. സെമിത്തേരി സന്ദർശനം, പൂന്തോട്ട നിർമ്മാണം, ബസ് സ്റ്റോപ്പ് നിർമ്മാണം എന്നിവ നടത്തി. വൃക്ഷതൈ നൽകി, പച്ചക്കറി വിത്തുകൾ നൽകി, കരുണയുടെ കവാടം കടന്നു. സെമിനാർ നടത്തി, പഠന സഹായം നൽകി.
*കുറുമ്പാല :-* പഠന സാമഗ്രികൾ വിതരണം ചെയ്തു. ആരാധന നടത്തി, ഗായക പരിശീലനം നടത്തി.
*പുതുശ്ശേരിക്കടവ് :-* അർദ്ധദിന സെമിനാർ നടത്തി.
*ചാരിറ്റി :-* ദൈവവിളി സെമിനാർ നടത്തി, കോളനി നിവാസികൾക്ക് നൽകുവാനായി വസ്ത്രങ്ങൾ ശേഖരിച്ചു. മതാദ്ധ്യാപക ദിനം ആചരിച്ചു, സമ്മാനങ്ങൾ നൽകി. ക്രിസ്തുരാജന്റെ തിരുന്നാൾ ആചരിച്ചു.
*ചൂരൽമല :-* മതാദ്ധ്യാപകരെ ആദരിച്ചു, സെമിത്തേരി സന്ദർശനം നടത്തി, പ്രാർത്ഥനാദിനം ആചരിച്ചു.
*നെടുമ്പാല :-* മതാദ്ധ്യാപകരെ ആദരിച്ചു. സെമിത്തേരി സന്ദർശനം നടത്തി, അർദ്ധദിന സെമിനാർ നടത്തി.
*ഒലിവുമല :-* പൂർവ്വികരെ അനുസ്മരിച്ചു. പ്രാർത്ഥിച്ചു. മതാദ്ധ്യാപക ദിനമായി ആചരിച്ചു. കാരുണ്യവർഷ റാലി നടത്തി. മന്ന ക്വിസ്സ് നടത്തി. ക്രിസ്തുമസ്സ് ഫ്രണ്ടിനെ തിരഞ്ഞെടുത്തു.
*വാഴവറ്റ :-* ജപമാല സൈന്യ അംഗങ്ങൾ പ്രാർത്ഥിച്ചു. എടപ്പെട്ടി -ജീവൻ ജ്യോതി സന്ദർശിച്ച് ശിശു ദിനം ആചരിച്ചു. ശാന്തിനിലയം സന്ദർശിച്ചു. മിഷൻഗ്രാമത്തിനുവേണ്ടി ഉപവസിച്ചു. വിശുദ്ധരെ പരിചയപ്പെടുത്തി, മതാദ്ധ്യാപക ദിനം ആചരിച്ചു.
*വടക്കനാട് :-* സെമിനാർ നടത്തി, കൊളാഷ് നിർമ്മിച്ചു. മതാദ്ധ്യാപകരെ

ആദരിച്ചു. അനാഥമന്ദിരം സന്ദർശിച്ചു. ക്രിസ്തുവിന്റെ രാജത്വ തിരുന്നാൾ ആചരിച്ചു, റാലി നടത്തി.

*അരിഞ്ചേർമല :-* ഭവന നിർമ്മാണത്തിനാവശ്യമായ ഫണ്ട് സ്വരൂപിച്ചു. തീർത്ഥാടനം നടത്തി. സെമിത്തേരി സന്ദർശനം നടത്തി. കഥ, ഉപന്യാസം, കവിത, നിറക്കൂട്ട് മത്സരങ്ങൾ നടത്തി. ജപമാല റാലി നടത്തി.

*ചെറുകാട്ടൂർ:-* ചുണ്ടക്കര ഭിന്നശേഷിയുള്ള കുട്ടികളുടെ വീട് സന്ദർശിച്ച് അവരെ ആദരിച്ചു. മതാദ്ധ്യാപകരെ ആദരിച്ചു. ക്രിസ്തുവിന്റെ രാജത്വ തിരുന്നാൾ ആചരിച്ചു, റാലി നടത്തി.

*വിളമ്പുകണ്ടം :-* വൃക്ഷതൈ നട്ടു, സാഹിത്യ ശിൽപശാല നടത്തി, കരുണയുടെ ജപമാല ചൊല്ലി. ഉപന്യാസ മത്സരം നടത്തി, സെമിത്തേരി സന്ദർശനം നടത്തി, ഗവൺമെന്റ് ആശുപത്രിയിലേക്ക് ആവശ്യമായ പച്ചക്കറികൾ നൽകി, മതാദ്ധ്യാപകരെ ആദരിച്ചു, ദൈവവിളി ആരാധന നടത്തി, വൃദ്ധമാതാപിതാക്കളെ സന്ദർശിച്ചു.

*ആടിക്കൊല്ലി :-* ദൈവാലയ പ്രതിഷ്ഠയിൽ പങ്കെടുത്തു, നേതൃത്വം നൽകി, ആദ്യകുർബാന സ്വീകരണം നടത്തി.

*ഇരുളം :-* ദൈവവിളി സെമിനാർ നടത്തി, തൂങ്കുഴി പിതാവ് സന്ദർശനം നടത്തി, മതാദ്ധ്യാപകരെ ആദരിച്ചു, രോഗീസന്ദർശനം, ആശുപത്രി സന്ദർശനം എന്നിവ നടത്തി, സഹായം നൽകി, വിശുദ്ധരുടെ ഫോട്ടോകൾ ശേഖരിച്ചു.

*പുൽപ്പള്ളി:-*സെമിത്തേരി സന്ദർശനം നടത്തി, ദണ്ഡവിമോചനത്തി നായി കരുണയുടെ കവാടം കടന്നു.

*സീതാമൗണ്ട് :-* ക്രിസ്തുരാജന്റെ തിരുന്നാൾ ആചരിച്ചു, റാലി നടത്തി, കലാപഠന സഹായം നൽകി, കരുണയുടെ തീർത്ഥാടനം നടത്തി, മതാദ്ധ്യാപരെ ആദരിച്ചു.

*പനംചിറ :-* വൃദ്ധമാതാപിതാക്കളെ ആദരിച്ചു. കിടപ്പ് രോഗികളെ കണ്ട് പ്രാർത്ഥിച്ചു. സാധൂസഹായം, പഠനസഹായം, വസ്ത്ര സഹായം എന്നിവ നൽകി. ഇടവകയിൽ മുഴുവൻ വിവിധ ക്ലാസ്സുകൾ നൽകി, ചുണ്ടേൽ പള്ളിയിലേക്ക് കരുണയുടെ തീർത്ഥാടനം നടത്തി.

*ഇടിവണ്ണ :-* ദിവ്യകാരുണ്യ ആരാധന നടത്തി. മിഷൻ ഗ്രാമത്തിന് വേണ്ടി പ്രാർത്ഥിച്ചു. ഭവനസന്ദർശനം, രോഗീ സന്ദർശനം എന്നിവ നടത്തി. മിഷൻലീഗ് അംഗങ്ങളുടെ നേതൃത്വത്തിൽ എല്ലാ വീടുകളിലേക്കും ക്രിസ്തുമസ് നക്ഷത്രം എത്തിച്ചു.

ഹൃദയത്തിലും മനസ്സിലും മിഷൻ ചൈതന്യം നിറച്ച് കർമ്മനിരതരായി ഊർജസ്വലരായി ചെമ്മഞ്ഞ കൊടിയുടെ കീഴിൽ അണിനിരന്ന് ജപമാല രഹസ്യങ്ങൾ ധ്യാനിച്ചുകൊണ്ട് പ്രേഷിത തീക്ഷ്ണതയിൽ വളരുന്ന പ്രിയപ്പെട്ട മിഷൻലീഗിന്റെ പ്രവർത്തകർക്ക് മിഷൻ അഭിവാദ്യങ്ങളോടെ,

**ബിനീഷ് തുമ്പിയാംകുഴിയിൽ**

സി. എം. എൽ. രൂപതാ സെക്രട്ടറി

# Department of Youth Ministry

## Christ In Colleges

യുവജനങ്ങളെ അവർ ആയിരിക്കുന്ന ഇടങ്ങളിൽ ചെന്ന് അവർക്ക് ആവശ്യമായ ആധ്യാത്മിക സഹായം നൽകുന്ന Youth Traveller ന്റെ നേതൃത്വത്തിൽ വിവിധ കോളേജുകളിൽ Christ In Colleges എന്ന പരിപാടി സംഘടിപ്പിച്ചു. ഡിസംബർ 2,7,14,20 തീയതികളിൽ Don Bosco College Bathery, Gurukulam College Dwaraka, St. Mary's College Mananthavady, Kerala Accademy Bathery എന്നിവിടങ്ങളിൽ 10 am മുതൽ 3pm വരെ ക്ലാസ്, വിശുദ്ധ കുമ്പസാരം, വിശുദ്ധ കുർബാന, സ്പിരിച്ച്വൽ ഗൈഡൻസ്, എന്നീ ആത്മീയശുശ്രൂഷകൾ നടത്തി. കോളേജ് അധികൃതരായ ഫാ.ജോയി എസ്ഡിബി, ശ്രീ. ഷാജൻ തടത്തിൽ, ശ്രീ. റെനി പറമുണ്ടയിൽ, ശ്രീമതി ഗ്രേസി ചിറ്റിലപ്പള്ളി എന്നിവർക്കും സ്റ്റാഫിനും ഹൃദയം നിറഞ്ഞ നന്ദി. വിശുദ്ധ കുമ്പസാരത്തിനു സഹായിച്ച ബഹുമാനപ്പെട്ട വൈദീകർക്കും യൂത്ത് മിനിസ്ട്രിയുടെ നന്ദി.

## Night Vigil

ഡിസംബർ 8 അമലോത്ഭവ മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ചുള്ളിയാന നല്ലിടയൻ ദേവാലയത്തിൽ വെച്ച് ഇടവകാംഗങ്ങളുടെയും കെസിവൈഎമ്മിന്റെയും സഹകരണത്തോടെ ജാഗരണ പ്രാർത്ഥന നടത്തി. ബഹുമാനപ്പെട്ട സന്തോഷ് കാവുങ്കലച്ചനും ഇടവക ജനത്തിനും നന്ദി. ഡിസംബർ 16ന് സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ പുൽപ്പള്ളി ആരാധന മഠത്തിന്റെ സഹകരണത്തോടെ ജാഗരണ പ്രാർത്ഥന നടത്തി. എസ്എബിഎസ് സിസ്റ്റേഴ്സിനും പ്രാർത്ഥനയിൽ പങ്കെടുത്ത എസ്കെഡി, എസ്സിവി, സിഎംസി സിസ്റ്റേഴ്സിനും നന്ദി.

## LIFE Training Programme മേഖലകളിൽ

നവംമ്പർ 11,14,21,22 തീയതികളിലായി ചുങ്കക്കുന്ന്, ബത്തേരി, നിലമ്പൂർ, മാനന്തവാടി, പുൽപ്പള്ളി എന്നീ മേഖലകളിൽ റെഗുലർ / ഡിസ്റ്റൻസ് വിദ്യാർത്ഥികൾക്കും അവരുടെ മാതാപിതാക്കൾക്കുമായി വൈകുന്നേരം 6 മണി മുതൽ 8 മണി വരെ ട്രെയിനിംഗ് നടത്തി.

## LIFE Training Entrance

ഒന്നാംഘട്ട പരീക്ഷ - വിവിധ കേന്ദ്രങ്ങളിലായി 265 വിദ്യാർത്ഥികൾ ഡിസംബർ 18-ാം തീയതി ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 3 മുതൽ 4 വരെ പരീക്ഷ എഴുതി. രണ്ടാം ഘട്ട പരീക്ഷ - ഡിസംബർ 29-ാം തീയതി 6 pm മുതൽ 31 തീയതി ശനിയാഴ്ച്ച 4 pm വരെ. മൂന്നാം ഘട്ട പരീക്ഷ 2017 ജനുവരി 2 തിങ്കൾ 9 am മുതൽ 4 pm വരെ. നാലാംഘട്ട പരീക്ഷ 2017 ജനുവരി 7 ശനി 9 am മുതൽ 4 pm വരെ

**Miss Linsha Maria Shanty** - Volunteer Department Of Youth Ministry

# കെ. സി. വൈ. എം.

**വാർഷിക സെനറ്റ് 2017**

കെ.സി.വൈ.എം. മാനന്തവാടി രൂപത വാർഷിക സെനറ്റ് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് 12-12-2016-ന് നടത്തപ്പെട്ടു. രാവിലെ 9.30 ന് രൂപതാ പ്രസിഡണ്ട് ശ്രീ. ആന്റണി മങ്കടപ്ര പതാക ഉയർത്തിയതോടുകൂടി വാർഷിക സെനറ്റിന് തുടക്കമായി. തരിയോട് മേഖല ആനിമേറ്റർ സി. ലിന്റ എഫ്.സി.സി. വചന പ്രതിഷ്ഠ നടത്തി. തുടർന്ന് മേഖല റിപ്പോർട്ടിങ്ങ് സെക്ഷൻ ആരംഭിച്ചു, രൂപത പ്രസിഡണ്ട് ശ്രീ.ആന്റണി മങ്കടപ്ര അദ്ധ്യക്ഷത വഹിച്ചു. ബത്തേരി, കല്ലോടി, ചുങ്കക്കുന്ന്, കൽപ്പറ്റ, മണിമൂളി എന്നീ മേഖലകൾ റിപ്പോർട്ട് അവതരിപ്പിച്ചു. 12 മണിക്ക് ദീപിക ദിനപത്രവും, സർഗ്ഗക്ഷേത്ര ഫൗണ്ടേഷനും, മേളം ഫൗണ്ടേഷനും ഒരുമിച്ചു നടത്തുന്ന ക്യാപ് @ ക്യാപസ്, ക്യാൻസർ ബോധവൽക്കരണ സന്ദേശ യാത്രയ്ക്ക് രൂപത സെനറ്റ് സ്വീകരണം നൽകി. തുടർന്ന്നടന്ന വാർഷിക സെനറ്റ് ഉദ്ഘാടന സമ്മേളനത്തിൽ രൂപതാ ജനറൽ സെക്രട്ടറി ശ്രീ. സിബിൻ പാലമൂട്ടിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. പ്രസിഡണ്ട് ശ്രീ. ആന്റണി മങ്കടപ്ര സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ആമുഖ പ്രഭാഷണം നടത്തി. റേഡിയോ മാറ്റൊലി ഡയറക്ടർ റവ. ഡോ. സെബാസ്റ്റ്യൻ പുത്തേൻ യോഗം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. രൂപതാ ആനിമേറ്റർ സി. സ്മിത എസ്.എ.ബി.എസ്. സംസ്ഥാന സിൻഡിക്കേറ്റ് മെംബർ ശ്രീ. ബിബിൻ ചെമ്പക്കര എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. രൂപതാ സെക്രട്ടറി ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ ഉദ്ഘാടന സമ്മേളനത്തിന് നന്ദി അർപ്പിച്ചു. മേഖലകളുടെ റിപ്പോർട്ടവതരണം തുടർന്നു. മാനന്തവാടി, നടവയൽ, മുള്ളൻക്കൊല്ലി, പയ്യമ്പള്ളി, തരിയോട് എന്നീ മേഖലകൾ കൂടി തങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ചു. ശേഷം ജനറൽ സെക്രട്ടറി ശ്രീ. സിബിൻ പാലമൂട്ടിൽ രൂപതാ വാർഷിക റിപ്പോർട്ട് സെനറ്റിനു മുൻമ്പാകെ അവതരിപ്പിച്ചു. റിപ്പോർട്ട് സെനറ്റ് പാസാക്കി. തുടർന്ന് രൂപതാ ഇലക്ഷനുവേണ്ടിയുള്ള

നോമിനേഷനുകൾ സ്വീകരിച്ചു. ഉച്ചഭക്ഷണത്തിനുശേഷം തുടർന്ന യോഗത്തിൽ വച്ച് 2016 പ്രവർത്തന വർഷത്തെ മികച്ച മേഖലയായി മണിമൂളി മേഖലയെയും, മികച്ച യൂണിറ്റായി കോട്ടത്തറ യൂണിറ്റിനെയും പ്രഖ്യാപിച്ചു. സംസ്ഥാനകലാമൽസരത്തിൽ വിജയിച്ചവരെ അനുമോദിച്ചു. തുടർന്ന് നടന്ന ഇലക്ഷനിൽ വച്ച് 2017 വർഷത്തേയ്ക്കുള്ള രൂപതാ ഭാരവാഹികളെ തിരഞ്ഞെടുത്തു.

**2016 രൂപതാ സെക്രട്ടറിയേറ്റ് മെംമ്പേഴ്സ്**

| | | |
|---|---|---|
| പ്രസിഡണ്ട് | - | ശ്രീ. എബിൻ മുട്ടപ്പള്ളി (തരിയോട്) |
| വൈസ്സ് പ്രസിഡണ്ട് | - | കുമാരി റോസ് മേരി തേറുക്കാട്ടിൽ (ബത്തേരി) |
| ജനറൽ സെക്രട്ടറി | - | ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ (കല്ലോടി) |
| സെക്രട്ടറി | - | കുമാരി അഞ്ജലി ജോസഫ് ചെറുപ്ലാവിൽ (കൽപ്പറ്റ) |
| സെക്രട്ടറി | - | ശ്രീ. ജിജോ തോമസ് താന്നിവേലിൽ (ചുങ്കക്കുന്ന്) |
| ട്രഷറർ | - | സബിൻ മാത്യു വടക്കേക്കുന്നേൽ (മണിമൂളി) |
| കോഡിനേറ്റർ | - | സിജോ ജോർജ്ജ് തൈപ്പറമ്പിൽ (നടവയൽ) |

2016 വർഷത്തെ പ്രസിഡണ്ട് ശ്രീ. ആന്റണി മങ്കടപ്ര, ജനറൽ സെക്രട്ടറി ശ്രീ. സിബിൻ പാലംമൂട്ടിൽ, 2017 വർഷത്തേയ്ക്ക് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. എബിൻ മുട്ടപ്പള്ളി എന്നിവർ സെനറ്റിനെ അഭിസംബോധന ചെയ്ത് സംസാരിച്ചു. 2016 വർഷത്തെ വൈസ്സ് പ്രസിഡണ്ട് കുമാരി അഞ്ജലി ചെറുപ്ലാവിൽ പതാക താഴ്ത്തി. കെ.സി.വൈ.എം. ആന്തത്തോടെ രൂപതാ വാർഷിക സെനറ്റ് അവസാനിച്ചു.

**മികച്ച യൂണിറ്റ് അവാർഡ്**

2016 പ്രവർത്തന വർഷത്തെ മികച്ച യൂണിറ്റായി കോട്ടത്തറ യൂണിറ്റിനെ തിരഞ്ഞെടുത്തു. യൂണിറ്റിനു നേതൃത്വം നൽകിക്കൊണ്ടിരിക്കുന്ന ഡയറക്ടർ ടോമി കൊച്ചുപാറയ്ക്കൽ അച്ചനും, ആനിമേറ്റർ സി. സിസിലി ഒ.എൽ.പിക്കും പ്രസിഡണ്ട് ശ്രീ. ജിജോ പൊടിമറ്റത്തിന്റെ നേതൃത്വത്തിലുള്ള ടീമംഗങ്ങൾക്കും കെ.സി.വൈ.എം. രൂപത കുടുംബത്തിന്റെ അനുമോദനങ്ങൾ.

**മികച്ച മേഖല അവാർഡ്**

തുടർച്ചയായി രണ്ടാം വർഷവും 2016 പ്രവർത്തന വർഷത്തെ മികച്ച മേഖലയായി മണിമൂളി മേഖല തിരഞ്ഞെടുക്കപ്പെട്ടു. മേഖലയെ നയിക്കുന്ന ഡയറക്ടർ ബഹു. ജോയി തുരുത്തേൽ അച്ചനും,

ആനിമേറ്റർ സി. അനറ്റ് മരിയ സി.എം.സിക്കും, പ്രസിഡണ്ട് ശ്രീ. സന്തോഷ് ചെട്ട്യാശ്ശേരിക്കും ടീം അംഗങ്ങൾക്കും കെ.സി.വൈ.എം. രൂപത കുടുംബത്തിന്റെ അനുമോദനങ്ങൾ.

**നന്ദിയോടെ**

2016 വർഷത്തിൽ കെ.സി.വൈ.എം. യുവജനപ്രസ്ഥാനത്തെ ആർജ്ജവത്തോടെയും, ധീരതയോടെയും നയിച്ച സെക്രട്ടറിയേറ്റ് സിൻഡിക്കേറ്റ് അംഗങ്ങൾക്ക് സ്നേഹപൂർവ്വം നന്ദി. പ്രസ്ഥാനത്തിനു വേണ്ടി സമയവും, സമ്പത്തും, കഴിവുകളും, സാഹചര്യങ്ങളും ഇവർ വിനിയോഗിച്ചു. രൂപതാതല പ്രവർത്തനങ്ങൾക്ക് പ്രാർത്ഥനയായും നിർദ്ദേശങ്ങളായും, സാന്നിധ്യമായും പ്രവർത്തന വഴികളിൽ കൂടെ നിന്ന അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിനെയും, ബഹുമാനപ്പെട്ട മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ അച്ചനെയും നന്ദിയോടെ സ്മരിക്കുന്നു. രൂപതാതല പ്രവർത്തനങ്ങൾക്ക് ഊർജ്ജസ്വലതയോടെ ചുക്കാൻപ്പിടിച്ച ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, പ്രസിഡണ്ട് ശ്രീ. ആന്റണി മങ്കടപ്ര, വൈസ്സ് പ്രസിഡണ്ട് കുമാരി അഞ്ജലി ചെറുപ്ലാവിൽ, ജനറൽ സെക്രട്ടറി സിബിൻ പാലമൂട്ടിൽ, സെക്രട്ടറിമാരായ ജിഷിൻ, റോസ് മേരി, ട്രഷറർ ജിജോ പൊടിമറ്റം, കോഡിനേറ്റർ സിജോ തൈപ്പറമ്പിൽ, യൂണിറ്റ്, മേഖല, രൂപത തലങ്ങളിൽപ്രസ്ഥാനത്തെ നയിച്ച വൈദീകർ, ആനിമേറ്റർ സിസ്റ്റേഴ്സ്, മുൻക്കാല ഭാരവാഹികൾ എന്നിവരെ നന്ദിയോടെ ഓർക്കുന്നു. 2017 പ്രവർത്തന വർഷത്തിൽ പ്രസ്ഥാനത്തെ നയിക്കാൻ സെക്രട്ടറിയേറ്റ് സിൻഡിക്കേറ്റ് അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ട ഓരോരുത്തർക്കും അഭിനന്ദനങ്ങൾ.

**ഉത്സവ് - സംസ്ഥാന കലോൽസവം**

കോതമംഗലം രൂപതയുടെ ആതിഥേയത്വത്തിൽ മുവാറ്റുപുഴ നിർമ്മല കോളേജിൽവച്ച് നടന്ന ഉത്സവ് 2016 ൽ പങ്കെടുത്ത് വിജയികളായവർക്കും, ഗ്രേഡ് നേടിയവർക്കും അഭിനന്ദനങ്ങൾ.

| | | |
|---|---|---|
| കൊളാഷ് | - | ജിഷിൻ മുണ്ടക്കാത്തടത്തിൽ (കൊമ്മയാട്) I (A) |
| ഉപന്യാസം | - | ഷിബിൻ നെല്ലിക്കുന്നേൽ (കുഞ്ഞോം) III (A) |
| മോണോആക്ട് | - | സാന്ദ്ര നെല്ലൂർ (ചുണ്ടക്കര) I (A) |
| ലളിതഗാനം (പെൺ) | - | മരിയ കണിയമാക്കുന്നേൽ (മണിമൂളി) I (A) |
| | - | സാന്ദ്ര തൊടുവേലിൽ (പഴൂർ) III (A) |
| പ്രസംഗം | | സിനീഷ് ആപ്പുഴയിൽ (ചെറുകാട്ടൂർ) III (A) |
| നാടോടിനൃത്തം (പെൺ) | - | സാന്ദ്ര നെല്ലൂർ (ചുണ്ടക്കര) II (A) |
| | - | ദിവ്യ ചോലിക്കര (നടവയൽ) (A ഗ്രേഡ്) |
| പരിചമുട്ട്കളി | - | ആൽബിൻ വാഴപ്പള്ളി & ടീം (മുള്ളൻക്കൊല്ലി) III (A) |

കെ.സി.വൈ.എം.ആന്തം - ടോണി വടയാപറമ്പിൽ & ടീം (മണിമൂളി) (A ഗ്രേഡ്)
നാടൻപാട്ട് - സാന്ദ്ര തൊടുവേലിൽ & ടീം (പഴൂർ) (A ഗ്രേഡ്)
സംഘഗാനം - സാന്ദ്ര തൊടുവേലിൽ & ടീം (പഴൂർ) (A ഗ്രേഡ്)

**ചലനം 2017**

2017 വർഷത്തെ പ്രവർത്തനവർഷ ഉദ്ഘാടനവും വഴി പ്രകാശനവും 14-1-2017 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു.

**ഭാരവാഹികളുടെ ലിസ്റ്റ്**

2017 വർഷത്തിലെ യൂണിറ്റ് ഭാരവാഹികളുടെ ലിസ്റ്റ് എത്രയും പെട്ടെന്ന് രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ.

**മേഖലാ വാർത്തകൾ**

2017 വർഷത്തിൽ മേഖലാ തലത്തിൽ കെ.സി.വൈ.എം. പ്രസ്ഥാനത്തെ നയിക്കാൻ തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് അഭിനന്ദനങ്ങൾ.

**ചുങ്കക്കുന്ന് മേഖല**

ഡയറക്ടർ - റവ. ഫാ. റോബിൻ വടക്കുംഞ്ചേരി
ആനിമേറ്റർ - സി. റോസ്മിൻ എസ്.എച്ച്.
പ്രസിഡണ്ട് - കാമിലോ കണ്ണന്താനം (ചുങ്കക്കുന്ന്)
വൈസ് പ്രസിഡണ്ട് - അലീഷ കക്കാട്ടിക്കാലായിൽ (കൊട്ടിയൂർ)
സെക്രട്ടറി - സിബിൻ വെള്ളാച്ചിറ (നെല്ലിയോടി)
ജോ. സെക്രട്ടറി - ജിസ്ന വയലിൽ (അടക്കാത്തോട്)
ട്രഷറർ - സനീഷ വടക്കേടത്ത് (ശാന്തിഗിരി)
കോഡിനേറ്റർ - റോബിൻ കൊച്ചുപ്പുരയ്ക്കൽ
സെനറ്റ് മെമ്പർ - ജോസ്ന തെങ്ങുംപള്ളി (ചുങ്കക്കുന്ന്)

കെ.സി.വൈ.എം. ചുങ്കക്കുന്ന് മേഖലയുടെ നേതൃത്വത്തിൽ 17-12-2016 ശനിയാഴ്ച്ച കേളകത്ത് ക്രിസ്തുമസ്സ് ആഘോഷം നടത്തി. ക്രിസ്തോ സാന്താ 2016 എന്ന പേരിൽ നടത്തിയ സാന്താ ക്ലോസ്സ് സംഗമം കേളകം സാൻജോസ് ദേവാലയത്തിൽ നിന്ന് ആരംഭിച്ച് കേളകം ബസ്സ് സ്റ്റാൻഡിൽ എത്തി ചേർന്നു. പൊതുജനങ്ങൾക്കായി ക്രസ്തുമസ്സ് കാർഡും കേക്കും വിതരണം ചെയ്തു. വിവിധ യൂണിറ്റുകളിൽ നിന്നുമായി ആയിരത്തോളം വരുന്ന യുവജനങ്ങൾ പങ്കെടുത്തു. കേളകത്തിന്റെ ചരിത്രത്തിലാദ്യമായിട്ടാണ് ഇത്തരമൊരു സാന്താക്ലോസ്സ് സംഗമം സംഘടിപ്പിച്ചത്.

**കല്ലോടി മേഖല**

ഡയറക്ടർ - റവ. ഫാ. ബിജു തുരുത്തേൽ
ആനിമേറ്റർ - സി. ഷാലറ്റ് സി.എം.സി.
വൈസ് പ്രസിഡണ്ട് - ശലഭ കിഴക്കേപ്പറമ്പിൽ (ദ്വാരക)

സെക്രട്ടറി - ഡാനി പാലംപറമ്പിൽ (പുതിയിടംകുന്ന്)
ജോ. സെക്രട്ടറി - ജെസ്ന തണ്ടേൽ (മൊതക്കര)
ട്രഷറർ - അജിൻ കുന്നത്ത് (പുതുശ്ശേരി)
കോഡിനേറ്റർ - ബിബിൻ പിലാപ്പള്ളിൽ (ദ്വാരക)
സെനറ്റ് മെമ്പർ - അശ്വിൻ കരിംമ്പനാൽ (വെള്ളമുണ്ട)
സെനറ്റ് മെമ്പർ - ജെയ്ജ മൈലാടൂർ (കൊമ്മയാട്)

**കൽപ്പറ്റ മേഖല**

ഡയറക്ടർ - റവ. ഫാ. മാത്യു മലയിൽ
ആനിമേറ്റർ - സി. വിജയ എസ്.എ.ബി.എസ്.
പ്രസിഡണ്ട് - ജെസ്സി ലൂയീസ് ജോസഫ് വെട്ടിക്കാട്ട് (വൈത്തിരി)
വൈസ് പ്രസിഡണ്ട് - അലീന അല്ലക്കുഴ (നെടുംമ്പാല)
സെക്രട്ടറി - ജോജോ ജോൺ പുന്നംത്തടത്തിൽ (നെടുംമ്പാല)
ജോ. സെക്രട്ടറി - സ്റ്റെഫീന ആന്റണി അമ്പലത്തിങ്കൽ (വൈത്തിരി)
ട്രഷറർ - അഖിൽ മണിക്കുറ്റിയിൽ (തൃക്കൈപ്പറ്റ)
കോഡിനേറ്റർ - ഷാജി അഴകനാൽ (നെടുംമ്പാല)
സെനറ്റ് മെമ്പർ - ജീസ്സ് വർഗ്ഗീസ് (ഒലിവുമല)
സെനറ്റ് മെമ്പർ - റിനുമോൾ പൊടിപ്പാറയിൽ (ചൂരൽമല)

**മാനന്തവാടി മേഖല**

ഡയറക്ടർ - റവ.ഫാ. വിൻസന്റ് കളപ്പുരയ്ക്കൽ
ആനിമേറ്റർ - സി. ലില്ലി മാത്യു എസ്.എച്ച്.
പ്രസിഡണ്ട് - അനീഷ് മൂലയിൽ എം.എ. (പാറത്തോട്ടം)
വൈസ് പ്രസിഡണ്ട് - നയന പുത്തൻപുരയിൽ (പ്രശാന്തഗിരി)
സെക്രട്ടറി - ജോബിഷ് പന്നിക്കുത്തിമാക്കൽ (പോരൂർ)
ജോ. സെക്രട്ടറി - അനുപമ ജോസഫ് മറ്റത്തിനാനിക്കൽ (യവനാർകുളം)
ട്രഷറർ - ലിന്റോ കുരിയാക്കോസ് പടിഞ്ഞാറയിൽ
കോഡിനേറ്റർ - അഭി തോമസ് കുറ്റിക്കാട്ടിൽ (പാറത്തോട്ടം)
സെനറ്റ് മെമ്പർ - സുബിൻ ജോസഫ് കൊഴുപ്പത്തടത്തിൽ (പോരൂർ)
സെനറ്റ് മെമ്പർ - ആശ ജോസഫ് എടത്തുക്കുന്നേൽ (യവനാർകുളം)

**മണിമൂളി മേഖല**

ഡയറക്ടർ - റവ. ഫാ. ജോയി തുരുത്തേൽ
ആനിമേറ്റർ - സി. അനറ്റ് മരിയ സി.എം.സി.

| | | |
|---|---|---|
| പ്രസിഡണ്ട് | - | സന്തോഷ് ചെട്ടിശ്ശേരിൽ (പാതിരിപ്പാടം) |
| വൈസ് പ്രസിഡണ്ട് | - | ഗ്രാലിയ അലക്സ് വെട്ടുക്കാട്ടിൽ (മണിമൂളി) |
| സെക്രട്ടറി | - | ജിബിൻ ജെയിംസ് എത്തുങ്കൽ (പാലേമാട്) |
| ജോ. സെക്രട്ടറി | - | അലീന ജോസ് കരിയിൽ (തലഞ്ഞി) |
| ട്രഷറർ | - | ജോസ് കുര്യാക്കോസ് അരീപ്പറമ്പിൽ (ഭൂദാനം) |
| കോഡിനേറ്റർ | - | കുര്യൻ നീലത്തുമുക്കിൽ (പാലേമാട്) |
| സെനറ്റ് മെമ്പർ | - | ലിബിൻ തച്ചേടത്ത് (പാലാങ്കര) |
| സെനറ്റ് മെമ്പർ | - | ജോസ്ന ജോസ് നീലത്തുമുക്കിൽ (പാതിരിപ്പാടം) |

**മുള്ളൻകൊല്ലി മേഖല**

| | | |
|---|---|---|
| ഡയറക്ടർ | - | റവ. ഫാ. സിബിച്ചൻ ചേലക്കപ്പള്ളിൽ |
| ആനിമേറ്റർ | - | സി. ടെസ്സിൻ എസ്.എ.ബി.എസ്. |
| പ്രസിഡണ്ട് | - | സ്റ്റെഫിൻ നീറാനിക്കൽ (മരക്കടവ്) |
| വൈസ് പ്രസിഡണ്ട് | - | അഞ്ജു കുന്നേത്തടത്തിൽ (ആടിക്കൊല്ലി) |
| സെക്രട്ടറി | - | അഗസ്റ്റ്യൻ മേമാട്ട് (മുള്ളൻക്കൊല്ലി) |
| ജോ. സെക്രട്ടറി | - | ഹർഷ ജെയിംസ് (അമരക്കുനി) |
| ട്രഷറർ | - | ജോബിഷ് പാറേക്കാട്ടിൽ (മുള്ളൻക്കൊല്ലി) |
| കോഡിനേറ്റർ | - | അലക്സ് മണ്ടാനത്ത് (പട്ടാണിക്കൂപ്പ്) |
| സെനറ്റ് മെമ്പർ | - | അരുൺ സെബാസ്റ്റ്യൻ എടത്തുംപറമ്പിൽ (മുള്ളൻക്കൊല്ലി) |
| സെനറ്റ് മെമ്പർ | - | അമല കുഴികണ്ടത്തിൽ (ഇരുളം) |

**നടവയൽ മേഖല**

| | | |
|---|---|---|
| ഡയറക്ടർ | - | റവ.ഫാ.അഗസ്റ്റ്യൻ ചിറക്കത്തോട്ടത്തിൽ |
| ആനിമേറ്റർ | - | സി. ആഷ്‌ലി സി.എം.സി. |
| പ്രസിഡണ്ട് | - | ദീപക് ജോഷി (ചുണ്ടക്കര) |
| വൈസ് പ്രസിഡണ്ട് | - | അനു വി. ജോയി (വിളമ്പുകണ്ടം) |
| സെക്രട്ടറി | - | അനില അബ്രാഹം (അരിഞ്ചേർമല) |
| ജോ. സെക്രട്ടറി | - | അജിൽ ജോൺ മുരിങ്ങാമറ്റം (പനമരം) |
| ട്രഷറർ | - | മെൽബിൻ ജോസഫ് ഏത്തംപറമ്പിൽ (പറളിക്കുന്ന്) |
| കോഡിനേറ്റർ | - | ഹൃദിൽ ഷാജി പുലിക്കോട്ടിൽ (ചെറുകാട്ടൂർ) |
| സെനറ്റ് മെമ്പർ | - | സുബിൻ ചിറപ്പുറത്ത് (നടവയൽ) |
| സെനറ്റ് മെമ്പർ | - | അലീന കൊല്ലംപറമ്പിൽ (വാളവയൽ) |

**പയ്യംപള്ളി മേഖല**

ഡയറക്ടർ - റവ. ഫാ. ജെയ്മോൻ കളമ്പുകാട്ട്
ആനിമേറ്റർ - സി. എലിസബത്ത് എസ്.സി.വി.
പ്രസിഡണ്ട് - ജോഫ്രി പൊന്നപ്പാറക്കൽ (പടമല)
വൈസ് പ്രസിഡണ്ട് - അലീന പൂത്തറയിൽ (കാട്ടിക്കുളം)
സെക്രട്ടറി - മാർട്ടിൻ സ്രാത്താഴത്ത് (ഒണ്ടയങ്ങാടി)
ജോ. സെക്രട്ടറി - ജിബിഷ കൊച്ചുമീമ്പള്ളി (പനവല്ലി)
ട്രഷറർ - സന്തോഷ് കളരിക്കൽ (പടമല)
കോഡിനേറ്റർ - ഡെനിൽ ചൊള്ളംകാട്ടിൽ (പയ്യംപള്ളി)
സെനറ്റ് മെമ്പർ - ജോയ്സ് പുൽപ്പറമ്പിൽ (തൃശ്ശിലേരി)
സെനറ്റ് മെമ്പർ - ചിപ്പി കളമ്പാട്ട് (പയ്യംപള്ളി)

**സുൽത്താൻ ബത്തേരി**

ഡയറക്ടർ - റവ. ഫാ. സജി അവങ്ങാട്ട്
ആനിമേറ്റർ - സി. ഷെറിൻ സി.എം.സി.
പ്രസിഡണ്ട് - ജോസ് കുക്കാട്ടുമലയിൽ
വൈസ് പ്രസിഡണ്ട് - സ്നേഹ കൂവിക്കാതൊടിയിൽ (വടക്കനാട്)
സെക്രട്ടറി - ഷിജോ തൈയ്യിൽ (ചുള്ളിയോട്)
ജോ. സെക്രട്ടറി - ഫ്രിഷില്ല വടക്കേക്കര (പഴൂർ)
ട്രഷറർ - പ്രദീപ് തുറക്കുന്നേൽ (ചിത്രഗിരി)
കോഡിനേറ്റർ - ബിജേഷ് മാത്യു അമ്പാറയിൽ (ചിത്രഗിരി)
സെനറ്റ് മെമ്പർ - അജോ പടിഞ്ഞാറെമാങ്കുളത്തിൽ(ബത്തേരി)
സെനറ്റ് മെമ്പർ - അലീന നെടിയാക്കൽ (മൂലങ്കാവ്)

**തരിയോട് മേഖല**

ഡയറക്ടർ - റവ. ഫാ. വിനോദ് പാക്കാനിക്കുഴി
ആനിമേറ്റർ - സി. ലിന്റ എഫ്.സി.സി.
പ്രസിഡണ്ട് - ജിജോ പൊടിമറ്റം (കോട്ടത്തറ)
വൈസ് പ്രസിഡണ്ട് - അമൃത കൊച്ചുമലയിൽ (കാവുംമന്ദം)
സെക്രട്ടറി - ജോൺസൻ മുണ്ടിയാങ്കൽ (ചെന്നലോട്)
ജോ. സെക്രട്ടറി - അഞ്ജു പള്ളത്ത് (കുറുംമ്പാല)
ട്രഷറർ - ജോഷി മാമ്പള്ളി (കോട്ടത്തറ)
കോഡിനേറ്റർ - ക്ലെമന്റ് പടിഞ്ഞാറെക്കുടുപ്പിൽ (കുറുമണി)
സെനറ്റ് മെമ്പർ - അജിത്ത് കുളത്തിങ്കൽ (കോട്ടത്തറ)
സെനറ്റ് മെമ്പർ - അശ്വതി കണ്ണംകുളം (ചെന്നലോട്)

**നന്ദിയും സ്വാഗതവും**

വൈത്തിരി മേഖലയെ ഏറെ ആർജ്ജവത്തോടെ നയിച്ച ആനിമേറ്റർ സി. ടെസ്സി അമ്പലത്തിങ്കൽ എസ്.എച്ചിന് കെ.സി.വൈ.എം. കുടുംബത്തിന്റെ നന്ദി. പുതിയതായി മേഖലയെ നയിക്കാൻ

കടന്നുവന്നിരിക്കുന്ന സി. ഷെറിൻ സി.എം.സി (ബത്തേരി), സി. ടെസിൻ എസ്.എ.ബി.എസ്. (പുൽപ്പള്ളി) എന്നിവർക്ക് കെ.സി.വൈ.എം. കുടുംബത്തിലേയ്ക്ക് സ്വാഗതം.

**അനുശോചനം**

ചുങ്കക്കുന്ന് ഫൊറോന വികാരി റവ. ഫാ. തോമസ് മണക്കു ന്നേലിന്റെ പിതാവിന്റെ നിര്യാണത്തിൽ കെ.സി.വൈ.എം. മാനന്തവാടി രൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

**യൂണിറ്റ് വാർത്തകൾ**

**പുതുശ്ശേരി**

നവംബർ 5-ന് കല്ലോടി സെന്റ് ജോർജ്ജ് ഫെറോന ദേവാല യത്തിലേയ്ക്കുള്ള തീർത്ഥാടനത്തിൽ കെ.സി.വൈ.എം. അംഗങ്ങൾ പങ്കെടുത്ത് കരുണയുടെ വാതിൽ കടന്ന് പൂർണ്ണ ദണ്ഡവിമോചനം പ്രാപിച്ചു.

പുതിയ ദേവാലയ നിർമ്മാണ പ്രവർത്തന ഫണ്ട് സമാഹരണ ത്തിലേയ്ക്ക് വേണ്ടി യൂണിറ്റ് അംഗങ്ങൾ സ്റ്റാൾ നടത്തിയും ആക്രി സാധനങ്ങൾ ശേഖരിച്ചും 21000 രൂപ ശേഖരിച്ചു. എമ്മാവൂസ്സ് വില്ലയിൽ വച്ച് നടത്തപ്പെട്ട ജീവകാരുണ്യ ഫെസ്റ്റിനു വേണ്ടി ബെഡ് ഷീറ്റുകൾ സമാഹരിച്ച് ഫെസ്റ്റിൽ സജീവമായി പങ്കെടുത്തു.

**പുതിയിടംകുന്ന്**

നവംബർ മാസത്തിൽ മരിച്ച ആത്മാക്കളുടെ ആത്മശാന്തിക്കു വേണ്ടിയുള്ള ദിവ്യബലിയിലും സത്കൃത്യങ്ങളിലും സജീവമായി പങ്കെടുത്തു. ജീവകാരുണ്യഫെസ്റ്റിൽ ബെഡ് ഷീറ്റുകൾ ശേഖരിച്ച് പരിപാടികളിൽ സജീവമായി പങ്കെടുത്തു.

**കാവുംമന്ദം**

കൽപ്പറ്റ-പടിഞ്ഞാറത്തറ റോഡിന്റെ ശോചനാവസ്ഥ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് കെ.സി.വൈ.എം. അംഗങ്ങൾ റോഡിൽ വാഴ നട്ട് പ്രതിഷേധിച്ചു. ഡയറക്ടർ റവ. ഫാ. മാർട്ടിൻ പുതുശ്ശേരി ഉദ്ഘാടനം നിർവ്വഹിച്ചു. പ്രസിഡണ്ട് ശ്രീ. ജെറ്റീഷ് വെള്ളാരംക്കാലായിൽ അദ്ധ്യക്ഷത വഹിച്ചു. സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും പങ്കുവയ്ക്കലിന്റെയും ചൈതന്യം സ്വീകരിച്ച് ഒരു ദിവസത്തെ വിനോദയാത്ര സംഘടിപ്പിച്ചു.

**മഞ്ഞൂറ**

ജീവകാരുണ്യഫെസ്റ്റിനു വേണ്ടി ബെഡ്ഷീറ്റുകൾ ശേഖരിച്ച് സജീവമായി പരിപാടിയിൽ പങ്കെടുത്തു. പൂർണ്ണദണ്ഡവിമോചന യാത്രയിൽ സജീവമായി പങ്കെടുത്തു.

**സിബിൻ പാലംമറ്റിൽ** - ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

പാസ്റ്ററൽ സെന്ററിൽ ഡിസംബർ 4 മുതൽ 7 വരെ നടന്ന കോഴ്സിൽ 77 പേരും, ഡിസംബർ 9 മുതൽ 12 വരെ മണിമൂളിയിൽ നടന്ന കോഴ്സിൽ 93 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും പ്രത്യേകിച്ച് മണിമൂളിയിലെ കോഴ്സിന്റെ വിജയത്തിനായ് പ്രയത്നിച്ച ബഹു. സിഞ്ചെല്ലൂസ് അച്ചനും മണിമൂളി, നിലമ്പൂർ, നീലഗിരി പ്രദേശത്തെ ബഹു. വികാരിയച്ചൻമാർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി. യുവതീ യുവാക്കൾ കഴിയുന്നതും വിവാഹത്തിനു മുമ്പേ എം.പി.സി കൂടുന്നതിന് ബഹു. വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലോ.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | |
|---|---|---|
| ജനുവരി | 8 - 11 | പാസ്റ്ററൽ സെന്റർ ദ്വാരക |
| ജനുവരി | 27 - 30 | പാസ്റ്ററൽ സെന്റർ ദ്വാരക |
| ഫെബ്രുവരി | 17 - 20 | പാസ്റ്ററൽ സെന്റർ ദ്വാരക |

**സീറോ മലബാർ മാതൃവേദി**
**വാർഷിക ജനറൽബോഡി**

മാതൃവേദി രൂപതാ വാർഷിക ജനറൽബോഡി ഡിസംബർ 17-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. ശാഖാ മേഖലാ ഭാരവാഹികളും ആനിമേറ്റേഴ്സും പങ്കെടുത്തു. വീടുകളിൽ നടത്താവുന്ന വേസ്റ്റ് മാനേജ്മെന്റ്നെക്കുറിച്ച് രാമനാഥപുരം രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയും അന്തർദേശീയ റിസോഴ്സ് പേഴ്സനുമായ ഡോ. ജോഷി ചെറിയാൻ ക്ലാസ് നയിച്ചു. തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ ബഹു. മാത്യു പെരിയപ്പുറം അച്ചൻ 'സമൂഹ നിർമ്മിതിയിൽ കുടുംബങ്ങൾക്കുള്ള ദൗത്യ'ത്തെക്കുറിച്ച് സംസാരിച്ചു. മികച്ച ശാഖകൾക്കും, മികച്ച മേഖലകൾക്കും, ലോഗോസ് വിജയികൾക്കും, വനിതാ കമ്മിഷൻ രചനാ മൽസര വിജയികൾക്കുമുള്ള സമ്മാനങ്ങളും വിതരണം ചെയ്തു. 2015-2016 വർഷത്തിൽ മാതൃവേദിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ച ബഹു. വൈദീകർക്കും, സിസ്റ്റേഴ്സിനും, ഭാരവാഹികൾക്കും സ്നേഹപൂർവ്വം നന്ദിയറിയിക്കുന്നു. ഏവർക്കും ക്രിസ്തുമസ് പുതുവത്സരാശംസകൾ.

**മാതൃവേദി മികച്ച ശാഖകൾ, മേഖലകൾ**

2015-2016 പ്രവർത്തന വർഷത്തിൽ മാതൃവേദിയിലെ അമ്മമാർ അവരവരുടെ ശാഖകളിൽ പ്രശംസനീയവും അനേകർക്ക് അനുഗ്രഹ ദായകവും ഉപകാരപ്രദവുമായ പ്രവർത്തനങ്ങൾ കാഴ്ച്ചവച്ചു. എല്ലാ അമ്മമാർക്കും, നേതൃത്വം നൽകിയ ബഹു. വികാരിയച്ചൻമാർക്കും, ആനിമേറ്റർ സിസ്റ്റേഴ്സിനും, ഭാരവാഹികൾക്കും, ബഹു. മേഖലാ ഡയറക്ടേഴ്സിനും, ആനിമേറ്റേഴ്സ്, മേഖലാ, രൂപതാ ഭാരവാഹി കൾക്കും ഹൃദ്യമായ നന്ദിയും അഭിനന്ദനങ്ങളും.

**മാതൃവേദി: മികച്ച ശാഖകൾ:** ചുങ്കക്കുന്ന്, കാവുമന്ദം, പഴൂർ

**മികച്ച മേഖലകൾ:** മാനന്തവാടി, ബത്തേരി, പയ്യംപള്ളി

**ലോഗോസ് ക്വിസ് 2016- ൽ കൂടുതൽ മാർക്ക് നേടിയ മാതൃവേദി അംഗങ്ങൾ**

റീത്ത പാലക്കാത്തടത്തിൽ-പഴൂർ 92 മാർക്ക്, ബിന്ദു കവളനാൽ-കരിമാനി 92 മാർക്ക്, ഗ്രേസി വല്ലപ്രയിൽ-പഴൂർ 90 മാർക്ക്, ജിജി മണക്കാട്ട് - ചുങ്കക്കുന്ന് 90 മാർക്ക്.

**സാഹിത്യ മത്സരം**

രൂപതാ വനിതാ കമ്മീഷന്റെയും മാതൃവേദിയുടെയും ആഭിമുഖ്യത്തിൽ 18 വയസ്സിനു മുകളിൽ പ്രായമുള്ള വനിതകൾക്കായി 'സ്നേഹത്തിന്റെ സന്തോഷം' എന്ന അപ്പസ്തോലികലേഖനം ആസ്പദമാക്കി നടത്തിയ രചനാമത്സരങ്ങൾ വിജയകരമായിരുന്നു. നടത്തിപ്പിനു നേതൃത്വം നൽകിയ ശാഖാ, മേഖലാ ഡയറക്ടർ അച്ചൻമാർക്കും മറ്റ് ഭാരവാഹികൾക്കും നന്ദിയും പങ്കെടുത്തവർക്ക് അഭിനന്ദനങ്ങളും അറിയിക്കുന്നു.

**ഉപന്യാസം:** മേരി പുത്തൻവീട്ടിൽ-മൊതക്കര, റെജി കൊച്ചു തൊട്ടിയിൽ-തലഞ്ഞി, അമലി ജെറി മാവേലിൽ-പൂളപ്പാടം.

**കഥ:** റ്റാനിയ കുരിശുംമൂട്ടിൽ-ദ്വാരക, ഷേർലി പുതിയാകുന്നേൽ-തലഞ്ഞി, സുനി പുന്നോലിക്കുന്നേൽ-പൂളപ്പാടം

**കവിത:** മഞ്ജു റോഷൻ ഇഞ്ചപ്ലാക്കൽ-പുതിയിടംകുന്ന്, ലിസി പന്തക്കൽ-കമ്മന, റെജീന നടാംകണ്ടത്തിൽ-തവിഞ്ഞാൽ.

**ജലഛായം:** നിഷ മുണ്ടക്കൽ-കാരക്കാമല, ഗീത ഫിലിപ്പ് പ്ലാത്തോട്ടം-നിലമ്പൂർ, റിൻസി മുല്ലക്കുടി-വാഴവറ്റ.

**മാനന്തവാടി മേഖല**

ഒക്ടോബർ 20-ാം തീയതി തവിഞ്ഞാൽ ഇടവകയിൽ വച്ച് മാനന്തവാടി മേഖലയുടെ ജപമാല റാലി നടന്നു. മേഖലാ വാർഷികം നവംബർ 20-ാം തീയതി മാനന്തവാടി സെന്റ് പീറ്റർ ആന്റ് പോൾ ചർച്ച് ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. ഫാ. അഗസ്റ്റിൻ നിലക്കപ്പള്ളി അമ്മമാർക്ക് ക്ലാസ്സെടുത്തു. ഏറ്റവും നല്ല ശാഖകൾക്കുള്ള ട്രോഫികളും വനിതാ കമ്മീഷൻ നടത്തിയ സാഹിത്യ മൽസരങ്ങളിൽ മേഖലാ

വിജയികൾക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്തു. പ്രസിഡന്റ്, വൈസ് പ്രസിഡന്റ് രാജി വച്ച ഒഴിവിലേക്ക് യഥാക്രമം ജെസ്സി കവളനാൽ (കരിമാനി), ഷേർളി പറയിടം (യവനാർകുളം) എന്നിവരെ വാർഷിക പൊതുയോഗത്തിൽ വച്ച് തിരഞ്ഞെടുത്തു.

**ചുങ്കക്കുന്ന് മേഖല**

മേഖലാ ഭാരവാഹികൾ എല്ലാ ശാഖകളിലും സന്ദർശനം നടത്തി. ചുങ്കക്കുന്ന് ശാഖയ്ക്ക് ഒന്നാം സ്ഥാനവും, കേളകം ശാഖ രണ്ടാം സ്ഥാനവും നേടി. ചുങ്കക്കുന്നിൽ വച്ച് നവംബർ 22 -ന് മേഖലാ സാഹിത്യ മൽസരം നടത്തി.

**മണിമൂളി മേഖല**

നവംബർ 10-ന് രൂപതാ എക്സിക്യൂട്ടീവ് ചേർന്നു. നവംബർ 15-ന് മേഖലാ എക്സിക്യൂട്ടീവിൽ കരോൾഗാന മൽസരം നടത്താൻ തീരുമാനിച്ചു.

**പുതിയിടംകുന്ന്**

നവംബർ 5-ന് ഹോസ്പിറ്റൽ മിനിസ്ട്രി നടത്തി. മാതൃവേദി അംഗങ്ങൾ പോരൂർ സ്നേഹാലയം സന്ദർശിക്കുകയും ഇടവകയിൽ നിന്ന് സമാഹരിച്ച നിത്യോപയോഗ സാധനങ്ങൾ നൽകുകയും ചെയ്തു. ഊർജ്ജകിരൺ പദ്ധതിയെകുറിച്ച് സെമിനാർ നടത്തി.

**മഞ്ഞൂറ**

രോഗികളെ സന്ദർശിക്കുകയും 1000/- ചികിത്സാ സഹായം നൽകുകയും ചെയ്തു. നാലാമത്തെ കുഞ്ഞിന് ജന്മം നൽകിയ സോണിയ കുമ്പളക്കുഴിയെ സന്ദർശിച്ചു. മേഖലാ ജപമാല റാലിയിലും, വി. ബലിയിലും പങ്കെടുത്തു.

**കോട്ടത്തറ**

നവംബർ മാസത്തിൽ എല്ലാ ദിവസവും രാവിലെ സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു. എല്ലാ ഇടവകാംഗങ്ങളെയും പങ്കെടുപ്പിച്ചു കൊണ്ട് കരുണയുടെ വർഷം അടിസ്ഥാനമാക്കി വാർഡുകളിൽ മെഗാ ക്വിസ് 2016 സംഘടിപ്പിച്ചു. തരിയോട് മേഖലയുടെ നേതൃത്വത്തിൽ പുതുശ്ശേരിക്കടവ് ഇടവകയിൽ നടത്തിയ ജപമാല റാലിയിൽ അമ്മമാർ പങ്കെടുത്തു.

**കാവുമന്ദം**

കരുണയുടെ വർഷാവസാനത്തിൽ മാതൃവേദി അംഗങ്ങൾ തരിയോട് ഫൊറോനാപള്ളി സന്ദർശിച്ച് പ്രാർത്ഥിച്ചു. മാതൃവേദി അംഗങ്ങൾ സ്വരൂപിച്ച 32000/- രൂപ പാരീഷ് ഹാൾ നിർമ്മാണത്തിന് നൽകി.

**തോണിച്ചാൽ**

ആധുനിക കുടുംബവും വെല്ലുവിളികളും എന്ന വിഷയത്തെ ആസ്പദമാക്കി മാതൃവേദി രൂപതാ ഡയറക്ടർ റവ. ഫാ. ജോഷി മഞ്ഞക്കുന്നേൽ ക്ലാസ്സെടുത്തു. തെരുവുനായയുടെ കടിയേറ്റ് ചികിത്സ

യിൽ കഴിയുന്ന ഇടവകാംഗത്തെ സന്ദർശിച്ച് പ്രാർത്ഥിച്ചു. ക്യാൻസർ രോഗിയെ സന്ദർശിച്ചു. ഡിസംബർ 8-ന് ദേവാലയത്തിൽ വരുന്ന എല്ലാവർക്കും നൽകാനായ് അമ്മമാരുടെ നേതൃത്വത്തിൽ ജപമാല നിർമ്മിച്ചു.

**ചുങ്കക്കുന്ന്**

വാർഡ് പ്രതിനിധികളായ അമ്മമാർ ഭവന സന്ദർശനം നടത്തി., പള്ളിയും സിമിത്തേരിയും വൃത്തിയാക്കി. കണ്ണൂർ ജില്ലയുടെ ക്രമസമാധാനത്തിനായി ആരാധനയും ജപമാല റാലിയും നടത്തി.

**ഇരുളം**

ഒക്ടോബർ 1 മുതൽ ഇടവകയിലെ അമ്മമാർ മദ്യപാനത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവരുടെ മാനസാന്തരത്തിനായി അഖണ്ഡ ഉപവാസം ആരംഭിച്ചു. എല്ലാദിവസവും 3 മണിക്ക് കരുണകൊന്ത ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്യുന്നു. വിവാഹം നടക്കാത്ത യുവജനങ്ങൾക്കു വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നു. പച്ചക്കറികൾ കൃഷി ചെയ്യുന്നത് പ്രോൽസാഹിപ്പിക്കുന്നതിനായ് പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു.

**പൂക്കോട്ടുംപാടം**

മാതൃവേദി പരേതാത്മാക്കൾക്കായി വി.കുർബാനയും ഒപ്പീസും ചൊല്ലി പ്രാർത്ഥിച്ചു. കരുണയുടെ വർഷാവസാനത്തിൽ അഖണ്ഡ ജപമാല നടത്തുകയും ഫൊറോനാ ദേവാലയത്തിൽ കരുണയുടെ കവാടം കടന്ന് പൂർണ്ണദണ്ഡവിമോചനം നേടുകയും ചെയ്തു. നിലമ്പൂർ താലൂക്കാശുപത്രിയിൽ ഭക്ഷണം നൽകി.

**പൂളപ്പാടം**

ലോഗോസ് ക്വിസ്സിന് ഓരോ വാർഡിലും ഏറ്റവും കൂടുതൽ മാർക്ക് കിട്ടിയ അമ്മമാർക്ക് സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിച്ചു.

**കേളകം**

ഒക്ടോബർ 26-ന് സാൻ ജോസ് പള്ളിയിൽ വച്ച് മേഖലാ എക്സിക്യൂട്ടീവ് ചേർന്നു. ഫാ. മാത്യു കറുത്തേടത്ത് ക്ലാസ്സെടുത്തു. വൃദ്ധമന്ദിരം സന്ദർശിച്ച് 7000/- രൂപ സംഭാവനയായി നൽകി.

**ദ്വാരക**

കരുണയുടെ വർഷാവസാനം അമ്മമാർ സീയോൻ ചാപ്പലിന്റെ കരുണയുടെ കവാടം കടന്ന് ദണ്ഡവിമോചനം നേടി. നവംബർ 20-ന് അമ്മമാർ പള്ളിയിൽ വച്ച് ജപമാല ചൊല്ലി എമ്മാവൂസിലെ കുട്ടികൾക്കു വേണ്ടി പ്രാർത്ഥിച്ചു, എമ്മാവൂസ്‌വില്ല സന്ദർശിച്ചു, പലഹാരങ്ങൾ നൽകി, അമ്മമാർ കലാപരിപാടികൾ അവതരിപ്പിച്ചു.

**പഴൂർ**

2016 പ്രവർത്തന വർഷത്തിൽ രൂപതയിലെ മികച്ച 3-മത്തെ യൂണിറ്റായി തെരഞ്ഞെടുക്കപ്പെട്ടു.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**

ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**സീയോൻ ആദ്യശനി ഏകദിന കൺവെൻഷൻ 2–12–2016**

സീയോൻ ടീം മെമ്പേഴ്സ് കൺവെൻഷന്റെ ഒരുക്കത്തിനായി ആദ്യവെള്ളിയാഴ്ച പ്രാർത്ഥന നടത്തി. ഒരുക്കശുശ്രൂഷകൾ രാവിലെ 6 മണിക്ക് ആരംഭിച്ചു. വെഞ്ചരിപ്പ്, ജപമാല പ്രദക്ഷിണം എന്നിവയ്ക്കു ശേഷം 8.45 ന് കൺവെൻഷൻ ആരംഭിച്ചു. അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് വചനപ്രഘോഷണം നടത്തി. റവ.ഫാ. ജെയ്മോൻ കളമ്പുകാട്ട് വി. കുർബാന അർപ്പിച്ചു. അനുഭവസാക്ഷ്യം, ദിവ്യകാരുണ്യ ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം എന്നിവ നടത്തി. കുട്ടികൾക്കുവേണ്ടി പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷകൾ നടന്നു.

**രണ്ടാം ശനി – സ്പിരിച്ച്വൽ ഷെയറിംഗ് 10–12–16**

രണ്ടാം വെള്ളി എൽഡേഴ്സ് ശുശ്രൂഷക്കായുള്ള ഒരുക്കത്തിന്റെ ഭാഗമായി പ്രാർത്ഥിച്ചൊരുങ്ങി. ഡിസംബർ 10 രണ്ടാംശനി സ്പിരിച്ച്വൽ ഗൈഡൻസ് നൽകി.

**ഇമ്മാനുവേൽ അനുഭവധ്യാനം**

ഡിസംബർ 18–22 തീയതികളിൽ സീയോൻ ധ്യാന കേന്ദ്രത്തിൽ ക്രിസ്തുമസിന് ഒരുക്കമായിട്ടുള്ള ഇമ്മാനുവേൽ അനുഭവധ്യാനം നടത്തി.

**ഇവാഞ്ചലൈസേഷൻ പ്രോഗ്രാം**

ചാരിറ്റി, കുറുമ്പാലക്കോട്ട ഇടവകകളിൽ ഇവാഞ്ചലൈസേഷൻ ടീം സുവിശേഷവത്ക്കരണ ശുശ്രൂഷ നടത്തി.

**ഇടവക ധ്യാനങ്ങൾ**

തോണിച്ചാൽ, കുറുമ്പാലക്കോട്ട, മൊതക്കര ഇടവകകളിൽ സീയോൻ ടീം ധ്യാനം നയിച്ചു.

**രോഗസൗഖ്യദിനം**

സൗഖ്യത്തിനുവേണ്ടി കടന്നുവന്ന രോഗികൾക്കുവേണ്ടി ജപമാല, Praise & Worship എന്നീ ശുശ്രൂഷകളോടെ പ്രാർത്ഥന ആരംഭിച്ചു. ബഹു. ഡയറക്ടറച്ചൻ വി. കുർബാന അർപ്പിച്ച് സൗഖ്യ പ്രാർത്ഥനയും കൈവെപ്പ് ശുശ്രൂഷയും നടത്തി.

**ഏകദിനം, ഓസ്സാനാംഭവൻ**

ഡിസംബർ 17-ാം തീയതി ഓസ്സാനാംഭവനിലെ അന്തേവാസികൾക്കുവേണ്ടി സീയോൻ ടീം പ്രാർത്ഥനാശുശ്രൂഷ നടത്തി.

**സമ്പൂർണ്ണ ബൈബിൾ പാരായണം**

ഡിസംബർ 12 തിങ്കൾ രാവിലെ 7 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച ഉച്ചക്ക് 1 മണിക്ക് അവസാനിച്ച 101 മണിക്കൂർ സമ്പൂർണ്ണ ബൈബിൾ പാരായണത്തിൽ ബഹു. വൈദികർ, സമർപ്പിതർ, സിയോൻ ശുശ്രൂഷകർ എന്നിവർ പങ്കെടുത്തു.

**സിയോൻ ജനുവരി മാസത്തിൽ**

| | | |
|---|---|---|
| ജനുവരി 6 | - | ടീം മീറ്റിംഗ്, ഏകദിനകൺവൻഷൻ ഒരുക്കം |
| ജനുവരി 7 | - | ഏകദിന കൺവൻഷൻ |
| ജനുവരി 14 രണ്ടാം ശനി | - | പൊതുസ്പിരിച്ചൽ ഷെയറിംഗ് ദിനം |
| ജനുവരി 15-19 | - | ആന്തരിക സൗഖ്യ ധ്യാനം |
| ജനുവരി 20 മൂന്നാം വെള്ളി | - | ജാഗരണപ്രാർത്ഥന |
| ജനുവരി 21 | - | ഓസാനാംഭവൻ - ഏകദിനം |
| ജനുവരി 28 നാലാം ശനി | - | രോഗികൾക്കായുള്ള സൗഖ്യശുശ്രൂഷാദിനം |

**ഡയറക്ടർ**

സിയോൻ സി.ആർ.സി.

# ജീസസ് യൂത്ത്കൂട്ടായ്മ

"ഞാൻ വീണ്ടും എന്റെ ഉപദേശത്തെ പ്രഭാതംപോലെ പ്രകാശമാനമാക്കും. അതിന്റെ കാന്തി വിദൂരങ്ങളിലും പ്രസരിക്കും" (പ്രഭാ 24:32)

ഡിസംബർ 10 രണ്ടാം ശനിയാഴ്ച യുവജനകൂട്ടായ്മയ്ക്ക് ഒരുക്കമായി തലേദിവസം ജീസസ് യൂത്ത് ലീഡേഴ്സ് പ്രാർത്ഥിച്ചൊരുങ്ങി. രാവിലെ 9.30 ന് ജപമാലയോടുകൂടി ശുശ്രൂഷകൾ ആരംഭിച്ചു. 10 മണിക്ക് ആൽബിൻ, ജോൺ ബ്രിട്ടോ എന്നിവർ സ്തുതി ആരാധനയ്ക്ക് നേതൃത്വം നൽകി. 10. 30 ന് ക്രിസ്തുമസ് ഒരുക്കത്തെക്കുറിച്ച് സി.ക്രിസ്റ്റി മരിയ SABS ക്ലാസ്സെടുത്തു. 12 മണിക്ക് റേഡിയോ മാറ്റൊലി പ്രോഗ്രാം ഡയറക്ടർ റവ. ഫാ. ജസ്റ്റിൻ മുത്താനിക്കാട്ട് വി. ബലിയർപ്പിച്ച് വചന സന്ദേശം നൽകി. ലഘുഭക്ഷണത്തിനുശേഷം ഗ്രൂപ്പ് ഷെയറിംഗും, ബഹു. സോണി വാഴകാട്ട് അച്ചന്റെ നേതൃത്വത്തിൽ ആരാധനയും നടന്നു. ക്രിസ്തുമസ് കേക്ക് മുറിച്ച് ആശംസകൾ പങ്കുവെച്ച് 3.30 ന് എല്ലാവരും പിരിഞ്ഞു.

**യുവജനധ്യാനം**

ബത്തേരി അസംപ്ഷൻ നഴ്സിംഗ് സ്കൂളിൽ ജീസസ് യൂത്ത് ടീമിന്റെ നേതൃത്വത്തിൽ ഡിസംബർ 5, 6, 7 തീയതികളിൽ ധ്യാനം നടത്തി. 137 വിദ്യാർത്ഥികൾ പങ്കെടുത്തു. ധ്യാനം വളരെ ദൈവാനുഭവം നിറഞ്ഞതായിരുന്നു. റവ. ഫാ. മാത്യു മൂത്തേടത്ത്, റവ. ഫാ. സോണി വാഴകാട്ട്, സി. ക്രിസ്റ്റി മരിയ SABS, വിനോദ് മാങ്കൂട്ടം, ഷൈജു കൊച്ചുകുടിയിൽ, ഷെറിൻ എന്നിവർ ക്ലാസുകളെടുത്തു. സീയോനിലെ ശുശ്രൂഷകർ സ്പിച്ചൽ ഷെയറിംഗ് ശുശ്രൂഷ നടത്തി.

NB : ജനുവരി 14 – യുവജന ഏകദിന ധ്യാനം
('ഏലിയൂസ് 2016' ധ്യാനത്തിന്റെ Follow up Programme)

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, ജീസസ് യൂത്ത്, മാനന്തവാടി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയപ്പെട്ട സഹോദരരെ,

2016-നമ്മെ വിട്ടുപിരിഞ്ഞുപോയി. ഇനി ഒരിക്കലും ഈ വർഷം നമ്മുടെ മുന്നിലില്ല. ഇക്കഴിഞ്ഞ വർഷം ഒട്ടേറെ മധുരിക്കുന്ന ഓർമ്മകളും, കയ്പ്പേറിയ അനുഭവങ്ങളും നാമോരോരുത്തരിലും അവശേഷിപ്പിച്ചിട്ടാണ് ആ വർഷം നമ്മെ കടന്നുപോയത്. ഓരോ നിമിഷവും കടന്നുപോകുമ്പോൾ-ഓരോ വർഷവും കടന്നുപോകുമ്പോൾ ഒരു തിരിഞ്ഞുനോട്ടം ആവശ്യമാണ്. ഭൗതീകവും ആത്മീയവുമായ നേട്ടങ്ങളും കോട്ടങ്ങളും നാം വിശകലനം ചെയ്യണം. ഡയറിക്കുറിപ്പുകൾ എഴുതുന്ന ശീലം നമ്മളിൽ അധികംപേർക്കും ഇല്ല. ഇതുണ്ടായിരുന്നെങ്കിൽ ഈ തിരിഞ്ഞുനോട്ടം വളരെ എളുപ്പമായേനെ. ഭൗതീകതലത്തിൽ നോക്കുമ്പോൾ വരൾച്ച, നോട്ട് പിൻവലിക്കൽമൂലമുണ്ടായ കഷ്ടപ്പാടുകൾ-തുടങ്ങിയവയൊക്കെ നമ്മുടെ മനസ്സിൽ തങ്ങിനില്ക്കുന്നുണ്ട്. പൊതുവെ സാമ്പത്തികരംഗം പിന്നോട്ടുപോയെന്നാണ് വിലയിരുത്തുന്നത്. ആത്മീയതലത്തിൽ പൊതുവിശകലനം അത്ര എളുപ്പമല്ല. കാരുണ്യവർഷാചരണം സമാപിച്ചുവെന്നുമാത്രമാണ് ഈ രംഗത്ത് എടുത്തുപറയുവാനുള്ളത്. മഴ കുറവായതിനാൽ വരൾച്ച രൂക്ഷമാകുമെന്നും ഇതിനെ അതിജീവിക്കുവാൻ വിളകൾക്ക് പുതയിടണമെന്നും, പെയ്തു വീഴുന്ന ഓരോ മഴത്തുള്ളിയും സംരക്ഷിച്ചുവയ്ക്കണമെന്നും സർക്കാർ തലത്തിൽവരെ ബോധവത്ക്കരണമുണ്ടായി. നമ്മളിൽ പലരും ജലസംരക്ഷണത്തിനായി തടയണകളടക്കമുള്ളവ നിർമ്മിക്കുന്നതിനായി രംഗത്തിറങ്ങുകയും ചെയ്തു. നോട്ട് പിൻവലിച്ചതുമൂലമുണ്ടായ പ്രതിസന്ധി തരണം ചെയ്യുവാനായി ചിലവുകൾ ചുരുക്കി ജീവിക്കുവാനും നാം പരിശീലിച്ചുകൊണ്ടിരിക്കുകയാണ്.

ഇതുപോലെ തന്നെ, ആത്മീയതലത്തെക്കുറിച്ചും ചില വിലയിരുത്തലുകളും, മുൻകരുതലുകളും നമുക്കാവശ്യമാണ്. പിന്നിട്ട വർഷത്തിൽ ആത്മീയ വളർച്ചക്കായി, ഉണർവിനായി നാമെന്തുചെയ്തുവെന്ന് ആത്മശോധന ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. വൈദീകരും,

സന്യസ്തരും, സഭാപിതാക്കളുമൊക്കെ ആത്മീയ വരൾച്ചയിൽനിന്നും നമ്മെ കൈപിടിച്ചുയർത്തുവാൻ അക്ഷീണം പരിശ്രമിച്ചു. നാമോരുത്തരും അതിനോട് എത്രമാത്രം സഹകരിച്ചുവെന്ന് പരിശോധിക്കണം. നന്മ ചെയ്യുവാനുള്ള ഒട്ടേറെ അവസരങ്ങൾ നമ്മുടെ മുന്നിൽ തുറന്ന്‌വന്നില്ലെ. നഗ്നനായി-രോഗിയായി-വിശക്കുന്നവനായി നമ്മുടെ മുന്നിൽനിന്ന് യാചിച്ചിട്ടില്ലെ. ദൈവം തന്ന അവസരങ്ങളോട് നാം പലപ്പോഴും മുഖം തിരിച്ചു നിന്നിട്ടില്ലെ. ഇവയൊക്കെ നാം ദൈവമക്കളാണെന്ന് തെളിയിക്കുന്നതിനുള്ള അവസരങ്ങളായിരുന്നു. നന്മ ചെയ്യുവാനുള്ള എത്രയോ അവസരങ്ങളാണ് 2016-ൽ നാം നിഷ്കരുണം തട്ടിക്കളഞ്ഞത്. സുഖഭോഗങ്ങൾക്കു പിന്നാലെ പാഞ്ഞ് ദൈവത്തിൽ നിന്നകലുന്ന നമ്മെയോർത്ത് പിതാവായ ദൈവം എത്രയോ തവണ വിലപിച്ചിട്ടുണ്ടാവാം.

പലരും പലപ്പോഴും പറയുന്നൊരു വാചകമാണ്-കഴിഞ്ഞതു കഴിഞ്ഞു, ഇനി മാറിചിന്തിച്ചാൽ മതി. ഇല്ല, കഴിഞ്ഞതൊന്നും കഴിഞ്ഞതല്ല. 2016-ൽ നാം ചെയ്യേണ്ടിയിരുന്ന നന്മകൾ ആ വർഷംതന്നെ ചെയ്യണമായിരുന്നു. ആ അവസരങ്ങളൊക്കെ ഇനി ഒരിക്കലും നമ്മുടെ മുന്നിലെത്തുകയില്ല. ജീവിതമെന്ന പളുങ്കുപാത്രം നമ്മുടെ കൈക്കുമ്പിളിൽ ദൈവം ദാനമായി തന്നത് നിലത്ത് എറിഞ്ഞുടച്ചിട്ട്-കഴിഞ്ഞതു കഴിഞ്ഞില്ലെയെന്ന് വിലപിച്ചിട്ടെന്തു കാര്യം. എന്തുമാത്രം അറിവാണ് ദൈവം നമുക്ക് തന്നിരിക്കുന്നത്. അറിവിന്റെ കൊടുമുടിയുടെ മുകളിൽനിന്ന് അജ്ഞതയുടെ പ്രവർത്തികൾ ചെയ്യുന്നവരല്ലെ നമ്മൾ.

2017-എന്ന പുതിയൊരു വർഷം നമ്മുടെ മുന്നിലേക്ക് കടന്നുവരികയാണ്. ഒട്ടേറെ പ്രതീക്ഷകൾ നമുക്കുണ്ട്. നല്ല കാലാവസ്ഥ, നല്ല വിളവ്,ജോലി ഇല്ലാത്തവർക്ക് ജോലി, ജോലി ഉള്ളവർക്ക് ഉയർന്ന ശമ്പളം, ഉയർന്ന സ്ഥാനം, വിവാഹം-ഇങ്ങനെ ഒട്ടേറെ പ്രതീക്ഷകൾ നമുക്കോരോരുത്തർക്കുമുണ്ട്. എന്നാൽ ഇവയെല്ലാം നമുക്ക് നൽകേണ്ട ദൈവത്തിനായി ആത്മീയ തലത്തിൽ 2017-ൽ എന്തുനേടണമെന്ന് നാമെന്തെങ്കിലും പ്ലാനിംഗ് നടത്തിയിട്ടുണ്ടോ. നമ്മുടെ എല്ലാ തിരക്കുകളുമൊഴിഞ്ഞ്-അവശേഷിക്കുന്ന സമയമുണ്ടെങ്കിൽ നാട്ടുകാരെ കാണിക്കുവാൻവേണ്ടി എന്തെങ്കിലും സഹായങ്ങൾ നല്കുന്നവരല്ലെ നമ്മളിൽ ഭൂരിഭാഗവും. ചെയ്യുന്ന സത്പ്രവർത്തികളുടെ ഫോട്ടോയെടുത്ത് അച്ചടി-ദൃശ്യമാധ്യമങ്ങളിൽ വരികകൂടി ചെയ്താൽ നാം സായൂജ്യമടയും. നമ്മുടെ ആവശ്യങ്ങളിൽ ദൈവവും ഇങ്ങനെ ചിന്തിച്ചാൽ എന്താകും നമ്മുടെ അവസ്ഥ. കഴിഞ്ഞ കാലങ്ങളിൽ നന്മ ചെയ്യുന്നതിൽ നമുക്കുണ്ടായിരുന്ന വിരസത നാം മാറ്റേണം. പുതിയ വർഷത്തിൽ,

നന്മ ചെയ്യുവാനുള്ള ഒരവസരവും നാം പാഴാക്കരുത്. ഓരോ പുലരിയിലും ഉണർന്ന് പ്രാർത്ഥിക്കുമ്പോൾ-ദൈവമെ ഇന്നേ ദിവസം ഒരു നന്മയെങ്കിലും ചെയ്യുവാനുള്ള അവസരം എന്റെ മുന്നിൽ തുറന്നുതരേണമെയെന്ന പ്രാർത്ഥനയോടെ ആരംഭിക്കുവാൻ നമുക്കാവണം. രാത്രിയിൽ ഉറങ്ങുന്നതിനു മുമ്പായി ഇന്നെന്തെങ്കിലും നന്മ ചെയ്തോയെന്ന് വിചിന്തനം ചെയ്യണം. അങ്ങനെ നന്മ നിറഞ്ഞൊരു വ്യക്തിയായി മാറുവാൻ നമുക്കോരോരുത്തർക്കുമാവണം. ഇതിലൂടെ ജീവിത വിശുദ്ധി കൈവരിക്കുവാൻ നമുക്ക് സാധിക്കും. വിശുദ്ധ വിൻസെന്റ് ഡി പോളും, വാഴ്ത്തപ്പെട്ട ഫെഡറിക് ഓസ്സാനാമും, ജിയാർജിയൊ ഫ്രസാററിയും നമുക്ക് കാണിച്ചുതന്നത് ഈ മാർഗങ്ങളാണ്. ഒരു ദിവസം ഒരു നന്മയെങ്കിലും ചെയ്യാതെ നല്ലൊരു വിൻസെൻഷ്യൻ പ്രവർത്തകന് ഉറങ്ങുവാൻ സാധിക്കുകയില്ല. നാം രോഗിയായി കിടക്കുകയാണെങ്കിൽപ്പോലും മററുള്ളവർക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട് ഈ നന്മ പ്രവർത്തികൾ ചെയ്യുവാൻ നമുക്ക് സാധിക്കും. എല്ലാവർക്കും പുതുവത്സരത്തിന്റെ ആശംസകൾ.

**സി.സി.യോഗം**

ഡിസംബർ 10-ന് നടവയൽ ഓസാനാംഭവനിൽ നടന്നു. ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ സ്വാഗതമാശംസിച്ചു. മരണംമൂലം നമ്മിൽനിന്നും വേർപെട്ടുപോയ ശശിമല മേരിമാതാ കോൺഫ്രൻസ് മുൻ പ്രസിഡന്റ് ഗ്രേസി ജോസഫ് പൊട്ടക്കലിന്റെ ആത്മാവിന്റെ നിത്യശാന്തിക്കായി അംഗങ്ങൾ മൗനപ്രാർത്ഥന നടത്തി. സി.സി. പ്രസിഡന്റ് ബ്രദർ ജോർജ്ജ് ആക്കാന്തിരി അധ്യക്ഷം വഹിച്ചു. സി.സി.ആത്മീയോപദേഷ്ടാവ് റവ. ഫാ. ഷാജി മുളകുടിയാങ്കൽ അനുഗ്രഹപ്രഭാഷണം നടത്തി. നിലമ്പൂർ എ.സി.യുടെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട വി.കെ.തോമസ് സത്യപ്രതിജ്ഞ ചെയ്തു. സി.സി. പ്രവർത്തന റിപ്പോർട്ട് സി.സി.ജനറൽ സെക്രട്ടറി ബാബു നമ്പുടാകം അവതരിപ്പിച്ചു.സി.സി. കണക്ക് രൂപതാ ട്രഷറർ എൻ.യു.ജോൺ, ഓസാനാംഭവന്റെ കണക്ക് സെക്രട്ടറി വിൻസെന്റ് ജോൺ വടക്കുഞ്ചേരി എന്നിവർ അവതരിപ്പിച്ചു.യോഗം വരവ്-ചിലവ് കണക്ക് പാസ്സാക്കി. അഗ്രിഗേഷന്റെ കാര്യങ്ങൾ ബ്രദർ പി.എ. മത്തായി അവതരിപ്പിച്ചു.ടിന്നിംഗ്ഗ്രാന്റ് ലഭിച്ചിട്ട് മറുപടി കത്തെഴുതാത്ത കോൺഫ്രൻസുകൾ ഇക്കാര്യം അടിയന്തരമായി ശ്രദ്ധിക്കണമെന്ന് ഓഫീസ് സെക്രട്ടറി ബ്രദർ പി.യു.ജോൺ അറിയിച്ചു. 2017-മാർച്ച് 31-നകം സി.സി. ഭാരവാഹികൾ കോൺഫ്രൻസ് സന്ദർശനം നടത്തുവാൻ തീരുമാനിച്ചു. മാർച്ച് എട്ടിന് എറണാകുളത്ത് എത്തുന്ന സൊസൈററിയുടെ അന്തർദേശീയ പ്രസിഡന്റിനെ സ്വീകരിക്കാൻ സി.സി. അംഗങ്ങളെല്ലാം പോകുവാൻ തീരുമാനിച്ചു. ഓസാനാം

ഭവനിലെ അന്തേവാസികളിലാരെങ്കിലും മരണപ്പെട്ടാൽ ശവസംസ്കാര ശുശ്രൂഷകൾക്ക് നടവയൽ, കേണിച്ചിറ, പനമരം, നെയ്ക്കുപ്പ കോൺഫ്രൻസുകൾ സഹകരിക്കണമെന്ന് തീരുമാനിച്ചു. ശവ സംസ്കാരം മാനന്തവാടി പൊതു ശ്മശാനത്തിലാണെങ്കിൽ കണിയാരം, കല്ലോടി, ദീപ്തിഗിരി, ഒണ്ടയങ്ങാടി കോൺഫ്രൻസുകൾ സഹകരി ക്കണം. പ്രാർത്ഥനയോടുകൂടി യോഗം സമാപിച്ചു.

**എ.സി.വാർഷികങ്ങൾ**

നിലമ്പൂർ, മണിമൂളി, ബത്തേരി എ.സി.കളുടെ വാർഷികങ്ങൾ നടന്നു. മണിമൂളി റീജിയണൽ പാസ്റ്ററൽ സെന്ററിൽ നിലമ്പൂർ, മണി മൂളി എ.സി.കളുടെ സംയുക്ത വാർഷികാഘോഷം നടന്നു. മണിമൂളി ഫൊറോന വികാരി റവ. ഫാ. ചാക്കോ മേപ്പുറത്ത് ദിവ്യബലി അർപ്പിച്ചു. തുടർന്ന് നടന്ന യോഗത്തിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി രൂപതാ പ്രസിഡന്റ് ബ്രദർ ജോർജ്ജ് ആക്കാ ന്തിരി അധ്യക്ഷം വഹിച്ചു. മണിമൂളി റീജിയണൽ സിഞ്ചെല്ലൂസ് റവ.ഫാ. ജോസഫ് മേച്ചേരി മുഖ്യസന്ദേശം നല്കി. രൂപതാ ഭാരവാഹികളായ ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ, ബ്രദർ ബാബു നമ്പുടാകം, ബ്രദർ വിൻസെന്റ് ജോൺ വടക്കുഞ്ചേരി, ബ്രദർ ജോസ് തുരുത്തിപ്പാറ എന്നി വർ പ്രസംഗിച്ചു. മണിമൂളി എ.സി. പ്രസിഡന്റ് ബ്രദർ പോൾ മുട്ടം തൊട്ടിയിൽ, ബ്രദർ ബിജു പാലത്തിങ്കൽ, ബ്രദർ ജോസഫ് ആലുങ്കൽ എന്നിവർ നേതൃത്വം നല്കി.

ബത്തേരി എ.സി. വാർഷികം മൂലങ്കാവ് സെന്റ് ജൂഡ് പള്ളി ഹാളിൽ നടന്നു. മൂലങ്കാവ് പള്ളി വികാരി റവ.ഫാ. ഷാജു മുളവേലി ക്കുന്നേൽ ഉദ്ഘാടനം ചെയ്തു. എ.സി. പ്രസിഡന്റ് ബ്രദർ ഫ്രാൻസീസ് പുലിക്കോട്ടിൽ അധ്യക്ഷം വഹിച്ചു. റവ.ഫാ. ഷിബിൻ വല്ലാട്ട്തുണ്ട ത്തിൽ മുഖ്യപ്രഭാഷണം നടത്തി. സി.സി. പ്രസിഡന്റ് ബ്രദർ ജോർജ്ജ് ആക്കാന്തിരി, ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ, ബത്തേരി സി.സി. പ്രസിഡന്റ് ബ്രദർ സുനിൽ.ജെ.കുരുവിള, ബ്രദർ ബാബു നമ്പുടാകം, ബ്രദർ വിൻസെന്റ് ജോൺ വടക്കുഞ്ചേരി, ബ്രദർ എൻ.യു.ജോൺ, സിസ്റ്റർ ബേബിമരിയ പുലിക്കോട്ടിൽ എന്നിവർ പ്രസംഗിച്ചു. ബ്രദർ തോമസ് കോട്ടേക്കുടി നന്ദി പറഞ്ഞു.

**യുവജനവിഭാഗം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ യുവജന വിഭാ ഗത്തിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുവാൻ തീരുമാനിച്ചു. ബ്രദർ ജെൻട്രിപോൾ പ്രവർത്തനങ്ങൾ വിശദീകരിച്ചു. എല്ലാ എ.സി.കളിൽ നിന്നും ഓരോ യുവജനപ്രതിനിധികളെ തെരഞ്ഞെടുത്ത് അവരിൽ

നിന്നും 2017-ജനുവരി 31-നകം രൂപതാ കമ്മറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചു. ജനുവരി എട്ടിന് നടവയൽ ഓസാനാംഭവനിൽ നടക്കുന്ന യൂത്ത് സോണൽ മീറ്റിൽ എട്ട് രൂപതകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കും.

**വനിതാവിഭാഗം**

സെന്റ് വിൻസെൻറ് ഡി പോൾ സൊസൈറ്റിയുടെ വനിതാ വിഭാഗം പ്രവർത്തനങ്ങൾ വനിതാ പ്രതിനിധി സിസ്റ്റർ ബേബിമരിയ പുലിക്കോട്ടിൽ വിശദീകരിച്ചു. 2017 ജനുവരി മാസത്തിൽ രൂപതാതലത്തിൽ വനിതാവിഭാഗം കമ്മറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചു. ലാസലെറ്റ് ആശ്രമത്തിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈററിയുടെ സഹകരണത്തോടെ നടന്ന വനിതകൾക്കുവേണ്ടിയുള്ള പ്രത്യേക ധ്യാനത്തിൽ പങ്കെടുത്ത എല്ലാവരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

**ഓസാനാംഭവൻ സന്ദർശനവും ശുശ്രൂഷയും**

2017 ജനുവരി ഒന്നു മുതൽ 15-വരെയുള്ള തീയതികളിൽ ഓസാനാംഭവനിൽ ശുശ്രൂഷ നടത്തേണ്ടത് വാഴവറ്റ എ.സി.യും, ജനുവരി 16-മുതൽ 31-വരെ ശുശ്രൂഷകൾ നടത്തേണ്ടത് കൊട്ടിയൂർ എ.സിയുമാണ്. 2017-ഫെബ്രുവരി 1-15 വരെ കുറുമ്പാല എ.സി, 16-28 വരെ തരിയോട് എ.സിയുമാണ് ശുശ്രൂഷകൾക്ക് നേതൃത്വം നല്കേണ്ടത്. ഈ ദിവസങ്ങളിൽ അതാത് എ.സി. പ്രസിഡന്റുമാർ കോൺഫ്രൻസുകളെ ക്രമീകരിക്കുകയും വിവരം മുൻകൂട്ടി ഓസാനാംഭവനിൽ അറിയിക്കേണ്ടതുമാണ്.

**എ.സി.വാർഷികം**

മാനന്തവാടി എ.സി.യുടെ വാർഷികം 2017-ജനുവരി 14-ന് കണിയാരം സെന്റ് ജോസഫ് കത്തീഡ്രലിൽ നടക്കുന്നതാണ്. എല്ലാവർക്കും പുതുവത്സരത്തിന്റെ ആശംസകൾ നേർന്നുകൊള്ളുന്നു.

സ്നേഹപൂർവം,

**ബ്രദർ ജോർജ്ജ് ആക്കാന്തിരിയിൽ**

സി.സി. പ്രസിഡന്റ് 9645430635

# സാമൂഹ്യ സേവനരംഗം (WSSS)

**നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതി**

നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി 2016 നവംബർ മാസത്തിൽ വനിതാ സ്വാശ്രയ സംഘങ്ങൾക്ക് വിവിധ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 20 ലക്ഷത്തിലധികം രൂപ വായ്പയായി അനുവദിച്ചു. 26 ഗ്രൂപ്പുകൾക്ക് 50000 മുതൽ 1 ലക്ഷം രൂപ വരെ വിതരണം ചെയ്തു. ഒരു വർഷംകൊണ്ട് തിരിച്ചടക്കേണ്ട വിധത്തിലാണ് ഗ്രൂപ്പുകൾക്ക് വായ്പ അനുവദിച്ചിരിക്കുന്നത്.

നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് നബാർഡ് കേരള റീജിയണൽ ഓഫീസിലെ അസി. മനേജർ ശ്രീ. മുഹമ്മദ് നിയാസ് സന്ദർശനം നടത്തി. പദ്ധതി നിർവഹണത്തിന്റെ രേഖകൾ പരിശോധിക്കുകയും വിവിധ കർഷകരുടെ കൃഷിയിടങ്ങൾ സന്ദർശിക്കുകയും വില്ലേജ് പ്ലാനിംഗ് കമ്മിറ്റി അംഗങ്ങളുമായി ചർച്ച നടത്തുകയും ചെയ്തു. WSSS ന്റെ ഈ മേഖലയിലെ പ്രവർത്തനങ്ങളിൽ അദ്ദേഹം സംതൃപ്തി പ്രകടിപ്പിച്ചു.

**സേവ് എ ഫാമിലി പ്ലാൻ (SAFP)**

സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് നയിക്കുന്ന ഈ പദ്ധതിയിൽ ഇന്ന് 336 കുടുംബങ്ങൾ പങ്കാളികളാണ്. സേവ് എ ഫാമിലി പ്ലാനിലേക്ക് പുതുതായി 25 കുടുംബങ്ങളെക്കൂടി അനുവദിച്ചിട്ടുണ്ട്. താൽപര്യമുള്ളവർ എത്രയുംവേഗം WSSS ഓഫീസുമായി ബന്ധപ്പെടുക.

സേവ് എ ഫാമിലി പ്ലാൻ ഇന്ത്യ കാലടി ഓഫീസിൽ നിന്നും ശ്രീമതി മേരി പി.എ, ശ്രീ. മനോജ് കുമാർ എന്നിവർ നവംബർ 9, 10 തീയതികളിലായി WSSS സന്ദർശിക്കുകയും സേവ് എ ഫാമിലി പ്ലാനിന്റെ 2010 മുതൽ 2016 വരെയുള്ള കണക്കുകൾ പരിശോധിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**കേരള ലേബർ മൂവ്മെന്റ്**

തൊഴിലാളികളുടെ ആദ്ധ്യാത്മികവും സാംസ്കാരികവും സാമ്പത്തികവും സാംസ്കാരികവുമായ പുരോഗതിക്കുവേണ്ടിയും തൊഴിലാളി കുടുംബങ്ങളുടെ ക്ഷേമത്തിന് വേണ്ടിയും പ്രവർത്തിക്കുന്ന കേരള ലേബർ

മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു.

**കൃതജ്ഞത**

ഇക്കാലമത്രയും (ഏഴുവർഷം) കെ.സി.ബി.സി ലേബർ കമ്മീഷന്റെ ചെയർമാൻ ആയി സ്തുത്യർഹമായ സേവനം ചെയ്തുവന്നിരുന്ന ബിഷപ്പ് മാർ ജോസ് പൊരുന്നേടം പിതാവിനെ സ്നേഹത്തോടെ ഓർക്കുന്നു.

പിന്നിട്ട ഏഴുവർഷങ്ങളിൽ കമ്മീഷൻ ചെയർമാനായും കേരള ലേബർ മൂവ്മെന്റിന്റെ രക്ഷാധികാരിയായും ശക്തമായ നേതൃത്വം നൽകുകയും ദിശാബോധം നൽകുകയും ചെയ്ത അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന് കേരളലേബർ മൂവ്മെന്റിന്റെയും സി.ബി.സി.ഐ ലേബർ കമ്മീഷന്റെയും നന്ദി അറിയിക്കുന്നു. സി.ബി.സി.ഐ. ലേബർ കമ്മീഷന്റെ വൈസ് ചെയർമാനെന്ന നിലയിൽ അദ്ദേഹം തുടർന്നും തൊഴിലാളികൾക്ക് ഒപ്പമുണ്ട് എന്നത് സന്തോഷം പകരുന്നു.

**സ്വാഗതം**

കെ.സി.ബി.സി.ലേബർ കമ്മീഷന്റെ പുതിയ ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട അഭിവന്ദ്യ ബിഷപ്പ് ഡോ. അലക്സ് വടക്കുംതലയ്ക്ക് അഭിനന്ദനങ്ങൾ, ആശംസകൾ, ഹൃദ്യമായ സ്വാഗതം.

**KLM യൂണിറ്റ് രൂപീകരണം**

ചെറുകാട്ടൂർ, തവിഞ്ഞാൽ, ഇരുളം, കാട്ടിമൂല, പാടിച്ചിറ, ബോയ്സ് ടൗൺ എന്നീ ഇടവകകളിൽ KLM ന്റെ യൂണിറ്റ് രൂപീകരണം നടന്നു. 5 അംഗ കമ്മറ്റിയെ ഓരോ സ്ഥലങ്ങളിലും തിരഞ്ഞെടുത്തു. ഇടവക വികാരിമാർ KLM രൂപതാ പ്രസിഡന്റ്, കോഡിനേറ്റർ എന്നിവർ നേതൃത്വം നൽകി.

**സ്വാവലംബൻ (സുരക്ഷ)**

കേന്ദ്ര ഗവൺമെന്റിന്റെ പെൻഷൻ പദ്ധതിയായ സ്വാവലംബൻ പദ്ധതിയിൽ അംഗങ്ങളായവരുടെ 2016-2017 ലെ പുതുക്കൽ നടപടി തുടങ്ങി. ജനുവരി 30 നകം എല്ലാവരും പ്രീമിയം അടച്ച് പുതുക്കാൻ ശ്രദ്ധിക്കുമല്ലോ.

**ക്ഷേമനിധി**

കേരള ഗവൺമെന്റിന്റെ വിവിധ ക്ഷേമ പെൻഷനുകൾ KLM നേതൃത്വം നൽകി ചേർത്തുവരുന്നുണ്ട്. ഇടവകകളിൽ ഈ ക്ഷേമ പദ്ധികളെക്കുറിച്ച് ബോധവൽക്കരണം നൽകുവാൻ താൽപര്യമുള്ളവർ WSSS ഓഫീസുമായി ബന്ധപ്പെടുക.

ക്ഷേമനിധികളിൽ നിലവിലുള്ള അംഗങ്ങൾ അവരുടെ 2016 ലെ അംശാദായം എത്രയും പെട്ടെന്ന് അടയ്ക്കുവാൻ ശ്രദ്ധിക്കുക.

**സോഷ്യൽ വെൽഫയർ സൊസൈറ്റി**

20-11-2016 ന് SWS യൂണിറ്റുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ്, സെക്രട്ടറി, CDO മാർക്കായി ക്ലാസ്സ് നടത്തി. WSSS ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി അനുഗ്രഹപ്രഭാഷവും ജനറൽ കോർഡിനേറ്റർ ശ്രീ. പി.എ. ജോസ് മുഖ്യപ്രഭാഷണവും നടത്തി. തുടർന്ന് SWS തലത്തിൽ

നടപ്പിലാക്കാൻ പോകുന്ന 'ആശാകിരണം' പദ്ധതിയെക്കുറിച്ച് പദ്ധതിയുടെ റീജിയണൽ കോർഡിനേറ്റർ ശ്രീ. അഭീഷ് ക്ലാസ്സെടുത്തു. SWS, SRG, PSSS, ക്രെഡിറ്റ് യൂണിയൻ സംവിധാനങ്ങളുടെ ഓഡിറ്റ് നടത്തിവരുന്നു. സ്വാശ്രയസംഘങ്ങളുടെ പദ്ധതി നടത്തിപ്പിനായി 2 സംഘങ്ങൾ ലോൺ പുതുക്കിയെടുത്തു.

**ജലനിധി**

**ജലനിധി പദ്ധതി ഉദ്ഘാടനം ചെയ്തു**

എടവക ഗ്രാമപഞ്ചായത്ത് മഹാത്മ ജലനിധി കുടിവെള്ളപദ്ധതി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ഉഷാവിജയൻ ഉദ്ഘാടനം ചെയ്തു. ഓഫീസ് ഉദ്ഘാടനം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ ശ്രീമതി ആമിന അവറാൻ നിർവ്വഹിച്ചു. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. ജിൽസൺ തൂപ്പുംകര അദ്ധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ എം.പി. വിൽസൺ, വാർഡ് മെമ്പർമാരായ ഇന്ദിരാ പ്രേമചന്ദ്രൻ, ഫിലോമിനാ ജെയിംസ്, ഫാ. ബിജോ കറുകപ്പള്ളി, ഒ.പി.അബ്രാഹം, യോഹന്നാൻ, പി.ഐ.ജോർജ്ജ്, ജോസ് മോളത്ത്, അശോകൻ, ജെൻസി ബിനോയ്, ജോബി, അനിൽകുമാർ എന്നിവർ പ്രസംഗിച്ചു. സദാനന്ദൻ നന്ദി പറഞ്ഞു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയാണ് നിർവ്വഹണ ഏജൻസി. 517 കുടുംബങ്ങളാണ് പദ്ധതിയിൽ ഗുണഭോക്താക്കളായിട്ടുള്ളത്.

ജലനിധി പദ്ധതി വഴി നിർമ്മിച്ച 14 കുടിവെള്ളവിതരണ പദ്ധതികളിൽ എല്ലാ നിർവഹണ ജോലികളും പൂർയാക്കിയ 3 പദ്ധതികൾ ഗ്രാമപഞ്ചായത്തിൽ നിന്ന് എക്സിറ്റ് പൂർത്തിയാക്കി റീജിയണൽ ഓഫീസിൽ സമർപ്പിച്ചു. ODF പദ്ധതിപ്രകാരം ഗ്രാമപഞ്ചായത്തിൽ 418 കക്കൂസുകൾ നിർമ്മിച്ചു. 5 വലിയ കുടിവെള്ള പദ്ധതികളിൽ സാന്റ് ഫിൽറ്റർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സാങ്കേതികാനുമതി ലഭിച്ചു. തോണിച്ചാൽ പദ്ധതിയിൽ പ്രവർത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

**DDU-GKY**

കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടുതൽ അഭ്യസ്ഥവിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാക്കുന്നതിനും വേണ്ടിയുള്ള ഒരു പദ്ധതിയാണ് ദിൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന (DDU-GKY). തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തി 55 ദശലക്ഷം യുവജനങ്ങളെ 2020 ആകുമ്പോഴേക്കും വിവിധ മേഖലകളിൽ പ്രായോഗികരാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ഭാരത സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരുന്നു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ ഫാഷൻ ഡിസൈൻ ടെക്നോളജി, ഫുഡ് പ്രോസസ്സിംഗ് എന്നീ കോഴ്സുകൾ നടത്തുന്നു.

ഈ കോഴ്സ് പൂർണമായും സൗജന്യമാണ്. പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും NCVT സർട്ടിഫിക്കറ്റും വിവിധ കമ്പനികളിൽ ജോലിയും നൽകുന്നതാണ്. ഈ കോഴ്സിനു വരുന്ന എല്ലാവർക്കും ദിവസം 125 രൂപ വീതം യാത്രാബത്ത നൽകുന്നതാണ്.

ഇതുവരെ 190 കുട്ടികളെ രണ്ട് കോഴ്സുകളിലായി പഠിപ്പിക്കുകയും 170 കുട്ടികൾക്ക് ജോലി നൽകാനും സാധിച്ചു. ഫുഡ് പ്രോസസ്സിംഗിന്റെ നാലാം ബാച്ച് പഠനം പൂർത്തിയായി ജോലിക്ക് പോകാൻ തയ്യാറാകുന്നു. ഈ വർഷത്തെ എല്ലാ ബാച്ചുകളും ഡിസംബർ 5 ന് പൂർത്തിയായി. അടുത്ത വർഷത്തേക്ക് പുതിയ കോഴ്സുകളും ആരംഭിക്കുന്നുണ്ട്. അതിനുള്ള സർക്കാർ അംഗീകാരം കിട്ടിയാൽ ഉടനെ അറിയിക്കുന്നതാണ്.

**വികാസ് പീഡിയ**

പ്രാദേശിക ഭാഷയിലുള്ള വിജ്ഞാന സമാഹരണത്തിലൂടെ അറിവുകൾ വരുംതലമുറക്കായി കരുതിവയ്ക്കുവാൻ ഭാരതസർക്കാർ സി-ഡാക്കുമായി ചേർന്ന് പ്രവർത്തിച്ച് വരുന്ന വികാസ് പീഡിയ പോർട്ടലിന്റെ മലയാളം വിഭാഗം ജനകീയ പങ്കാളിത്തം ഉറപ്പാക്കി ഫലപ്രദമായി പ്രവർത്തനം തുടരുന്നു.

വിദ്യാർത്ഥികൾ, ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ തുടങ്ങിയ സമൂഹത്തിലെ വിവിധ വിഭാഗങ്ങളെ വികാസ് പീഡിയ പോർട്ടലിലേയ്ക്ക് ആകർഷിക്കുവാനും പങ്കാളിത്ത പ്രവർത്തനങ്ങളിൽ കൂടുതൽ സജീവമാക്കുന്നതിനുമായി സെമിനാറുകൾ, ശില്പശാലകൾ, ബോധവൽക്കരണ ക്ലാസ്സുകൾ മുതലായവ വിവിധ ജില്ലകൾ കേന്ദ്രീകരിച്ച് നടത്തുന്നു. വികാസ് പീഡിയ മലയാളം വിഭാഗം നോഡൽ ഏജൻസിയായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി (WSSS) പ്രവർത്തിക്കുന്നു. ഒരു ബഹുഭാഷാ വിജ്ഞാനശേഖരമായ വികാസ് പീഡിയ പോർട്ടൽ സമൂഹത്തിന്റെ സമഗ്രസാമൂഹിക വികസനം നേടിയെടുക്കുന്നതിനായ പ്രധാന ഘടകങ്ങളെയാണ് ലക്ഷ്യം വയ്ക്കുന്നത്. വിവര സാങ്കേതിക വിദ്യയിലൂന്നിയ അറിവ് സമൂഹത്തിന്റെ താഴെത്തട്ടിലുള്ള ജനങ്ങളുമായി പങ്കുവയ്ക്കുന്നു.

**പ്രധാന പ്രവർത്തന പരിപാടികൾ**

വികാസ് പീഡിയ മലയാളം കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, ഊർജ്ജം തുടങ്ങിയ ഡൊമൈനുകളുടെ മെനുഫ്രയിം വർക്കിനുള്ള ചർച്ചകൾ പൂർത്തിയായി. വികാസ് പീഡിയ ജൈവകർഷകർക്കായി Biowin എന്ന പേരിൽ മൊബൈൽ ആപ്പ് ആരംഭിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്ത 13500 കർഷകർക്കാണ് ആദ്യം ഇതിന്റെ പ്രയോജനം ലഭിക്കുക. മാർക്കറ്റ് വില, കർഷകർക്കുള്ള അറിയിപ്പുകൾ, ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്തൽ എന്നിവ ഫോണിൽ മെസേജുകളായി വരുന്നു.

ആരോഗ്യവകുപ്പ് വിവിധ സന്നദ്ധസംഘടനകളുമായി ചേർന്ന് നടത്തിയ ലോക പ്രമേഹദിനാചരണത്തിൽ വികാസ്പീഡിയായും പങ്കാളി

കളായി. ഊർജ്ജസംരക്ഷണത്തിന്റെ ഭാഗമായി എനർജി മാനേജ്മെന്റ് സെന്റർ വിവിധ സ്ഥാപനങ്ങളുമായി സഹകരിച്ച് കൽപ്പറ്റ എസ്.കെ.എം. ജെ. സ്കൂളിൽ നടത്തിയ എനർജി ഫെസ്റ്റിൽ വികാസ് പീഡിയയും പങ്കെടുത്തു.

**പാരമ്പര്യ കുരുമുളക് സംരക്ഷണ പദ്ധതി (Traditional Pepper Conservation Project)**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ ബോയ്സ് ടൗണിൽ ആരംഭിച്ചിരിക്കുന്ന പാരമ്പര്യ കുരുമുളക് സംരക്ഷണ പദ്ധതിയുടെ പ്രവർത്തനങ്ങൾ ധൃതഗതിയിൽ പുരോഗമിക്കുന്നു.

പദ്ധതിയുടെ ആദ്യഘട്ടത്തിലുള്ള പ്രവർത്തനങ്ങൾ തുടങ്ങി. WSSS ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളിയുടെ മേൽനോട്ടത്തിലാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. കഴിഞ്ഞ ഒരു മാസത്തിനിടയിൽ മാനന്തവാടി താലൂക്കിലെ തൊണ്ടർനാട്, തവിഞ്ഞാൽ എന്നീ പഞ്ചായത്തുകളിലെ പാരമ്പര്യ കുരുമുളക് കർഷകരുടെ തോട്ടങ്ങൾ സന്ദർശിച്ചു. കർഷകരെ നേരിൽ കാണുന്നതിനായി ഫീൽഡ് വിസിറ്റുകൾ നടത്തുകയും, കർഷകരുമായി സംവദിക്കുകയും ചെയ്തു. ഇതിനോടകം 19-ൽ പരം കുരുമുളക് ഇനങ്ങൾ തിരിച്ചറിയുകയും, അവയുടെ ശാസ്ത്രീയ വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു. ഐപിരിയൻ, കുതിരവാലൻ, (Horse tail pepper) ജീരകമുണ്ട, കരിമുണ്ടി തുടങ്ങിയ ഇനങ്ങളെയാണ് തിരിച്ചറിഞ്ഞത്. വിവിധയിനം കുരുമുളകിനങ്ങളുടെ തിരികൾ (Spikes) ശേഖരിച്ച് ബോയ്സ് ടൗണിലെ മ്യൂസിയത്തിൽ പ്രദർശനത്തിനായി ഒരുക്കി.

പാരമ്പര്യയിനങ്ങളുടെ തൈകൾ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നഴ്സറിയുടെ നിർമ്മാണം പൂർത്തിയായി. മാതൃകാ കുരുമുളകു തോട്ടം ബോയ്സ് ടൗണിൽ രൂപപ്പെടുത്തുവാനുള്ള പ്രവർത്തനം കഴിഞ്ഞ മാസം നടത്തി. പൂർണ്ണ മണ്ണു-ജല സംരക്ഷണ ഉപാധികൾ സ്വീകരിച്ചുകൊണ്ടുള്ള തോട്ടത്തിന്റെ സ്ഥലമൊരുക്കൽ കഴിഞ്ഞ മാസം പൂർത്തിയായി. ജൈവ ബയോഡൈനാമിക് മാതൃകയിലുള്ള കൃഷിരീതി അവലംഭിക്കുന്നതിനുള്ള ജൈവവളങ്ങളുടെ നിർമ്മാണം ആരംഭിച്ചു. അടുത്ത ജനുവരി അവസാനത്തോടെ നേഴ്സറിക്കുള്ള നടീൽ വസ്തുക്കളുടെ ശേഖരണം പൂർത്തിയാകും. കഴിഞ്ഞ ഒരു മാസത്തിനിടെ നിരവധി സന്ദർശകർ ബോയ്സ് ടൗൺ സന്ദർശിച്ചു. ആഗോള ജൈവവൈവിധ്യ ബോർഡ് പ്രതിനിധികൾ ബോയ്സ് ടൗണിലെ ബൊട്ടാണിക് ഗാർഡനും, മ്യൂസിയവും സന്ദർശിക്കുകയും നിലവിലെ പ്രവർത്തനങ്ങളിൽ അഭിനന്ദനം രേഖപ്പെടുത്തുകയും ചെയ്തു.

**ഫാ. ബിജോ കറുകപ്പള്ളി**
ഡയറക്ടർ

# ബയോവിൻ അഗ്രോ റിസർച്ച്

## (ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയും അനുബന്ധ മേഖലകളും)

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

മനുഷ്യന്റെയും മണ്ണിന്റെയും ആവാസവ്യവസ്ഥയുടെയും ആരോഗ്യം നിലനിർത്തുന്നതിനായി ജൈവകീടനാശിനികൾ, കംപോസ്റ്റ്, പച്ചില വളങ്ങൾ, ഇടവിള കൃഷി, യാന്ത്രിക നടീൽ തുടങ്ങിയവയെ ആശ്രയിച്ച് രാസവളങ്ങളും, കൃത്രിമ രാസകീടനാശിനികളും തീർത്തും ഒഴിവാക്കി ചെടിവളർച്ചാ നിയന്ത്രണ വസ്തുക്കൾ, കന്നുകാലി/കോഴി തീറ്റകളിൽ ചേർക്കുന്ന രാസപദാർത്ഥങ്ങൾ, ജൈവമാറ്റം വരുത്തിയ വിത്തുകൾ എന്നീ രീതികൾ ഉപയോഗിക്കാതെയും നടത്തപ്പെടുന്ന കൃഷിരീതിയെ പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട ജീവിത നിലവാരം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുന്നതിനുമായി നടപ്പിലാക്കുന്ന ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയിൽ നവംബർ മാസം വിവിധ പ്രവർത്തനങ്ങൾ നടക്കുകയും അവയിലെല്ലാം കർഷകരുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്തു. നവംബർ മാസം പദ്ധതിയിലേക്ക് പുതുതായി 75 കർഷകർ അംഗങ്ങളാവുകയും അവർക്കാവശ്യമായ നിർദ്ദേശങ്ങൾ ഫീൽഡ് ഓഫീസർമാർ നൽകുകയും ചെയ്തു.

**ബോധവത്കരണ സെമിനാർ**

പദ്ധതിയിൽ പുതിയതായി അംഗങ്ങളായ കർഷകർക്ക് കൂളിവയലിൽ വച്ച് നവംബർ 30 നു ബോധവത്കരണ സെമിനാർ സംഘടിപ്പിച്ചു. 67 കർഷകർ പങ്കെടുത്തു. ശ്രീ. ഷാജി ജോസ്, ശ്രീ. അമൽ ആന്റണി എന്നിവർ ക്ലാസുകൾ നയിച്ചു. ജൈവകൃഷിരീതി, ലക്ഷ്യങ്ങൾ, നേട്ടങ്ങൾ, മണ്ണ് സംരക്ഷണം, ജൈവവള നിർമ്മാണം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തു. ഫീൽഡ് ഓഫീസർ ശ്രീമതി ഷാലി പുതിയിടംകുന്ന് നേതൃത്വം നൽകി.

**വില്ലേജ് ഫാം ക്ലബ് യോഗങ്ങൾ**

കർഷക ഗ്രൂപ്പുകൾ ശക്തിപ്പെടുത്തുന്നതിനും കർഷകർക്ക് ജൈവ കാർഷിക വൃത്തിയും കൃഷി രീതികളും കാലഘട്ടത്തിനനുസരിച്ച് ക്രമപ്പെടുത്തുന്നതിനുമാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിന്റെയും ഭാഗമായി വില്ലേജുതലത്തിൽ വില്ലേജ് ഫാം ക്ലബ്ബുകളുടെ (VFC) മീറ്റിംഗുകൾ വിവിധയിടങ്ങളിലായി നടന്നുവരുന്നു.

എള്ളുമന്ദം, കല്ലോടി, കുറുമ്പാല, അരമ്പറ്റകുന്ന്, പുലിക്കാട്, ബത്തേരി, കരിഞ്ഞകുന്ന്, നമ്പിയാർകുന്ന്, നമ്പികൊല്ലി, തരിയോട്, പൊഴുതന, ഇല്ലത്തുംവയൽ, കുറുക്കൻമൂല, കാടൻകൊല്ലി തുടങ്ങിയ സ്ഥലങ്ങളിൽ നടന്ന യോഗങ്ങളിൽ ഫീൽഡ് ഓഫീസർമാർ പങ്കെടുത്തു.

**സെമിനാർ സംഘടിപ്പിച്ചു**

ഫീൽഡ് ഓഫീസർ അന്നമ്മ സെബാസ്റ്റ്യന്റെ നേതൃത്വത്തിൽ ഫുഡ് പ്രോസസിംഗ് ആന്റ് വാല്യൂ അഡീഷൻ എന്ന വിഷയത്തിൽ കാടൻ കൊല്ലിയിൽ സെമിനാർ സംഘടിപ്പിച്ചു. സെമിനാറിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്റർപ്രെനർഷിപ്പ് ആന്റ് മാനേജ്മെന്റ് (NIFTEM) ടീം ക്ലാസുകൾ നൽകി. 30 കർഷകർ പങ്കെടുത്തു. ചക്കയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, ടെക്നോളജി, ബാങ്ക് ലിങ്കേജ് തുടങ്ങിയ കാര്യങ്ങളാണ് ക്ലാസുകളിൽ പ്രതിപാദിച്ചത്. തുടർന്ന് ടീം കൃഷിയിടങ്ങൾ സന്ദർശിക്കുകയും ചെയ്തു.

**ഫീൽഡ് മോണിറ്ററിംഗ് ഓഫീസേഴ്സ് (FMO) ട്രെയിനിംഗ്**

കർഷകർക്കിടയിൽ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, എല്ലാ കർഷകരിലേക്കും ബയോവിന്റെ സേവനങ്ങൾ എത്തുന്നതിനുമായി പുതുതായി തിരഞ്ഞെടക്കപ്പെട്ട 86 ഫീൽഡ് മോണിറ്ററിംഗ് ഓഫീസർമാർക്ക് പരിശീലനം നൽകി. മാനന്തവാടി WSSS ഓഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിച്ച പരിശീലനത്തിൽ ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ, WSSS പ്രോഗ്രാം ഓഫീസർ ശ്രീ. പി.എ. ജോസ്, ശ്രീ. വിനീഷ് മാത്യു, കുമാരി മേരി പ്രിൻസി എന്നിവർ ക്ലാസുകൾ നയിച്ചു. ICS കോ ഓർഡിനേറ്റർ ശ്രീ. അമൽ ആന്റണി, രമ്യ വി.ജെ. എന്നിവർ സംസാരിച്ചു.

**ഇന്റേണൽ ഇൻസ്പെക്ഷൻ അവലോകന യോഗം**

പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കൃഷിയിടങ്ങളിൽ പരിശോധന നടത്തുന്നതിനായി നിയോഗിക്കപ്പെട്ടിട്ടുള്ള 220 ഇന്റേണൽ ഇൻസ്പെക്ടർമാരുടെ യോഗം WSSS ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. ഇൻസ്പെക്ഷൻ വിലയിരുത്തുകയും അഭിമുഖീകരിച്ച പ്രശ്നങ്ങൾ ചോദിച്ചറിയുകയും ചെയ്തു. ചെയർമാൻ അഡ്വ.ഫാ. ജോൺ ചൂരപ്പുഴയിൽ, ശ്രീ. അമൽ, ഫീൽഡ് ഓഫീസർമാർ, ശ്രീ. ഷാജി ജോസ്, ശ്രീമതി രമ്യ എന്നിവർ പങ്കെടുത്തു.

**വർക്ക്ഷോപ്പ് ഓൺ പ്രോഡക്ട് ട്രൈസിബിലിറ്റി**

എക്കോലാന്റ് ജർമ്മനി ഡയറക്ടർ റുഡോൾഫ്, യൂണിലിവറിൽ നിന്നും ഡോ. വിജയ് എന്നിവർ പ്രോഡക്ട് ട്രെയ്സിബിലിറ്റി എന്ന വിഷയത്തിൽ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. ചെയർമാൻ അഡ്വ.ഫാ. ജോൺ ചൂരപ്പുഴയിൽ പർച്ചെയ്സ് മാനേജർ, ICS കോർഡിനേറ്റർ, ക്വാളിറ്റി കൺട്രോൾ മാനേജർ, ഫീൽഡ് ഓഫീസർമാർ എന്നിവർ പങ്കെടുത്തു.

**NPOP, NOP സർട്ടിഫിക്കേഷൻ റിന്യൂവൽ**

ജൈവ കർഷകരുടെ ഉത്പ്പന്നങ്ങൾ ഇന്ത്യ, അമേരിക്ക എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിനാവശ്യമായ NPOP/NOP സർട്ടിഫിക്കറ്റുകൾ പുതുക്കുന്നതിനാവശ്യമായ പരിശോധന അവശേഷിക്കുന്ന കർഷകരുടെ കൃഷിയിടങ്ങളിൽ ഡിസംബർ മാസം നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ ആരംഭിച്ചു. ICS കോ ഓർഡിനേറ്റർ അമലിന്റെ നേതൃത്വത്തിൽ റീജിനൽ

കോഡിനേറ്റേഴ്സ് കൃഷിയിടങ്ങൾ തയ്യാറാക്കുകയും, ഡോക്യുമെന്റേഷൻ ഓഫീസർ രമ്യയുടെ നേതൃത്വത്തിൽ ഡോക്യുമെന്റുകൾ ക്രമീകരിക്കുകയും ചെയ്തുവരുന്നു.

**വൊഫ**

**സംഭരണം, സംസ്കരണം, വിപണനം**

വൊഫെയിലെ കർഷകരിൽ നിന്നും നവംബർ മാസം 337153.4 കിലോ കാപ്പി, 88 രൂപ നിരക്കിലും 450 കിലോ കുരുമുളക് 715 രൂപ നിരക്കിലും സംഭരിച്ചു.

സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ സംസ്കരിച്ച് മൂല്യവർദ്ധിത ഉത്പ്പന്നങ്ങളാക്കി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തുവരുന്നു.

**ഫ്ളോസേർട്ട് ഓഡിറ്റ്**

നവംബർ മാസം 18-ാം തീയതി മുതൽ 21 വരെ വൊഫായുടെ ഫെയർട്രേഡ് സർട്ടിഫിക്കേഷൻ വാർഷിക ഓഡിറ്റ് നടന്നു. ഫ്ളോസേർട്ടിൽ നിന്നും ശ്രീ. രാജസിംഹം ഓഡിറ്റ് നടത്തുകയും കൃഷിയിടങ്ങൾ സന്ദർശിക്കുകയും ചെയ്തു. 19 നു തവിഞ്ഞാൽ, കാട്ടിമൂല, യവനാർകുളം, കല്ലോടി വില്ലേജുകളിലും, 20 നു ബത്തേരി, കുടുക്കി, ചവുണ്ടമൂല എന്നിവിടങ്ങളും, 21 നു മുട്ടങ്കര, ചാലീക്യം എന്നിവിടങ്ങൾ സന്ദർശിക്കുകയും കർഷകരുമായി ആശയവിനിമയം നടത്തുകയും ചെയ്തു.

**ടാർപോളിൻ ഷീറ്റ് വിതരണം ചെയ്തു**

വൊഫെയിൽ അംഗങ്ങളായ 1300 കർഷകർക്ക് 3000 രൂപ വിലവരുന്ന ടാർപോളിൻ ഷീറ്റ് 1000 രൂപ നിരക്കിൽ നൽകി.

**ഏഷ്യ പസഫിക് കോഫീ ഫോറം**

നവംബർ 24 മുതൽ 26 വരെ ഇന്തോനേഷ്യയിലെ മെഡാനിൽ ഫെയർട്രേഡ് സംഘടിപ്പിച്ച ഏഷ്യ പസഫിക് കോഫീ ഫോറത്തിൽ വൊഫായെ പ്രതിനിധീകരിച്ച് സെയിൽസ് മാനേജർ ശ്രീ. സന്ദീപ്കുമാർ കെ. പങ്കെടുത്തു. ഏഷ്യ പസഫിക് കോഫി ഫോറത്തിലേക്കു നടന്ന തിരഞ്ഞെടുപ്പിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് അഡ്വ.ഫാ. ജോൺ ചൂരപ്പുഴയിൽ തിരഞ്ഞെടുക്കപ്പെട്ടു.

**കോഫി ബോർഡ് ട്രെയിനിംഗ്**

നവംബർ 30 നു കോഫിബോർഡ്, ഫെയർട്രേഡ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 'കാപ്പികൃഷി, വിള പരിപാലനം, ഗുണമേന്മ ഉറപ്പുവരുത്തൽ, വിപണന സാധ്യതകൾ' എന്നീ വിഷയങ്ങളിൽ കോഫിബോർഡ് ചുണ്ടയിൽ വച്ച് നടന്ന പരിശീലനത്തിൽ ശ്രീ. വിനീഷ് മാത്യു, ഷാജി ജോസ്, ശ്രീ. അമൽ ആന്റണി ഫീൽഡ് ഓഫീസർമാർ എന്നിവർ പങ്കെടുത്തു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

## റേഡിയോ മാറ്റൊലി 90.4 mhz

പുതിയൊരു വർഷത്തിലേക്ക് പദമൂന്നുകയാണ് നാം. 2016 മാറി 2017 പിറക്കുമ്പോൾ മനുഷ്യമനസ്സുകളിലും സമൂഹത്തിലും വ്യവസ്ഥിതികളിലും മാറ്റത്തിന്റെ ശംഖൊലിയുണ്ടാകട്ടെ എന്ന് ആശംസിക്കുന്നു. ഭൂമിയെ കൂടുതൽ കരുതാനും വികസനം കൂടുതൽ വിമോചനാത്മകമാക്കാനും സർവ്വർക്കും സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. 2016 വർഷത്തിൽ മാറ്റൊലിയുടെ വികസനാധിഷ്ഠിത, മനുഷ്യാവകാശോന്മുഖ, ഗുണാത്മക, മാധ്യമ മുന്നേറ്റത്തിൽ സഹകാരികളായവരെ പ്രത്യേകം നന്ദിപൂർവ്വം ഓർക്കുന്നു. 2017 വർഷത്തിൽ സദാ കൂടെയുണ്ടാകണമേയെന്ന് സവിനയം അഭ്യർത്ഥിക്കുന്നു.

**പ്രഥമ മാറ്റൊലി മനുഷ്യാവകാശ മാധ്യമപുരസ്കാരം**

വയനാട് ജില്ലയിലെ മികച്ച മനുഷ്യാവകാശ മാധ്യമ പ്രവർത്തനത്തിനുള്ള ഡോ. ഫാ. തോമസ് ജോസഫ് തേരകം അവാർഡിന് മനോരമ ന്യൂസ് റിപ്പോർട്ടർ സിനോജ് തോമസിന്റെ *പോവർട്ടി മീൽ* അർഹമായി. മലനാട് കമ്മ്യൂണിക്കേഷൻ എക്സിക്യുട്ടീവ് എഡിറ്റർ ഫിറോസ് പി.വി. യുടെ കണ്ടതും കാണേണ്ടതും പ്രത്യേക ജൂറി പരാമർശം നേടി. അഡ്വ. അനു ശ്രീനിവാസൻ (മാധ്യമം ഓൺ ലൈൻ എഡിഷൻ ലേഖിക), ജിയോ ജോസ് (നാഷണൽ അലയൻസ് ഓഫ് പീപ്പിൾസ് മൂവ്മെന്റ്), ഡോ. ബെന്നി ബെനഡിക്റ്റ് (ഡയറക്ടർ ചേതന മീഡിയ ഇൻസ്റ്റിറ്റ്യൂട്ട് & കോളേജ്) എന്നീ ജൂറി അംഗങ്ങളാണ് അവാർഡ് നിർണ്ണയിച്ചത്. ഡിസംബർ 14 ന് WSSS ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ റേഡിയോ മാറ്റൊലി സ്ഥാപക ഡയറക്ടർ ഡോ. ഫാ. തോമസ് ജോസഫ് തേരകം അദ്ധ്യക്ഷത വഹിച്ചു. ചടങ്ങിൽ വെച്ച് മുൻലോക സഭാംഗവും മികച്ച മാധ്യമപ്രവർത്തകനും നിയമ വിദഗ്ധനുമായ ഡോ. സെബാസ്റ്റ്യൻ പോൾ പ്രഥമ പുരസ്കാരവും, പ്രശംസാപത്രവും, മെമന്റോയും, ക്യാഷ് അവാർഡും വിതരണം ചെയ്തു. സ്റ്റേഷൻ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുത്തേൻ സ്വാഗതവും ഷാജൻ ജോസ് നന്ദിയും അർപ്പിച്ച യോഗത്തിൽ WSSS ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളിൽ, മാനന്തവാടി പ്രസ്ക്ലബ് പ്രസിഡന്റ് അശോകൻ ഒഴക്കോടി എന്നിവർ ആശംസകൾ നേർന്നു. മനുഷ്യാവകാശ നാളം തെളിയിച്ച് ആരംഭിച്ച യോഗത്തിൽ അസി.ഡയറക്ടർ ഫാ. സന്തോഷ് കാവുങ്കൽ ചൊല്ലി കൊടുത്ത മനുഷ്യാവകാശ പ്രതിജ്ഞ എല്ലാവരും ഏറ്റുചൊല്ലി.

**മനുഷ്യാവകാശ വാരാചരണവും മാധ്യമ സെമിനാറും**

വയനാടിന്റെ പ്രത്യേക പശ്ചാത്തലത്തിൽ മാധ്യമപ്രവർത്തന ത്തിൽ മനുഷ്യാവകാശ വിഷയങ്ങൾക്കും ധ്വംസനങ്ങൾക്കും ഊന്നൽ നൽകണം എന്ന തിരിച്ചറിവിൽ മനുഷ്യാവകാശദിനമായ 10-ാം തീയതി മുതൽ പ്ര ത്യേക മനുഷ്യാവകാശ പ്രോഗ്രാമുകൾ സംപ്രേഷണം ചെയ്തു. മനുഷ്യാ വകാശ മാധ്യമ പുരസ്കാരത്തിൽ എൻട്രികൾ നടത്തിയ മാധ്യമ പ്രവർത്ത കരെ പരിചയപ്പെടുത്തുകയും അവർ പുറത്തുകൊണ്ടുവന്ന മനുഷ്യാവകാശ വിഷയങ്ങളെക്കുറിച്ച് അഭിമുഖം നടത്തുകയും ചെയ്തു. വാരാചരണത്തോ ടനുബന്ധിച്ച് വയനാട്ടിലെ കോളേജുകളിൽ മാധ്യമ പഠനത്തിലേർപ്പെട്ടിരി ക്കുന്ന വിദ്യാർത്ഥിനി വിദ്യാർത്ഥികളെ ഉൾപ്പെടുത്തി മനുഷ്യാവകാശങ്ങളും മാധ്യമ പ്രവർത്തനവും എന്ന വിഷയത്തിൽ അർദ്ധദിനസെമിനാർ സംഘ ടിപ്പിച്ചു. സെമിനാറിന് ഡോ. സെബാസ്റ്റ്യൻ പോൾ നേതൃത്വം നൽകി. പങ്കെ ടുത്തവരുമായുള്ള സംവാദത്തിൽ ധാരാളം നിർണ്ണായക മനുഷ്യാവകാശവിഷ യങ്ങളിൽ സജീവചർച്ച നടന്നു. ഗുരുകുലം കോളേജ്, ന്യൂമാൻസ് കോളേജ്, പഴശ്ശിരാജാ കോളേജ് പുൽപ്പള്ളി, ഗവ.കോളേജ് കൽപ്പറ്റ എന്നീ സ്ഥാപന ങ്ങളെ പ്രത്യേകം നന്ദിപൂർവ്വം സ്മരിക്കുന്നു. സെമിനാറിന് അസി. ഡയറ ക്ടർ ഫാ. ജസ്റ്റിൻ മാത്യു സ്വാഗതം ആശംസിച്ചു.

**വെരി. റവ. ഫാ. ജോസഫ് ചിറ്റൂരിനെ ആദരിച്ചു.**

റേഡിയോ മാറ്റൊലിയുടെ പ്രഥമവിദഗ്ദ കൺസൾട്ടന്റും മാറ്റൊലി യുടെ സഹകാരിയും ഗുരുസ്ഥാനീയനും വയനാട്ടിൽ നിന്ന് ആരംഭിച്ച് ഇന്ത്യ ഒട്ടുക്കും രാജ്യാന്തര തലങ്ങളിലും മനുഷ്യാവകാശ, ആരോഗ്യ, സുസ്ഥിതി രംഗങ്ങളിൽ സവിശേഷ സംഭാവനകൾ നൽകി വരുന്ന ചിറ്റൂരച്ചനെ 80 വയസ്സ് പൂർത്തിയാക്കിയ വേളയിൽ അനുമോദിച്ചു. മാനേജ്മെന്റ് കമ്മിറ്റിയംഗം ജോസ് സെബാസ്റ്റ്യൻ അദ്ദേഹത്തെ പൊന്നാടയണിച്ച് ആദരിച്ചു.

**മാറ്റൊലി മാധ്യമ വിദ്യാഭ്യാസനിധി**

മാധ്യമ വിദ്യാഭ്യാസത്തിന് താൽപര്യമുള്ള യുവതീയുവാക്കളെ അർഹിക്കുന്ന സഹായം നൽകി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോ ടുകൂടി മാറ്റൊലി ഏർപ്പെടുത്തിയ മാധ്യമ വിദ്യാഭ്യാസനിധിയിലേക്കുള്ള ആദ്യ സംഭാവന നൽകിയത് പ്രഥമ മാറ്റൊലി മാധ്യമപുരസ്കാര ജേതാവ് ശ്രീ. സിനോജ് തോമസാണ്. തന്റെ അവാർഡുതുക മാധ്യമ പ്രവർത്തനത്തിന് വരും തലമുറയെ സജ്ജമാക്കാൻ സംഭാവന ചെയ്ത സന്മനസ്സിനും സന്മാ തൃകയ്ക്കും ശ്രീ. സിനോജിന് മാറ്റൊലിയുടെ അഭിനന്ദനങ്ങളും കടപ്പാടും രേഖപ്പെടുത്തുന്നു. മാധ്യമ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കാൻ ആഗ്ര ഹിക്കുന്നവർ ഈ നിധിയിലേക്ക് ഉദാരമായ സംഭാവന നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

**മാറ്റൊലി ഐക്യദാർഢ്യ നിധി**

പാർശ്വവൽക്കരിക്കപ്പെട്ട പാവപ്പെട്ടവരാട് ഐക്യദാർഢ്യം പ്രകടിപ്പിച്ച്

അവർക്ക് ഒരു കൈതാങ്ങാകാൻ മാറ്റൊലി ശ്രോതാക്കളുടെ നിർദ്ദേശവും പിന്തുണയും സ്വീകരിച്ച് മാറ്റൊലി ഐക്യദാർഢ്യനിധിക്ക് തുടക്കം കുറിക്കുന്നു. മാറ്റൊലിയുടെ സ്റ്റാഫും അണിയറ പ്രവർത്തകരും ക്രിസ്തുമസ്സ് സമ്മാനങ്ങൾ ത്യജിച്ച് സമാഹരിക്കുന്ന തുകയാണ് ഈ നിധിയിലെ പ്രഥമ സംഭാവന. സന്മനസ്സുള്ളവരെ ഈ നിധിയിലേക്ക് സംഭാവന ചെയ്യുവാൻ സ്വാഗതം ചെയ്യുന്നു.

**കേരള സംസ്ഥാന കമ്മ്യൂണിറ്റി റേഡിയോ കൺസോർഷ്യം**

കമ്മ്യൂണിറ്റി റേഡിയോകളുടെ കേരള കൺസോർഷ്യം മീറ്റിംഗിന് റേഡിയോ മാറ്റൊലി ആതിഥ്യം വഹിച്ചു. റേഡിയോ ബെൻസിഗർ കൊല്ലം, റേഡിയോ മാക്ഫാസ്റ്റ് തിരുവല്ല, റേഡിയോ മീഡിയാ വില്ലേജ് ചങ്ങനാശേരി, റേഡിയോ ഡിസി തിരുവനന്തപുരം, റേഡിയോ അഹല്യ പാലക്കാട്, റേഡിയോ ജനവാണി പാനൂർ എന്നീ ഏഴു റേഡിയോ സ്റ്റേഷനുകൾ പങ്കെടുത്തു. പരസ്പര സഹകരണം, ഭാവിപദ്ധതികൾ, കേന്ദ്രസർക്കാരിന്റെ വിജ്ഞാന പോർട്ടലായ വികാസ് പീഡിയ കേരളയുമായുള്ള സഹകരണം തുടങ്ങിയവ സമ്മേളനത്തിൽ ചർച്ച ചെയ്തു. സംസ്ഥാനത്തിന്റെ സാംസ്കാരിക സാമൂഹിക സാമ്പത്തിക വികസന ചരിത്രത്തിൽ കമ്മ്യൂണിറ്റി റേഡിയോകളുടെ ദൗത്യം വളരെ നിർണ്ണായകമാണെന്ന് കമ്മ്യൂണിറ്റി റേഡിയോ കേരള കൺസോർഷ്യം വിലയിരുത്തി. കേരളത്തിലെ റേഡിയോകളുടെ സംസ്ഥാന തലത്തിലുള്ള ഒരു അസോസിയേഷൻ രജിസ്റ്റർ ചെയ്ത് പ്രവർത്തനങ്ങൾ ഏകോപിപിച്ച് ഊർജസ്വലമാക്കാൻ തീരുമാനിച്ചു.

**വികാസ്പീഡിയ വർക്ക്ഷോപ്പ്**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നടന്ന വികാസ് പീഡിയ വർക്ക്ഷോപ്പിൽ കൺസോർഷ്യം അംഗങ്ങൾ പങ്കെടുത്തു. WSSS ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളിൽ സ്വാഗതം ആശംസിച്ച യോഗത്തിന് റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ പുത്തേൻ അധ്യക്ഷത വഹിച്ചു. മാനന്തവാടി തഹസിൽദാർ ശ്രീമതി മേഴ്സി ആര്യപ്പിള്ളി ഉദ്ഘാടനം നിർവ്വഹിച്ചു സംസാരിച്ചു. സാമൂഹ്യവികസനത്തിൽ പ്രത്യേകിച്ച് വനിതാ വികസനത്തിൽ കമ്മ്യൂണിറ്റി റേഡിയോകളുടെ പങ്ക് തന്റെ മാറ്റൊലിയിലെ അനുഭവത്തിന്റെ വെളിച്ചത്തിൽ അവർ വിശദീകരിച്ചു. CEDAC Project Manager ശ്രീ. ജേക്കബ്, കർണ്ണാടക SNA പ്രതിനിധികളായ രഘു, വിക്രം, തമിഴ്നാട് പ്രതിനിധിയായ മാരിയപ്പൻ എന്നിവരും വികാസ് പീഡിയ പ്രതിനിധികളും, വികാസ്പീഡിയ മലയാളം പ്രവർത്തകരും വർക്ക്ഷോപ്പിൽ പങ്കെടുത്തു. വികാസ്പീഡിയ മലയാളം കോർഡിനേറ്റർ ഷിബു സി.വി വികാസ്പോർട്ടൽ പരിചയപ്പെടുത്തി. റേഡിയോ മാറ്റൊലി വികാസ് പീഡിയയുമായി ചേർന്നുനടത്തിയ പ്രോഗ്രാമുകളെകുറിച്ച്, ഫാ. മനോജ് കാക്കോനാൽ റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്നു നടത്തിയ ചർച്ച

യിൽ വികാസ്പീഡിയ കേരളവും കേരളത്തിലെ കമ്മ്യൂണിറ്റി റേഡിയോകളും തമ്മിലുള്ള പരസ്പര സഹകരണത്തിന്റെ വിവിധതലങ്ങൾ വിശദമായി ചർച്ച ചെയ്തു.

**ക്യാപ്@ കാമ്പസ് സന്ദേശയാത്ര**

കാൻസർ ബോധവത്കരണ സന്ദേശവുമായി ദീപികയും സർഗ്ഗക്ഷേത്രയും മേളം ഫൗണ്ടേഷനും ചേർന്നു നടത്തുന്ന ക്യാപ് @ കാമ്പസ് സന്ദേശയാത്രയ്ക്കു റേഡിയോ മാറ്റൊലിയിൽ സ്വീകരണം നല്കി. സ്റ്റാഫും മാറ്റൊലി ടീമും പ്രതിജ്ഞയെടുത്തു. ക്യാപ് ക്യാപ്റ്റൻ സിറിയക് ചാഴിക്കാടൻ, കോഡിനേറ്റർ ജോമോൻ വെള്ളാപ്പിള്ളി എന്നിവരുമായി അസി. ഡയറക്ടർ ഫാ. ജസ്റ്റിൻ മാത്യു അഭിമുഖം നടത്തി, ബോധവത്കരണ സന്ദേശം പ്രക്ഷേപണം ചെയ്തു.

**ഗ്രാമമാറ്റൊലി**

മൂന്നാമത് ഗ്രാമമാറ്റൊലി പരിപാടി തൃശ്ശിലേരിയിൽ സംഘടി പ്പിച്ചു. ഗ്രാമീണ ജനതയുടെ സ്വപ്നങ്ങളും സർഗ്ഗശേഷികളും റേഡിയോ മാറ്റൊലിയിലൂടെ ജനങ്ങളിലേക്ക് എത്തിക്കുന്ന ഈ പരിപാടിയ്ക്ക് അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. മനോജ് കാക്കോനാൽ, ഫാ. ജസ്റ്റിൻ മുത്താനിക്കാട്ട്, എന്നിവർ നേതൃത്വം നൽകി. പ്രദേശത്തെ ജനങ്ങളെ ഉൾപ്പെടുത്തി വിവിധ പരിപാടികൾ റെക്കോർഡ് ചെയ്തു.

**ഹരിതകേരളം - ശുചീകരണ പരിപാടി**

സംസ്ഥാനത്തിന്റെ പച്ചപ്പ് വീണ്ടെടുക്കാനുള്ള ഹരിതകേരളം പദ്ധതിയിൽ റേഡിയോ മാറ്റൊലിയും പങ്കുചേർന്നു. ദ്വാരക പ്രാദേശിക ശുചിത്വ സമിതിയുടെ ആഭിമുഖ്യത്തിൽ ഗുരുകുലം കോളേജിന്റെ സഹകരണത്തോടെ ദ്വാരക ടൗൺ വൃത്തിയാക്കിയാണ് റേഡിയോ മാറ്റൊലി പദ്ധതിയുടെ ഭാഗമായത്. വാർഡ് മെമ്പർ സുബൈദ പുളിയോടിയിൽ ഉദ്ഘാടനം ചെയ്തു. ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ബസ് വെയ്റ്റിംഗ് ഷെഡ് പരിസരത്ത് ഔഷധസസ്യങ്ങളും വെച്ചു പിടിപ്പിച്ചു. റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഡോ. ഫാ. സെബാസ്റ്റ്യൻ പുത്തേൻ നേതൃത്വം നൽകി. വ്യാപാരികളും ഗുരുകുലം കോളജ് വിദ്യാർത്ഥികളും ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കെടുത്തു.

**ക്രിസ്തുമസ് ആഘോഷം**

റേഡിയോ മാറ്റൊലിയിൽ നടത്തിയ ക്രിസ്തുമസ് കുടുംബാഘോഷത്തിൽ മാനന്തവാടി രൂപതയുടെ ഇടയൻ മാർ ജോസ് പൊരുന്നേടം ക്രിസ്തുമസ് സന്ദേശം നല്കി. മാറ്റൊലി സ്റ്റാഫിനേയും വോളണ്ടിയേഴ്സിനേയും അനുമോദിക്കുകയും നന്ദിയർപ്പിക്കുകയും ചെയ്തു. മാറ്റൊലിയിലൂടെ സമൂഹജീവിതത്തിലുണ്ടാകുന്ന ഗുണാത്മകമായ മാറ്റം അനേകരെ സ്വാധീനിക്കുന്നുണ്ടെന്നും പിതാവ് അഭിപ്രായപ്പെട്ടു.

**കാർഷികോല്പന്ന മൂല്യവർദ്ധനവ് -അന്താരാഷ്ട്ര ശില്പശാല 2016**

കാർഷികോത്പ്പന്ന സംസ്കരണം, മൂല്യവർദ്ധനവും എന്ന

വിഷയത്തെ ആസ്പദമാക്കി കൃഷിവകുപ്പ് തിരുവനന്തപുരത്ത് സംഘടിപ്പിച്ച അന്തർദേശീയ ശില്പശാലയിൽ റേഡിയോ മാറ്റൊലിയെ പ്രതിനിധീകരിച്ച് എക്സ്പെർട്ട് വോളണ്ടിയർ ശ്രീ. ജോസഫ് പള്ളത്ത് പങ്കെടുത്തു.

**സാമ്പത്തിക ബോധവത്കരണ പ്രോഗ്രാമുകൾ**

കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ നോട്ട് നിരോധനത്തെ തുടർന്ന് പൊതുജനങ്ങൾക്കുണ്ടായ ആശങ്കകൾ പരിഹരിക്കുന്നതിനായി തുടർച്ചയായി ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു. മാനന്തവാടി രൂപതാ ബിഷപ്പ് മാർ ജോസ് പൊരുന്നേടവുമായി ലിഷ മേരി ഡിക്രൂസും എൻ.പി രാധാകൃഷ്ണൻ (Financial Literacy Counselor-Balussery), ജോർജ്ജ് മാത്യു (പഞ്ചാബ് നാഷനൽ ബാങ്ക് സീനിയർ മാനേജർ -കല്പറ്റ) ജെ. അനിൽ കുമാർ (കാനറ ബാങ്ക് സീനിയർ മാനേജർ- സുൽത്താൻ ബത്തേരി) എന്നിവരുമായി നിഖിൽ അബ്രാഹവും നടത്തിയ അഭിമുഖങ്ങൾ പ്രക്ഷേപണം ചെയ്തു.

**തത്സമയ പ്രക്ഷേപണം**

വയനാട് റവന്യൂ ജില്ലാ കായിക മേളയോടനുബന്ധിച്ച് തത്സമയ പ്രക്ഷേപണ പരിപാടി സംഘടിപ്പിച്ചു.

**പ്രത്യേക പരിപാടികൾ**

ക്രിസ്തുമസ്, നബിദിനം, മനുഷ്യാവകാശ വാരാചരണം, ഊർജ്ജസംരക്ഷണ വാരാചരണം, എന്നിവയോടനുബന്ധിച്ച് പ്രത്യേക പരിപാടികൾ പ്രക്ഷേപണം ചെയ്തു.

**സന്ദർശനങ്ങൾ**

മലപ്പുറം CWC ചെയർമാൻ അഡ്വ. ഷെറീഫ് ഉള്ളത്ത്, പതിനൊന്നാം സ്ഥലം സിനിമയുടെ അണിയറ പ്രവർത്തകർ, കെ.സി. വൈ.എം. മുൻ സംസ്ഥാന ഡയറക്ടർ ഫാ. തോമസ് വള്ളിയാനിപ്പുറം, സുപ്രസിദ്ധ മന:ശാസ്ത്രജ്ഞൻ ഡോ. സെബാൻ ചെരിപുറത്ത്, നീലാംബരി ഗോവിന്ദസ്വാമി, ഡോ. ജോഷി വി ചെറിയാൻ എന്നിവർ റേഡിയോ മാറ്റൊലി സന്ദർശിച്ചു, വിവിധങ്ങളായ പ്രക്ഷേപണ പരിപാടികളിൽ പങ്കെടുത്തു.

മലപ്പുറം അരീക്കോട് GHSS, തൊടുപുഴ ശാന്തിഗിരി കോളേജ് ഓഫ് കമ്പ്യൂട്ടർ സയൻസ്, School of Social Work Roshni Nilaya Mangalore എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ റേഡിയോ മാറ്റൊലി സന്ദർശിച്ചു.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

**November-December 2016**

The academic activities in Semesters V, III and I have come to end and exams are going on. The Research Centre of the Dept of Zoology conducted an Open Defence Seminar on 2 December 2016 in which Ms Latha N P successfully completed her Ph D. The Vigilance Department conducted yet another awareness programme for the students on 9 December 2016. A Skill Development programme for the Administrative Staff was organized on 3 December 2016 as part of UGC's competence building initiative. Mr. Babu C Sebastian was the chief resource person for the programme. The Principal attended the One Day Workshop for principals organized by the Council of Principals on 10 December 2016 at St. Thomas College Thrissur. Ms Keerthana V V of III B Sc Physics of our college won the II prize in the Reality Show, Patturumal, hosted by Kairali T V.

**Dr. Savio James V**
Principal

## CEADOM വിദ്യാഭ്യാസ മേഖല

മാനന്തവാടി രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള അദ്ധ്യാപകർക്കും, അനദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും സിഡോം ഫാമിലിയുടെ സന്തോഷവും, പ്രാർത്ഥനാ പൂർണ്ണവുമായുള്ള ക്രിസ്തുമസ്, പുതുവത്സരാശംസകൾ നേരുന്നു. ഒരു പുതുവർഷം കൂടി സമ്മാനമായി തന്ന നല്ല ദൈവത്തിന് മുമ്പിൽ നന്ദിനിറഞ്ഞ ഹൃദയത്തോടെ നമുക്ക് വ്യാപരിക്കാം. കഴിഞ്ഞ അധ്യയന വർഷത്തിലെ നമ്മുടെ പഠനപ്രവർത്തന മേഖലകളെ വിലയി രുത്തി 2016-2017 വർഷത്തെ വർഷാവസാന പരീക്ഷയ്ക്ക് ഒരുങ്ങാം. പ്രത്യേകിച്ച് SSLC, +1, +2 പരീക്ഷകളും അടുത്തെത്തിയിരിക്കുമ്പോൾ ഏറ്റവും നല്ല വിജയം മുന്നിൽ കണ്ടുകൊണ്ട് ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്, നമ്മുക്ക് ഒന്നുചേർന്ന് പരിശ്രമിക്കാം... പ്രവർത്തിക്കാം...

**സ്ക്കൂൾ വെഞ്ചിരിപ്പും ഉദ്ഘാടനവും**

മാനന്തവാടി രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള പാടിച്ചിറ സെന്റ് സെബാസ്റ്റ്യൻസ് എ.യു.പി സ്കൂൾ പുതിയ കെട്ടിടത്തിന്റെ വെഞ്ചരിപ്പ്കർമ്മം 2017 ജനുവരി 3-ാം തീയതി ചൊവ്വാഴ്ച്ച വൈകുന്നേരം അഞ്ച് മണിക്ക് മാനന്തവാടി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് നിർവ്വഹിക്കുന്നതാണ്. തുടർന്ന് അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന സാംസ്കാരിക സമ്മേളനത്തിൽ സുൽത്താൻ ബത്തേരി നിയോജക മണ്ഡലം എം.എൽ.എ ശ്രീ. ഐ.സി.ബാലകൃഷ്ണൻ ഉദ്ഘാടന കർമ്മവും, രൂപതാ കോർപ്പറേറ്റ് മാനേജർ ഫാ.ബിജു പൊൻപാറയ്ക്കൽ മുഖ്യ പ്രഭാഷണവും നടത്തുകയും ചെയ്യുന്നതോടൊപ്പം റിട്ടയേർഡ് അധ്യാപകർക്ക് ഉപഹാരം നൽകി ആദരിക്കുകയും ചെയ്യുന്നു. പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇത്ര സുഗമമാക്കാൻ അത്യധ്വാനം ചെയ്ത സ്കൂൾ മാനേജർ ഫാ. സജി പുഞ്ചയിലിനും, പ്രധാനാദ്ധ്യാപകനും, എല്ലാ അദ്ധ്യാപക-അനദ്ധ്യാപകർക്കും, പി.റ്റി.എ- മദർ പി.റ്റി.എക്കും, പാടിച്ചിറയിലെ എല്ലാ പ്രിയപ്പെട്ടവർക്കും നന്ദിയും ആശംസകളും അർപ്പിക്കുന്നു. ഇനിയും അനേകായിരങ്ങൾ അക്ഷരവെളിച്ചത്തിന്റെ പൊൻപ്രഭയിൽ ഉയരങ്ങൾ താണ്ടുവാൻ ഈ സ്കൂൾ അനുഗ്രഹദായകമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**അഭിനന്ദനങ്ങൾ**

സ്കൂൾ ജില്ല, ഉപജില്ല ശാസ്ത്രമേളകളിൽ മാനന്തവാടി രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകൾക്ക് മികച്ച വിജയം ലഭിച്ചു. സ്കൂളുകൾക്ക് ലഭിച്ച നേട്ടത്തിനു പിന്നിൽ അക്ഷീണം പ്രയത്നിച്ച പ്രധാനാദ്ധ്യാപകരേയും ഒപ്പം പ്രവർത്തിച്ച മുഴുവൻ അദ്ധ്യാപകരെയും, അനദ്ധ്യാപകരെയും, കുട്ടികളെയും മാതാപിതാക്ക ളെയും പി.ടി.എ, മദർ പി.ടി.എ തുടങ്ങിയ സമിതികളെയും സിഡോം ഫാമിലി പ്രത്യേകം അഭിനന്ദിക്കുകയും അനുമോദിക്കുകയും ചെയ്യുന്നു.

**സ്കൂളുകളുടെ പ്രവർത്തന റിപ്പോർട്ട്**

**1. സെന്റ് തോമസ് എൽ.പി.എസ്. അരിഞ്ചേർമല**

ഓവറോൾ കിരീടം- ഉപജില്ല പ്രവർത്തി പരിചയമേളയിൽ ഓവറോൾ കിരീടം കരസ്ഥമാക്കി.

വിദ്യാപരിചയം- കുട്ടികളിൽ വായനാശീലം വളർത്തുന്നതിനും അതു വഴി പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനുമായി വിദ്യാപരിചയം എന്ന പരിപാടി ആരംഭിച്ചു.

ഹരിതകേരളം-പദ്ധതിയുടെ ഭാഗമായി എല്ലാ കുട്ടികൾക്കും വൃക്ഷതൈകൾ വിതരണം ചെയ്തു. മാതൃവേദി പ്രസിഡണ്ട് ശ്രീമതി രാജി ജോണി ഉദ്ഘാടനം നിർവ്വഹിച്ചു, പി.ടി.എ. പ്രസിഡണ്ട് അസൈനാർ വി.പി. അധ്യക്ഷത വഹിച്ചു. പ്രധാനാധ്യാപകൻ ബെന്നി ആന്റണി, അദ്ധ്യാപകരായ ഐഷത്ത്, അനു തോമസ്, തുഷാര പി.ഡി എന്നിവർ പ്രസംഗിച്ചു.

**2. സെന്റ് തോമസ് യു. പി. എസ്. മുള്ളൻകൊല്ലി**

ബത്തേരി ഉപജില്ല ശാസ്ത്രോത്സവം 2016-ൽ സെന്റ് തോമസ് എ.യു.പി. സ്ക്കൂൾ തുടർച്ചയായ 7-ാം തവണയും 4 ഓവറോൾ കിരീടങ്ങൾ കരസ്ഥമാക്കി. ഗണിതശാസ്ത്ര മേളയിലും, പ്രവർത്തി പരിചയമേളയിലും എൽ.പി. വിഭാഗത്തിലും, യു. പി. വിഭാഗത്തിലുമാണ് ഓവറോൾ നേടിയത്. പങ്കെടുത്ത 27 ഇനങ്ങളിൽ 23 ലും A Grade നേടി.

**3. എ.യു.പി.എസ്. ദ്വാരക**

മാനന്തവാടി ഉപജില്ല കായിക മേളയിൽ ഇരുപത്തിയെട്ടോളം വിദ്യാ ലയങ്ങളെ പിന്നിലാക്കി ദ്വാരക എ.യു.പി.എസ്. മൂന്നാം സ്ഥാനം കരസ്ഥമാ ക്കി. എൽ.പി. വിഭാഗം, യു.പി. കിഡ്ഡീസ് വിഭാഗം ചാമ്പ്യൻഷിപ്പും ദ്വാരക എ.യു.പി.എസ് സ്വന്തമാക്കി.

- ഈ സ്ക്കൂളിലെ കായികാദ്ധ്യാപകൻ ശ്രീ. ജോസ് പി.ജെ. യുടെ കണ്ടെത്തലിൽ, കഴിഞ്ഞ വർഷം ഈ സ്ക്കൂളിൽ നിന്നും പി.ടി. ഉഷ സ്പോർട്സ് സ്ക്കൂളിൽ സെലക്ഷൻ ലഭിച്ചുപോയ എൽഗ തോമസ് എന്ന വിദ്യാർത്ഥിനിക്ക് സംസ്ഥാന സ്ക്കൂൾ കായിക മേളയിൽ മൂന്നിനങ്ങളിൽ സ്വർണ്ണമെഡൽ ലഭിച്ചത് സ്ക്കൂളിനെ സംബന്ധിച്ച് ഏറെ അഭിമാനകര മാണ്.

– ദ്വാരക എ.യു.പി. സ്ക്കൂൾ പരിധിയിലെ കോളനികളിൽ പി.ടി.എ. യോഗങ്ങൾ കൂടുന്നതിന്റെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് അംഗം ശ്രീമതി ഫിലോമിന നിർവ്വഹിച്ചു.

– സ്വാമിനാഥൻ ഫൗണ്ടേഷൻ നടത്തിയ വയനാട് ജില്ല പരിസ്ഥിതി കലോത്സവത്തിൽ ദ്വാരക എ.യു.പി സ്ക്കൂളിന് ഓവറോൾ ചാമ്പ്യൻഷിപ്പ് ലഭിച്ചു.

**4. സെന്റ് സെബാസ്റ്റ്യൻസ യു. പി. എസ്. പാടിച്ചിറ**

– ബത്തേരി സബ്ജില്ലാ കായികമേളയിൽ എൽ.പി. വിഭാഗം ഓവറോൾ ചാമ്പ്യനായി ഓസ്റ്റിൻ ബിനോയിയെ തെരഞ്ഞെടുക്കപ്പെട്ടു.

– സബ് ജില്ലാതലം ഐ.ടി. മേളയിൽ ഓവറോളും, ജില്ലാതലം ഐ.ടി. മേളയിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

– പുതിയ സ്ക്കൂൾ കെട്ടിടത്തിന്റെ വെഞ്ചിരിപ്പും ഉദ്ഘാടവും, വിരമിക്കുന്ന അദ്ധ്യാപകരുടെ യാത്രയയപ്പും, സ്കൂൾവാർഷികാഘോഷവും 2017 ജനുവരി 3–ാം തീയതി ചൊവ്വാഴ്ച്ച 5 മണിക്ക് നടത്തപ്പെടുന്നതാണ്.

**5. നിർമ്മല എൽ. പി. എസ്. ആലാറ്റിൽ**

– സബ്ജില്ലാ ഗണിതക്വിസ്, കഥപറയൽ, പേപ്പർ ക്രാഫ്റ്റ് എന്നിവയിൽ നിർമ്മല എൽ. പി. സ്ക്കൂളിലെ വിദ്യാർത്ഥികൾ മികവാർന്ന വിജയം കരസ്ഥമാക്കി.

**6. സെന്റ് ജോസഫ്സ് ടി. ടി. ഐ. മാനന്തവാടി**

തികവ് – പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പഠന നിലവാരം ഉയർത്തുന്നതിനായി എല്ലാ അദ്ധ്യാപകരുടേയും സഹായത്തോടെ പ്രത്യേക ക്ലാസ്സുകൾ നടത്തുന്നു.

ഗുരുത്വം – പി.ടി.എ. യുടെ ആഭിമുഖ്യത്തിൽ അധ്യാപകദിനാഘോഷത്തിന്റെ ഭാഗമായി പൂർവ്വ അദ്ധ്യാപകരെ പൊന്നാടയണിയിച്ച് സ്വീകരിച്ചു. മാറ്റൊലി ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ പുത്തേൽ, പ്രശസ്ത സാഹിത്യകാരൻ ശ്രീ. കൽപ്പറ്റ നാരായണൻ, എന്നിവർ മുഖ്യാതിഥികളായിരുന്നു.

–അദ്ധ്യാപകർ സംഭാവന നൽകിയ തുക സമാഹരിച്ച് ജില്ലാ ആശുപത്രിക്ക് 4 ബി.പി അപ്പാരറ്റസുകൾ വാങ്ങി നൽകി. ആശുപത്രി സൂപ്രണ്ട് ശ്രീ. രവി പ്രസാദ് അപ്പാരറ്റസുകൾ ഏറ്റു വാങ്ങി.

– സാമൂഹ്യ ശാസ്ത്ര മേളയിൽ എൽ.പി., യു.പി. വിഭാഗങ്ങളിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി.

– സെന്റ് ജോസഫ്സ് ടി. ടി. ഐ. സബ് ജില്ലാതലത്തിൽ മികച്ച സ്ക്കൂളായി തിരഞ്ഞെടുക്കപ്പെട്ടു.

– ജില്ലാതലത്തിൽ യു.പി. വിഭാഗത്തിൽ ഓവറോളും, എൽ.പി. വിഭാഗത്തിൽ റണ്ണേഴ്സ് അപ്പും കരസ്ഥമാക്കി.

ഡി.എഡ്. വിഭാഗം – എല്ലാ അദ്ധ്യാപക വിദ്യാർത്ഥികൾക്കും ജില്ലാ ഐ.ടി. മിഷന്റെ ആഭിമുഖ്യത്തിൽ മൂന്നു ദിവസത്തെ ഐ.ടി. ട്രെയിനിംഗ് നൽകി.

റണ്ണേഴ്സ് അപ്പ് - ടി.ടി.ഐ. കലോത്സവത്തിൽ റണ്ണേഴ്സ് അപ്പ് കര സ്ഥമാക്കി.

കുട ലഹരിവിരുദ്ധ പ്രചരണം - ഇരുന്നൂറോളം കുട്ടികളുടെ കുടക ളുടെ പുറത്ത് അരുതേ ലഹരി എന്ന വാചകം പ്രിന്റ് ചെയ്തു. ലഹരിക്കെ തിരെ പൊതുസമൂഹത്തെ ബോധവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ നട ത്തിയ ഈ പരിപാടി പ്രശസ്ത സാഹിത്യകാരൻ ശ്രീ. കൽപ്പറ്റ നാരായ ണൻ ഉദ്ഘാടനം ചെയ്തു.

മദ്യശാലക്കെതിരെ ഒരു തുള്ളിക്കണ്ണീർ - മാനന്തവാടി വള്ളി യൂർക്കാവ് റോഡിലെ ബീവറേജസ് ഔട്ട്ലെറ്റ് കണിയാരത്തേക്ക് നീക്കാ നുള്ള ശ്രമത്തിനെതിരെ വിദ്യാലയ ലഹരിവിരുദ്ധ സമിതിയായ കാസയുടെ നേതൃത്വത്തിൽ ഒരു തുള്ളിക്കണ്ണീർ എന്ന പേരിൽ ക്യാംപെയിൻ സംഘടി പ്പിച്ചു. പ്രിൻസിപ്പൽ ശ്രീ. ടി.ടി. സണ്ണി ലോഗോ പ്രകാശനം ചെയ്തു. തുടർന്ന് അദ്ധ്യാപകരും, വിദ്യാർത്ഥികളും ചേർന്ന് ഒപ്പിട്ട ഭീമ ഹർജി മുഖ്യമന്ത്രി, എക്സൈസ് വകുപ്പ് മന്ത്രി, ജില്ലാ കലക്ടർ, സബ് കലക്ടർ, മുനിസിപ്പൽ ചെയർമാൻ, തഹസിൽദാർ, എക്സൈസ് ഓഫീസ് എന്നിവിടങ്ങളിൽ നൽകി.

**7. ദേവമാത എൽ. പി. എസ്. ആടിക്കൊല്ലി**

- ഉപജില്ല വർക്ക് എക്പീരിയൻസിൽ പങ്കെടുത്ത നാല് കുട്ടികൾ ഉന്നത വിജയം കരസ്ഥമാക്കി.
- ജില്ല മത്സരത്തിൽ 3 കുട്ടികൾ പങ്കെടുക്കുകയും വിജയം കരസ്ഥമാക്കുകയും ചെയ്തു.

**8. സെന്റ് ജോസഫ്സ് എച്ച്. എസ്. കല്ലോടി**

- സബ് ജില്ലാ ശാസ്ത്രമേളയിൽ സോഷ്യൽ സയൻസ് വിഭാഗത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പും, ഗണിത ശാസ്ത്രമേളയിൽ സബ് ജില്ലാതല ത്തിൽ റണ്ണേഴ് അപ്പും, ഐ.ടി. മേളയിൽ സബ് ജില്ലയിൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.
- ശാസ്ത്രമേളയിൽ സോഷ്യൽ സയൻസ് വിഭാഗത്തിൽ രണ്ടാം സ്ഥാനവും, സബ് ജില്ലാ കലാമേളയിൽ ഹൈസ്ക്കൂൾ വിഭാഗത്തിൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

**9. സെന്റ് തോമസ് യു. പി. എസ്. തവിഞ്ഞാൽ**

- ഉപജില്ല കായികമേളയിൽ പഞ്ചായത്തിലെ മികച്ച രണ്ടാമത്തെ സ്ക്കൂൾ എന്ന നേട്ടം കൈവരിച്ചു.
- എല്ലാ ശനിയാഴ്ച്ചകളിലുമായി സ്ക്കൂളിൽ കരാട്ടെ, ചിത്രരചന, ഡാൻസ് ക്ലാസ്സുകൾ എന്നിവ നടത്തുന്നു

**10. എ. യു. പി. എസ് അമ്പായത്തോട്**

- ടീച്ചേഴ്സ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ദേശജ്യോതി ക്വിസ് സോണൽ ലെവൽ യു. പി. വിഭാഗവും, വിജ്ഞാനോത്സവം ക്ലസ്റ്റർ ലെവൽ എന്നിവയിലും ഒന്നാം സ്ഥാനം കരസ്ഥമാക്കി.

– സബ് ജില്ലാ ശാസ്ത്രമേളയിൽ സയൻസ് വിഭാഗത്തിൽ മൂന്നാം സ്ഥാനത്തിന് അർഹത നേടി.

**11. സെന്റ് തോമസ് എൽ. പി. എസ് നടവയൽ**

-വൈത്തിരി ഉപജില്ല പ്രവർത്തി പരിചയമേളയിൽ ഒന്നാം സ്ഥാനവും, ഉപജില്ല കായികമേളയിൽ എൽ. പി. മിനി വിഭാഗത്തിൽ ഓവറോൾ ട്രോഫിയും, ഉപജില്ല കലാമേളയിൽ റണ്ണേഴ് അപ്പ് സ്ഥാനവും നടവയൽ എൽ. പി. എസ്. കരസ്ഥമാക്കി.

– ജില്ലാ പ്രവർത്തി പരിചയമേളയിൽ എൽ. പി. വിഭാഗത്തിൽ ബെസ്റ്റ് സ്ക്കൂൾ പുരസ്കാരവും സ്ക്കൂളിനു ലഭിച്ചു.

**12. എ. എൽ. പി. എസ് കണിയാരം**

– കണിയാരം എ.എൽ.പി. സ്ക്കൂളിലെ ആദ്യ തലമുറയിലെ പൗളിൻ ടീച്ചറെ പൊന്നാടയണിയിച്ച് ആദരിച്ചു. സ്ക്കൂൾ മാനേജർ റവ. ഫാ. ജോർജ് മൈലാടൂർ പരിപാടി അദ്ധ്യക്ഷത വഹിച്ചു.

– ഭിന്നശേഷി ദിനമായ ഡിംസബർ 3 ന് സ്ക്കൂൾ അംഗണത്തിൽ വച്ച് ഭിന്നശേഷി കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി. തുടർന്ന് കുട്ടികളുടെ കലാപരിപാടികൾ നടത്തി.

**13. സെന്റ് ജോർജ് എൽ. പി. എസ്. കൊളവയൽ**

– ബത്തേരി സബ്ജില്ല കലോത്സവത്തിൽ അറബി പദ്യം ചൊല്ലൽ, സംഘഗാനം, അഭിനയഗാനം, ഗാനം, കഥപറയൽ, കൈയ്യെഴുത്ത്, ഖുറാൻ പാരായണം, പദനിർമ്മാണം എന്നിവയിൽ മികച്ച വിജയം കൈവരിക്കാൻ സാധിച്ചു.

**14. നിർമ്മല എച്ച്. എസ്. കബനിഗിരി**

– ജില്ലാ കായികമേളയിലും, ശാസ്ത്രമേളയിലും മികച്ച വിജയം

– പുൽപ്പള്ളി പെയിൻ ആൻഡ് പാലിയേറ്റീവിന് എല്ലാ മാസവും കുട്ടികളുടേയും, അദ്ധ്യാപകരുടേയും നിശ്ചിതതുക ശേഖരിച്ച് കാരുണ്യ ഫണ്ട് നൽകി വരുന്നു.

– അധ്യാപകരും, പി.ടി.എ. എക്സിക്യൂട്ടീവ് അംഗങ്ങളും ചേർന്ന് എസ്.എസ്.എൽ.സി കുട്ടികളുടെ വീടുകൾ സന്ദർശിച്ചു. നിർദ്ധന വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകി.

– മുള്ളൻകൊല്ലി കൃഷിഭവന്റെ നിർദേശ പ്രകാരം സ്ക്കൂളിൽ പഴം, പച്ചക്കറിത്തോട്ടം നട്ടുപിടിപ്പിച്ചു.

**15. അസംപ്ഷൻ യു.പി. സ്കൂ. ബത്തേരി**

ശാസ്ത്രോത്സവം – ബത്തേരി ഉപജില്ല ശാസ്ത്രോത്സവം 2016 സ്ക്കൂളിൽ വച്ച് നടന്നു. മുനിസിപ്പൽ ചെയർമാൻ ശ്രീ. സി.കെ. സഹദേവൻ ഉദ്ഘാടനം നിർവ്വഹിച്ചു. ജനപ്രതിനിധികൾ, മാനേജർ റവ. ഫാ. സ്റ്റീഫൻ കോട്ടക്കൽ എന്നിവർ പങ്കെടുത്തു.

- ഗണിതം യു. പി. വിഭാഗം റണ്ണറപ്പും, സോഷ്യൽ സയൻസ് യു. പി. വിഭാഗം ഓവറോളും, എൽ. പി. വിഭാഗം റണ്ണറപ്പും, കൂടാതെ ശാസ്ത്രമേളയിൽ എൽ. പി. ഓവറോളും, യു. പി. റണ്ണറപ്പും കരസ്ഥമാക്കി.

- കായികമേളയിൽ എൽ. പി. ജൂനിയർ ഗേൾസ് വിഭാഗത്തിൽ ഓവറോളും, കലാമേളയിൽ എൽ. പി. ജനറൽ, യു. പി. ജനറൽ, യു. പി. സംസ്കൃതം എന്നീ വിഭാഗങ്ങളിൽ ഓവറോളും കരസ്ഥമാക്കി.

കൃഷി വകുപ്പിന്റെ സാമ്പത്തിക സഹായം - സംസ്ഥാന കൃഷി വകുപ്പ് Institution vegetable garden പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ലക്ഷം രൂപയുടെ സാമ്പത്തിക സഹായം ലഭ്യമായി. സ്ക്കൂൾ പച്ചക്കറിത്തോട്ടം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

ജില്ലാ ഊർജ്ജ സംരക്ഷണ ദിനം - ഡിസംബർ 13 ദേശീയ ഊർജ്ജ സംരക്ഷണ ദിനത്തിന്റെ ഭാഗമായി ജില്ലാതല ഉദ്ഘാടനവും സെമിനാറും നടത്തി. മുനിസിപ്പൽ ചെയർമാൻ ശ്രീ. സി. കെ. സഹദേവൻ ഉദ്ഘാടനം നിർവ്വഹിച്ചു. മാനേജർ റവ. ഫാ. സ്റ്റീഫൻ കോട്ടക്കൽ അദ്ധ്യക്ഷത വഹിച്ചു. ടി.എൻ. സാബു, റ്റിജി ചെറുതോട്ടിൽ എന്നിവർ പ്രസംഗിച്ചു

**16. ഐ. ജെ. എം. എച്ച്. എസ്. എസ് കൊട്ടിയൂർ**

- സബ്ജില്ലാ, ജില്ലാതല സ്പോർട്സ്, യുവജനോത്സവം, ശാസ്ത്രമേള എന്നിവയിൽ മികച്ച വിജയം കൈവരിച്ചു.

- സബ്ജില്ലാ ഗണിത ശാസ്ത്രമേളയിൽ റണ്ണേഴ്സ് അപ്പ് കരസ്ഥമാക്കി.

ജല സംരക്ഷണ പരിപാടി - പഞ്ചായത്ത് ജലസംരക്ഷണ പരിപാടിയുടെ ഭാഗമായി കൊട്ടിയൂർ പഞ്ചായത്തും, അദ്ധ്യാപകരും, വിദ്യാർത്ഥികളും ചേർന്ന് 50 ഓളം തടയണ നിർമ്മിക്കുകയും പുഴ വൃത്തിയാക്കുകയും ചെയ്തു.

- സൗഹൃദ ക്ലബിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കായി ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തി. ഡോ. മനോജ്, ഡോ. റിറ്റ എന്നിവർ Reproductive Health നെ പറ്റിയും സി. പുഷ്പ ജോസ് Social and Mental Health എന്ന വിഷയത്തെക്കുറിച്ചുമാണ് ക്ലാസ്സ് എടുത്തത്. മദ്യം, മയക്കുമരുന്ന് ഇതിനെതിരെയുള്ള ബോധവൽക്കരണ ക്ലാസ്സുകൾ അദ്ധ്യാപികമാരായ ശ്രീമതി. ലിൻസി മേരി തോമസ്, വിൻസി ജോൺ എന്നിവർ നടത്തി.

കരിയർ ഇൻ ആർമി - വിവിധ സേനകളിലെ തൊഴിലവസരങ്ങളെ കുറിച്ച് Lef. കേണൽ ശ്രീ. നാരായണൻ ക്ലാസ്സെടുത്തു.

- Child care and help line ന്റെ പ്രാധാന്യത്തെപ്പറ്റി ശ്രീമതി. അജിത (Child line Kannur) ക്ലാസ്സെടുത്തു.

**ഫാ. ജോൺ പൊൻപാറയ്ക്കൽ**

കോർപ്പറേറ്റ് മാനേജർ

**ചരൽകുന്ന് നേതൃത്വ പരിശീലന ക്യാമ്പ്**

തിരുവല്ല, കോലഞ്ചേരി-ചരൽകുന്ന് വച്ച് കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വ പരിശീലന ദ്വിദിനക്യാമ്പ് 2016 ഡിസംബർ 11,12 തീയതികളിൽ നടന്നു. എല്ലാ രൂപതകളിൽ നിന്നും ലീഡർമാർ സംബന്ധിച്ചു. മാനന്തവാടിയിൽ നിന്നും ശ്രീ. ജോയി പുളിക്കൽ, ശ്രീ. ബേബി ഇളയിടത്ത്, ശ്രീ. ചാർളി തെനംകലിൽ, ശ്രീ. പീറ്റർ ഞറള ക്കാട്ട്, ശ്രീ. സൈമൺ ആനപ്പാറ എന്നിവർ പങ്കെടുത്തു. രൂപത, മേഖല, ശാഖാ പ്രവർത്തനങ്ങൾ ശക്തമാക്കുവാൻ ആവശ്യമായ മാർഗ്ഗരേഖ കൾ പങ്കെടുത്തവർക്ക് നൽകി.

**അംഗത്വകാർഡ് വിതരണം**

ഇടവകകളിൽ AKCC യുടെ അംഗത്വകാർഡ് വിതരണം ആരംഭിച്ചു. ധാരാളം പേർ അംഗങ്ങളായി ചേരുന്നു എന്ന കാര്യം സന്തോ ഷപൂർവ്വം ഓർക്കുന്നു. ഇടവകകളിലെ പ്രവർത്തനങ്ങൾക്ക് ബഹു. വികാരി അച്ചന്മാരുടെ നല്ല സപ്പോർട്ട് ലഭിക്കുന്നു. ബഹു. അച്ചന്മാരെ നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

**മണ്ണുവയൽ**

സെന്റ് സെബാസ്റ്റ്യൻ ഇടവക 11-12-16 ന് ഞായറാഴ്ച വി.കുർബാ നയും, AKCC യെക്കുറിച്ചുള്ള വിവരണവും രൂപതാ ഡയറക്ടർ നടത്തി. ബഹു. സെബാസ്റ്റ്യൻ കീഴേത്ത് വികാരി അച്ചൻ ഊഷ്മളമായ സ്വീക രണം നൽകിയതും, ജനങ്ങളെ അഭിസംബോധന ചെയ്ത് പ്രസംഗി ച്ചതും സ്നേഹത്തോടെ ഓർക്കുന്നു. കത്തോലിക്കാ കോൺഗ്രസ് കാല ഘട്ടത്തിന്റെ ആവശ്യമാണെന്ന് അച്ചൻ അനുസ്മരിപ്പിച്ചു. ഇടവകയിൽ സംഘടന ശക്തമാക്കുവാൻ ആഹ്വാനം ചെയ്തു.

**തരിയോട് ഫൊറോന കൗൺസിൽ**

18-12-16 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് തരിയോട് ഫൊറോ നയിലെ ഇടവകകളിൽ നിന്നും പ്രതിനിധികൾ ഫൊറോനപള്ളി ഓഡി റ്റോറിയത്തിൽ സമ്മേളിച്ചു. പ്രാർത്ഥനയോടെ ആരംഭിച്ചയോഗത്തിന് ശ്രീ. സൈമൺ ആനപ്പാറ (രൂപതാസെക്രട്ടറി) സ്വാഗതം പറഞ്ഞു. അദ്ധ്യക്ഷൻ രൂപതാ പ്രസിഡന്റ് ശ്രീ. പീറ്റർ ഞറളക്കാട്ട് യോഗം ഉദ്ഘാ ടനം ചെയ്തു. രൂപതാ ഡയറക്ടറച്ചൻ കത്തോലിക്കാ കോൺഗ്രസ് ഫൊറോനയിൽ ശക്തമാകേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കി.

കാര്യക്ഷമമായ ചർച്ചകൾ അംഗങ്ങൾ നടത്തി. ഫൊറോനയിൽ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാൻ തീരുമാനിച്ചു. ശാഖാ തെരഞ്ഞെടുപ്പുകൾ നടത്താത്തിടത്ത് കഴിവതും വേഗം തെരഞ്ഞെടുപ്പുകൾ നടത്തുവാൻ നിശ്ചയിച്ചു. അതിന് ശേഷം കൂടുതൽ അംഗങ്ങളെ സംബന്ധിപ്പിച്ച് മേഖലാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടത്തുവാൻ തീരുമാനിച്ചു. അതുവരെ നേതൃത്വം നൽകുവാൻ ശ്രീ. ജോസ് പാലയ്ക്കാത്തടത്തിൽ, ശ്രീ. പൈലി പാറയിൽ എന്നിവരെ നിയോഗിച്ചു. സമ്മേളനം വളരെ ഭംഗിയായി, ചിട്ടയായി ക്രമീകരിച്ച് പങ്കെടുത്തവരെ സ്വാഗതം ചെയ്ത ബഹു. ഫൊറോന വികാരി ജോണി കുന്നത്തച്ചനേയും ഇടവകയുടെ കൈക്കാരന്മാരെയും വളരെ നന്ദിയോടെ സ്നേഹത്തോടെ ഓർക്കുന്നു.

**2016 ക്രിസ്തുമസ് നവവത്സര ആശംസകൾ**

AKCC പ്രവർത്തകർക്കും, അംഗങ്ങൾക്കും, അനുഭാവികൾക്കും, സ്നേഹിതർക്കും, സുഹൃത്തുക്കൾക്കും, സമാഗതമാകുന്ന തിരുപ്പിറവിയുടെയും നവവത്സരത്തിന്റെയും ആശംസകൾ

**ഫാ. ചാണ്ടി പുനക്കാട്ട്**
രൂപതാ ഡയറക്ടർ AKCC

# ഡി.എഫ്.സി. മാനന്തവാടി രൂപത

**രൂപതാ നേതൃത്വ പരിശീലനക്യാമ്പ്**

നമ്മുടെ രൂപതയിൽ നേതൃത്വഗുണവും സമുദായ സ്നേഹവുമുള്ള ഒരു ടീമിനെ വാർത്തെടുക്കുന്നതിന് ഡി.എഫ്.സി.യുടെ നേതൃത്വത്തിൽ 2016 നവംബർ 25,26 തീയതികളിലായി നേതൃത്വ പരിശീലനക്യാമ്പ് നടന്നു. വാർത്താമാധ്യമങ്ങൾ വ്യക്തി ജീവിതത്തിൽ നിർണ്ണായകസ്വാധീനം ചെലുത്തുന്ന കാലഘട്ടത്തിൽ ധാർമ്മിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ദീപികയെ അടുത്തറിയുന്നതിനും നവമാധ്യമലോകത്തെ പ്രവണതകളെ വിവേചിച്ചറിഞ്ഞ് വിശുദ്ധവും സദോന്മുഖവുമായ ചിന്താധാരയിലേക്ക് അംഗങ്ങളെ നയിക്കാൻ പര്യാപ്തവുമായിരുന്നു രണ്ടുദിനങ്ങളിലായി നടന്ന ക്യാമ്പ്. മാധ്യമജാഗ്രതാ സമിതി എന്ന നിലയിൽ മാധ്യമലോകത്തെ ദുഷിച്ച പ്രവണതകളേയും ആശയങ്ങളേയും ചിത്രീകരണങ്ങളേയും തിരിച്ചറിയുന്നതിനും ക്രിയാത്മകമായ ഇടപെടലുകൾ നടത്തുന്നതിനും ഉതകുന്ന കാഴ്ചപ്പാടുകൾ വിവിധ സെക്ഷനുകളിലൂടെ അംഗങ്ങൾക്കു ലഭിച്ചു. വ്യക്തികളുടെ സ്വതന്ത്രചിന്തകൾക്ക് കൂച്ചുവിലങ്ങിട്ട് സ്വാർത്ഥതാൽപര്യങ്ങൾ മാത്രം ലക്ഷ്യംവെച്ച് പ്രവർത്തിക്കുന്ന ചില മാധ്യമഭീമന്മാരുടെ തനിനിറം നാം തിരിച്ചറിയേണ്ടതുണ്ട്. ക്രൈസ്തവസഭയേയും സഭയുടെ ആചാരാനുഷ്ഠാനങ്ങളേയും ഭക്താഭ്യാസങ്ങളേയും അവഹേളിക്കുകയും സഭയ്ക്കും സമൂഹത്തിനും വേണ്ടി പ്രവർത്തിക്കുന്ന സമർപ്പിതരെ നിന്ദിക്കുകയും ചെയ്യുന്ന തലത്തിലേക്ക് മാധ്യമപ്രവർത്തനം ഇന്ന് തരം താണിരിക്കുന്നു. ഈ ഒരു സാഹചര്യത്തിൽ ഡി.എഫ്.സി.യുടെ ശക്തമായ സാന്നിദ്ധ്യം ദീപിക പത്രത്തിന്റേയും മറ്റ് പ്രസിദ്ധീകരണങ്ങളുടേയും പ്രചുരപ്രചാരത്തിന് നിർണായകമാണെന്ന ബോധ്യത്തിലേയ്ക്ക് ക്യാമ്പ് അംഗങ്ങളെ നയിക്കാൻതക്ക ശക്തമായ ക്ലാസുകളും ചർച്ചകളും നടന്നു.

25-ാം തീയതി രാവിലെ 9.30 ന് രജിസ്ട്രേഷൻ ആരംഭിച്ചു. ക്യാമ്പിൽ വിവിധ ഇടവകകളിൽ നിന്നായി 125 അംഗങ്ങൾ പങ്കെടുത്തു. രാഷ്ട്രദീപിക ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ഡോ.മോൺ. മാണി പുതിയിടം ക്യാമ്പ് ഉദ്ഘാടനം ചെയ്തു. മാനന്തവാടി രൂപതാ വികാരിജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രൂപതാ പ്രസിഡണ്ട് ശ്രീ. അലക്സ് കടേക്കാട്ട് സ്വാഗതം ആശംസിച്ചു. റവ.ഫാ. ജോയ്സ് വയലിൽ (റസിഡന്റ് മാനേജർ, കോഴിക്കോട്), റവ.ഫാ. സുനിൽ വട്ടുകുന്നേൽ (ഡി.എഫ്.സി. മാനന്തവാടി രൂപതാ ഡയറക്ടർ), അഡ്വ. ജോർജ് വട്ടുകുളം (ഡി.എഫ്.സി. സംസ്ഥാന സെക്രട്ടറി) എന്നിവർ ആശംസകളർപ്പിച്ചു. സഭയുടെ ശബ്ദമായ ദീപികദിനപത്രം ഓരോ ക്രൈസ്തവ കുടുംബങ്ങളിലും എത്തിക്കേണ്ടതിന്റെ ആവശ്യകത വികാരിജനറാൾ ബഹു. മാത്യു മാടപ്പള്ളിക്കുന്നേൽ തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ എടുത്തുപറഞ്ഞു.

മോൺ. മാണി പുതിയിടം അച്ചന്റെ ഉദ്ഘാടനപ്രസംഗം വളരെ വിജ്ഞാന പ്രദവും ദീപിക ഫ്രണ്ട്സ്ക്ലബിന്റെ പ്രസക്തി എന്തെന്ന് അംഗങ്ങൾക്ക് ബോധ്യം നൽകുന്നതുമായിരുന്നു. ഇതൊരു മാധ്യമ ജാഗ്രതാ സമിതിയാണെന്നും സഭയ്ക്കും സമുദായത്തിനും വേണ്ടി ദീപിക ചെയ്യുന്ന സേവനങ്ങളെ പൊതുജനമധ്യത്തിൽ എത്തിക്കുന്നതിന് ഡി.എഫ്.സി. യുടെ പ്രവർത്തനങ്ങൾക്ക് കഴിയണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു.

ദീപിക ഫ്രണ്ട്സ്ക്ലബ് പ്രവർത്തനം സമുദായത്തിന്റെ പുതുമുന്നേറ്റം എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഡി.എഫ്.സി. താമരശ്ശേരി രൂപതാ ഡയറക്ടർ ഫാ. സായി പാറകുളങ്ങര ക്ലാസെടുത്തു. ദീപിക ചീഫ്എഡിറ്റർ റവ.ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ വാർത്തകളുടെ ഉള്ളടക്കവുമായി ബന്ധപ്പെട്ട ക്ലാസ് നയിച്ചു. ഡപ്യൂട്ടി മാനേജിംഗ് ഡയറക്ടർ ഡോ.താർസീസ് ജോസഫ് ദീപിക ഫ്രണ്ട്സ് ക്ലബും സാമൂഹിക പ്രതിബദ്ധതയും എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് നയിച്ചു.

നവമാധ്യമലോകം, മാധ്യമങ്ങളും വായനാശീലവും, ദീപികാഫ്രണ്ട്സ് ക്ലബും പരസ്യങ്ങളും, ദീപിക അനുബന്ധ പ്രസിദ്ധീകരണങ്ങൾ, ദീപിക സാമ്പത്തിക സ്ഥിതി അവലോകനം, വാർഷികവരിസംഖ്യാ പദ്ധതിയും പത്രവിതരണവും, ഡി.എഫ്.സി. പ്രവർത്തനങ്ങൾ ഒരവലോകനം, പത്രവിതരണത്തിലെ ബുദ്ധിമുട്ടുകൾ എങ്ങിനെ പരിഹരിക്കാം. ഡി.എഫ്.സി. പ്രായോഗികതലത്തിൽ എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് റവ.ഫാ. സെബാൻ ഇടയാടിയിൽ, സി.കെ. കുര്യാച്ചൻ, കെ.സി.തോമസ്, ഫാ. അഗസ്റ്റിൻ കിഴക്കയിൽ, എം.എം ജോർജ്ജ്, ജോസഫ് ഓലിക്കൽ, ഡോ.സണ്ണി വി സ്ക്കറിയ, ഡി.പി. ജോസ്, ഫാ.സുനിൽ വട്ടുകുന്നേൽ എന്നിവർ യഥാക്രമം ക്ലാസുകൾ നയിച്ചു. തുടർന്ന് മാണിയച്ചനുമായി നടത്തിയ അഭിമുഖം ദീപികയെ കൂടുതൽ അടുത്തറിയാൻ ക്യാമ്പംഗങ്ങൾക്ക് അവസരമൊരുക്കി. പ്രാർത്ഥനയോടെ കൃത്യം 10 മണിക്കുതന്നെ ഒന്നാംദിന പരിപാടികൾ അവസാനിച്ചു.

രണ്ടാംദിനം ഫാ. ബെന്നി മുണ്ടനാട്ട് അർപ്പിച്ച ദിവ്യബലിയോടെ ആരംഭിച്ചു. പ്രഭാതഭക്ഷണത്തിനുശേഷം 8.30 ന് ഡി.എഫ്.സി. സംസ്ഥാന ഡയറക്ടർ റവ.ഫാ. റോയി കണ്ണംചിറ സി.എം.ഐ., 'ദീപിക ഫ്രണ്ട്സ് ക്ലബ് ഇന്ന് നാളെ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ക്ലാസെടുത്തു. ദീപികയുടെ സ്വന്തം കൊച്ചേട്ടനായ റോയി അച്ചന്റെ ക്ലാസ് ആശയങ്ങൾ കൊണ്ടും, വാക് വിലാസം കൊണ്ടും ക്യാമ്പംഗങ്ങൾക്ക് ഒരു നവ്യാനുഭവമായിരുന്നു.

9.30 ന് ഡി.എഫ്.സി. യുടെ ഒരു വർഷത്തെ പ്രവർത്തനങ്ങൾ ഫൊറോനാതലത്തിൽ ഗ്രൂപ്പ് തിരിഞ്ഞ് ചർച്ച ചെയ്തു. വിൻസെന്റ് മോളത്ത്, പ്രിൻസ് വടക്കേഓലക്കൽ, ജോഷി പാലമൂട്ടിൽ, റോയി ആന്റണി മുണ്ടാടൻ, തോമസ് പാരിയത്ത്, ജിജോ ഇടംപറമ്പിൽ, പീറ്റർ ഞരളക്കാട്ട്, ജോയി ചെട്ടിമറ്റത്തിൽ, സജിത് ചേവരംകുഴി, അഗസ്റ്റിൻ കൊടിയംകുന്നേൽ, സണ്ണി ജോർജ്, സന്തോഷ് പ്ലാക്കാട്ട്, വിറ്റാജ് എം.എ., സിബി സെബാസ്റ്റ്യൻ, മത്തായി ദേവസ്യ, വിപിൻ കെ.ജെ., ഷിബു പി.എം. എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി. തുടർന്ന് മേഖലാ ഭാരവാഹികൾ റിപ്പോർട്ട് അവതരിപ്പിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി പോളി അഗസ്റ്റിൻ മോഡറേറ്ററായിരുന്നു. ഓരോ മേഖലയിലും ഡി.എഫ്.സി. യുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനും ഇതര മേഖലയിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്നതിനും പ്രസ്തുത ചർച്ചയിലൂടെ കഴിഞ്ഞു.

രൂപതാസമിതിയംഗങ്ങളായ അലക്സ് കടേക്കാട്ട്, ഫ്രാൻസീസ് പള്ളിക്കമ്യാലിൽ, ബെന്നി പൂത്തറയിൽ, സജി പൂവാറ്റിൻചിറ തുടങ്ങിയവർ ഫാ. സുനിൽ വട്ടുകുന്നേലിന്റെ നേതൃത്വത്തിൽ ചർച്ച ചെയ്ത് രൂപപ്പെടുത്തിയ പ്രവർത്തനപദ്ധതി സെക്രട്ടറി ഫ്രാൻസീസ് പള്ളിക്കമ്യാലിൽ അവതരിപ്പിച്ചു.

ഡി.എഫ്.സി. സംസ്ഥാന ഡയറക്ടർ റവ.ഫാ. റോയി കണ്ണംചിറയുമായുള്ള മുഖാമുഖം പരിപാടി ക്യാമ്പംഗങ്ങളുടെ സംശയനിവാരണത്തിനുതകുന്നതായിരുന്നു. ക്യാമ്പ് അവലോകനത്തിൽ ക്യാമ്പ് ഒരുവൻ വിജയമായിരുന്നു എന്നും വിവിധ വിഷയങ്ങളെക്കുറിച്ച് ലഭിച്ച ക്ലാസ്സുകൾ ഒന്നിനൊന്ന് മികച്ചതായിരുന്നു എന്നും വിലയിരുത്തപ്പെട്ടു. ക്യാമ്പിലെ സമയക്രമീകരണം ഏവരുടേയും പ്രശംസ പിടിച്ചുപറ്റുന്നതായിരുന്നു. ഡി.എഫ്.സി. യുടെ കർമ്മധീരരായ പ്രവർത്തകർക്ക് ഊർജ്ജവും, ഉന്മേഷവും നൽകുന്നതായിരുന്നു ക്യാമ്പ്.

മൂന്നുമണിക്ക് ക്യാമ്പിന്റെ സമാപനസമ്മേളനം ആരംഭിച്ചു. ഡി.പി. ജോസ് (അസി.ജനറൽ മാനേജർ സർക്കുലേഷൻ) സ്വാഗതം ആശംസിച്ചു. മാനന്തവാടി രൂപതാ മെത്രാൻ മാർ ജോസ് പൊരുന്നേടം മുഖ്യസന്ദേശം നൽകി. മാധ്യമലോകത്ത് ദീപികയുടെ പ്രസക്തി പിതാവ് എടുത്തുപറഞ്ഞു. മൂല്യച്യുതി നേരിടുന്ന, ജീർണ്ണത ബാധിച്ച, വാർത്തകൾ വക്രീകരിക്കപ്പെടുന്ന ഇന്നത്തെ മാധ്യമലോകത്ത് ഒന്നേകാൽ നൂറ്റാണ്ടായി ധാർമ്മികമൂല്യങ്ങൾക്കും സാമൂഹ്യ പ്രശ്നങ്ങൾക്കും വേണ്ടി നിലകൊള്ളുന്ന ദീപികയുടെ അക്ഷരത്തുടിപ്പുകൾ ഡി.എഫ്.സി. യിലൂടെ ജനഹൃദയങ്ങളിലെത്തട്ടെ എന്നും, ബൗദ്ധികചിന്തകളെ ക്രൈസ്തവോന്മുഖമായി രൂപപ്പെടുത്തുവാൻ കഴിയട്ടെ എന്നും പിതാവ് ആശംസിച്ചു. പ്രിൻസി ജോസ് (യൂണിറ്റ് സർക്കുലേഷൻ മാനേജർ) സമ്മേളനത്തിന് കൃതജ്ഞത അർപ്പിച്ചു.

ക്യാമ്പിന്റെ വിജയത്തിനായി കഠിനാധ്വാനം ചെയ്ത ഡയറക്ടർ സുനിൽ വട്ടുകുന്നേലച്ചനേയും, ദീപികാ നേതൃത്വത്തേയും, രൂപതാ മേഖലാ ഭാരവാഹികളേയും നന്ദിയോടെ ഓർക്കുന്നു.

**സൗജന്യകലണ്ടർ വിതരണം**

ഡി.എഫ്.സി. മൂലങ്കാവ് ദീപിക വരിക്കാർക്ക് സൗജന്യമായി ദീപിക കലണ്ടർ വിതരണം ചെയ്ത് മാതൃകകാട്ടി. മൂലങ്കാവ് യൂണിറ്റിന് അഭിനന്ദനങ്ങൾ.

**ക്രിസ്തുമസ് ഗാനമത്സരം**

മണിമൂളി ഫൊറോന മാതൃസംഘത്തിന്റെ നേതൃത്വത്തിൽ ക്രിസ്തുമസ് കരോൾ ഗാനമത്സരം നടത്തി. വിജയികളായവർക്ക് ഡി.എഫ്.സി. യുടെ ആഭിമുഖ്യത്തിൽ ട്രോഫികൾ വിതരണം ചെയ്തു. അഭിനന്ദനങ്ങൾ നേരുന്നു.

**ദമ്പതീ സെമിനാർ**

മാനന്തവാടി കത്തീഡ്രൽ ഇടവകയിലെ ഡി.എഫ്.സി. യൂണിറ്റിന്റേയും കുടുംബനവീകരണ സെല്ലിന്റേയും സംയുക്താഭിമുഖ്യത്തിൽ വിവാഹജീവിതത്തിൽ പത്തുവർഷം പൂർത്തിയാക്കിയ ദമ്പതികൾക്കായി ത്രിദിന സായാഹ്ന സെമിനാർ നടത്തി. കത്തീഡ്രൽ വികാരിയും മാനന്തവാടി ഫൊറോന ഡി.എഫ്.സി. ഡയറക്ടറുമായ റവ.ഫാ. ജോർജ് മൈലാടൂർ സെമിനാർ ഉദ്ഘാടനം ചെയ്തു. മാറിവരുന്ന സാമൂഹിക സാമ്പത്തിക സാംസ്കാരിക ചുറ്റുപാടുകളിൽ ദാമ്പത്യജീവിതത്തിലുണ്ടാകുന്ന പൊരുത്തക്കേടുകൾക്കും തകർച്ചകൾക്കും പരിഹാരം

കണ്ടെത്തി കുടുംബജീവിതം കെട്ടുറപ്പോടെ മുൻപോട്ടുകൊണ്ടു പോകേണ്ടതിന്റെ ആവശ്യകത അച്ചൻ തന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചു. സെമിനാറിന് റവ.ഫാ. ചാണ്ടി പുനക്കാട്ട് നവീകരണ രംഗത്ത് പ്രവർത്തിക്കുന്ന ജോസ്-മോളി ദമ്പതികൾ, ഫാമിലി അപ്പസ്തോലേറ്റ് ടീം അംഗമായ ഗ്രേസി എന്നിവർ ക്ലാസുകൾ നയിച്ചു. ഡി.എഫ്.സി. യൂണിറ്റ് ഭാരവാഹികളും, പുന്നക്കുഴി ജോസ് എമിലി, ആര്യപ്പള്ളി അഗസ്റ്റിൻ മേഴ്സി, പള്ളിക്കമ്യാലിൽ ഫ്രാൻസീസ് ലിസി ദമ്പതികളും സെമിനാറിന് നേതൃത്വം നൽകി. ഡി.എഫ്.സി. കത്തീഡ്രൽ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ വിവിധ മേഖലകളിലായി നടന്നുവരുന്നു. സാമ്പത്തികം, കുടുംബനവീകരണം, സാമൂഹ്യസേവനം, പത്രപ്രവർത്തനം എന്നീ മേഖലകളിൽ ഡി.എഫ്.സി. അംഗങ്ങൾക്ക് ചുമതലകൾ നൽകി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

**ഡി.എഫ്.സി. പ്രവർത്തന പദ്ധതി**

- ഡി.എഫ്.സി. യൂണിറ്റുകൾ രൂപീകരിക്കപ്പെടാത്ത ഇടവകകളിൽ ഫൊറോന ഭാരവാഹികൾ സന്ദർശനം നടത്തി വികാരിയച്ചന്മാരെ കണ്ട് യൂണിറ്റുകൾ രൂപീകരിക്കുക.
- ഡിസംബർ 31 ന് മുൻപായി എല്ലാ ഇടവകകളിലും സ്ക്വാഡ്വർക്ക് നടത്തി ഇടവകയിലെ 25% ഭവനങ്ങളെയെങ്കിലും ദീപിക വരിക്കാരാക്കുക.
- ഇടവകകളിൽ നിന്നുള്ള വിവാഹവാർഷികം, ഉപകാരസ്മരണ, ചരമവാർത്തകൾ, ചരമവാർഷികം തുടങ്ങിയവയുടെ പരസ്യങ്ങൾ ദീപിക ഓഫീസിലെത്തിക്കാൻ യൂണിറ്റിൽ നിന്ന് ഒരു ഡി.എഫ്.സി. അംഗത്തെ ചുമതലപ്പെടുത്തുക.
- എല്ലാ ഇടവക പള്ളികളുടെ സമീപവും ദീപിക പത്രത്തിന്റെ പരസ്യം സ്ഥാപിക്കുക.
- ഓരോ ഇടവകയിലും മാർച്ച് 31 ന് മുൻപായി മറ്റു സംഘടനകളോട് ചേർന്ന് സാമൂഹ്യപ്രവർത്തനങ്ങൾ നടത്തുക.
- ഇടവക, ഫൊറോന, രൂപതാതലങ്ങളിൽ ഓരോ മാസവും രണ്ടാം ഞായറാഴ്ച ഭാരവാഹികളുടെ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തി മിനിറ്റ്സ് തയ്യാറാക്കുക.
- ഫൊറോനാ ഭാരവാഹികൾ ഇടവകതലത്തിലുള്ള പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും നൽകി പ്രോത്സാഹിപ്പിക്കുക.
- മികച്ച പ്രവർത്തനം നടത്തുന്ന ഇടവകയ്ക്കും ഫൊറോനക്കും അംഗീകാരം നൽകും.
- എല്ലാ മാസവും 18-ാം തീയതിക്കു മുൻപായി പ്രവർത്തനറിപ്പോർട്ട് ഇടവകയിൽ നിന്നും രൂപതാ സമിതിക്ക് എത്തിച്ചു നൽകണം.
- ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി ഫൊറോന കൺവെൻഷനുകൾ നടത്തണം. കൺവെൻഷനിൽ വിവിധ സംഘടനാ ഭാരവാഹികൾ, മതാധ്യാപകർ, പാരീഷ് കൗൺസിൽ അംഗങ്ങൾ, ഫൊറോന കൗൺസിൽ അംഗങ്ങൾ, ഡി.എഫ്.സി. ഭാരവാഹികൾ എന്നിവരെ ഉൾപ്പെടുത്തണം. തീയതികൾ മുൻകൂട്ടി രൂപതാ സമിതിയെ അറിയിക്കണം.

**ഫ്രാൻസീസ് പള്ളിക്കമ്യാലിൽ**
ഡി.എഫ്.സി രൂപതാ സെക്രട്ടറി



# അറിയിപ്പുകൾ

**1) ആത്മവിശുദ്ധീകരണ മരിയൻ ഹോംമിഷൻ**

മാനന്തവാടി രൂപത SABS സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ, ഇടവക സമൂഹത്തിൽനിന്നും വിശ്വാസജീവിതത്തിൽ നിന്നും അകന്ന്, മദ്യത്തിനും മയക്കുമരുന്നിനും മറ്റു ദുശീലങ്ങൾക്കും അടിമപ്പെട്ട്, കൂദാശാജീവിതം ഉപേക്ഷിച്ച് ജീവിക്കുന്ന വ്യക്തികളെയും കുടുംബങ്ങളെയും കണ്ടെത്തി പ്രാർത്ഥിക്കുകയും, അവരെ ധ്യാനത്തിനും മറ്റു ജീവിത നവീകരണ പ്രവർത്തനങ്ങളിലേയ്ക്കും നയിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സിസ്റ്റേഴ്സിന്റെ കൂട്ടായ്മയാണ് ആത്മവിശുദ്ധീകരണ മരിയൻ ഹോംമിഷൻ. വളരെയേറെ പ്രാർത്ഥിച്ചും ത്യാഗപൂർവ്വം ഒരുങ്ങിയും, വ്യക്തികളെയും കുടുംബങ്ങളെയും സന്ദർശിച്ച് അവരെ ജീവിതനവീകരണത്തിലേയ്ക്ക് നയിക്കുന്ന ഈ കൂട്ടായ്മ കഴിഞ്ഞ 5 വർഷമായി വളരെ നിശബ്ദമായി നമ്മുടെ രൂപതയിലെ ഒത്തിരി ഭവനങ്ങളെയും വ്യക്തികളെയും കണ്ടെത്തി ആത്മരക്ഷയിലേയ്ക്ക് നയിച്ചിട്ടുണ്ട്. വിശ്വാസസമൂഹത്തിന്റെ ആത്മീയവും അജപാലനപരവുമായ ജീവിത നവീകരണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഈ കൂട്ടായ്മയുടെ ശുശ്രൂഷ നമ്മുടെ രൂപതയിലെ ഇത്തരത്തിൽ കഴിയുന്ന എല്ലാ കുടുംബങ്ങൾക്കും വ്യക്തികൾക്കും നൽകുവാൻ ആഗ്രഹമുണ്ട്. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ അറിയിച്ചാൽ ഞങ്ങൾ പ്രാർത്ഥനാപൂർവ്വം ഇവരുടെ ഭവനങ്ങൾ സന്ദർശിച്ച് ഇവർക്കുവേണ്ടി പ്രാർത്ഥിച്ച് ഒരുക്കുന്നതാണ്.

**2) ആത്മവിശുദ്ധീകരണ ധ്യാനം**

മാനന്തവാടി രൂപതയിൽ പരിശുദ്ധ കുർബാനയുടെ ആരാധന സന്യാസിനി സമൂഹത്തിന്റെ ആത്മീയ നേതൃത്വത്തിൽ നടത്തിവരുന്ന ഹോംമിഷൻ ശുശ്രൂഷയുടെ ഭാഗമായി ആത്മവിശുദ്ധീകരണ മരിയൻധ്യാനം ബോയ്സ് ടൗണിൽ നടത്തിവരുന്നു. പരിശുദ്ധ അമ്മയുടെയും, മദ്യപാനികളുടെ മദ്ധ്യസ്ഥനായ ധന്യൻ മാറ്റ് ടാൽബോത്തിന്റേയും പ്രത്യേകം മദ്ധ്യസ്ഥതയിലും സംരക്ഷണത്തിലും ആശ്രയിച്ചുകൊണ്ട് നടത്തുന്ന ധ്യാനത്തിന് 100 സീറ്റുകളാണ് ഉള്ളത്. മദ്യത്തിനും മറ്റു ദുശ്ശീലങ്ങൾക്കും അടിമപ്പെട്ട് ജീവിത തകർച്ചയും മറ്റ് അസ്വസ്ഥതകളും അനുഭവിക്കുന്ന വ്യക്തികളുടേയും കുടുംബങ്ങളുടേയും ജീവിതനവീകരണം ലക്ഷ്യമാക്കി നടത്തുന്ന ധ്യാനത്തിൽ പ്രത്യേക വിടുതൽ രോഗശാന്തിശുശ്രൂഷയും, സ്പിരിചൽ കൗൺസിലിംഗ് സൗകര്യവും ഉണ്ടായിരിക്കുന്നതാണ്. ഇടവകതലത്തിലും ധ്യാനം ക്രമീകരിച്ചിരിക്കുന്നു.

**2017 ജനുവരി മുതൽ മാർച്ച് വരെയുള്ള പ്രോഗ്രാമുകൾ**

ജനുവരി 18-21, ഫെബ്രുവരി 15-18, മാർച്ച് 15-18

ഇടവകയിൽനിന്ന് ധ്യാനത്തിന് സംബന്ധിക്കുവാൻ താല്പര്യമുള്ളവരെ പറഞ്ഞുവിടുമല്ലോ. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ധ്യാനം ബുധൻ 10.00 am ന് ആരംഭിച്ച് ശനി 4.00 pm ന് അവസാനിക്കുന്നതാണ്. ഇടവക ധ്യാനങ്ങൾക്കും, മറ്റു ധ്യാനങ്ങൾക്കും മറ്റു വിവരങ്ങൾക്കുമായി താഴെ പറയുന്ന നമ്പറുകളിലേക്ക് വിളിക്കുമല്ലോ. ബന്ധപ്പെടുക: 04935-240815, 9497135905, 8547953581, 8086539498

**SABS മദർ പ്രൊവിൻഷ്യൽ, ദ്വാരക, മാനന്തവാടി**

# Pastoral Centre Programme



## January 2017

| | |
|---|---|
| 2 | CCF |
| 3 | KCYM Regional Directors & Animators meeting |
| 7 | Zion |
| 8-11 | Marriage Preparation Course |
| 13 | KCYM Secretariate & Syndicate |
| 14 | HDC |
| 14 | KCYM Inauguration of the new working year |
| 15-19 | Zion Retreat |
| 25-26 | Department of Youth Ministry Meeting |
| 26 | CML Varshikam |
| 27-30 | Marriage Preparation Course |
| 28 | Catechism +1, +2 Absentees Sangamam |
| 30 Feb 3 | Young Priest's Seminar |

**Fr. Mathew Periappuram**
Director, Pastoral Centre

# Bishop's Programme



***January 2017***

| | |
|---|---|
| *2 Mon ..................* | *Dwaraka: CCF Seminar* |
| *3 Tue Morning ....* | *Kelakam: Ordination of Dn. Varghese (Jinto) Thattuparambil* |
| *Afternoon ....* | *Padichira: Anniversary and Blessing of New School Building* |
| *4 Wed .................* | *Kayyunni: School Anniversary* |
| *5 Thu 6 Fri ..........* | *Out of Station* |
| *7 Sat ....................* | *Nilambur: Blessing of New School building* |
| *8 Sun 14 Sat ........* | *Synod* |
| *15 Sun ..................* | *Chithragiri: Jubilee Conclusion of the Parish* |
| *16 Mon ..................* | *Engaged* |
| *19 Thu Morning......* | *Vincentgiri: General Synaxis* |
| *Afternoon........* | *Nadavayal: Jubilee of the School* |
| *20 Fri ....................* | *Out of Station* |
| *22 Sun ..................* | *Edappatty: Holy Mass* |
| *23 Mon .................* | *Visitors' Day* |
| *25 Wed ..................* | *Palchuram: Blessing of the newly constructed church & Presbytery* |
| *Afternoon......* | *New Priests' Reception.* |
| *26 Thu ..................* | *Holy Mass with New Priests.* |
| *.................* | *CML Anniversary* |
| *27 Fri ....................* | *Out of Station* |

*28 Sat ..................... To Gudalloor*

*29 Sun .................... Dharmagiri: Pastoral Visit*

*30 Mon .................. Junior Priests' Meet*

*31 Tue Afternoon.... Platinum Jubilee of Payyampally Higher Secondary School.*

***February 2017***

*Jan 30 Mon Feb 2 Thu Junior Priests' Meet*

*3 Fri ..................... Out of Station*

*4 Sat ..................... Mary Matha College*

*5 Sun .................... Rippon: Jubilee of the Parish*

*6 Mon ................. Out of Station*

*7 Tue .................. Pulpally: Jubilee of Kripalaya Special School*

*8 Wed .................. Visitors' Day*

*9 Thu .................. S.H. Provincial House*

*10 Fri .................... Out of Station*

*11 Sat ..................... Kurumani: Jubilee Inauguration of the Parish*

*13 Mon .................. Engaged*

*14 Tue .................... Manimooly: Joint Curia Meeting*

*15 Wed .................. Consultors and Finance Council*

*16 Thu .................... Mothakkara: Jubilee Conclusion of the Parish*

*17 Fri .................... Out of Station*

*18 Sat ..................... Kalpra: Chapel Blessing*

*22 Wed .................. Visitors' Day*

*23 Thu .................. Out of Station*

*25 Sat Morning...... Meeting of the Office Bearers*

*Afternoon...... To Ootty*

*26 Sun 27 Mon ...... Ootty: Pastoral Visit*